ഒമ്പതാം പദ്ധതി ജനകീയ പദ്ധതി



# ജനകീയാസൂത്രണ പ്രസ്ഥാനം
# പ്രഥമ വികസന റിപ്പോർട്ട്

# കടങ്ങോട് ഗ്രാമപഞ്ചായത്ത്

1996

83-3

# ഒമ്പതാം പദ്ധതി

# ജനകീയ പദ്ധതി

# ജനകീയാസൂത്രണ പ്രസ്ഥാനം

# പ്രഥമ വികസന റിപ്പോർട്ട്

# കടങ്ങോട് ഗ്രാമ പഞ്ചായത്ത്

# 1996

## ഉള്ളടക്കം


1. പഞ്ചായത്തിന്റെ മേപ്പ്.
2. കോർഗ്രൂപ്പ്.
3. ആസൂത്രണത്തിൽ ജനകീയതയുടെ ,പങ്ക്.
4. പഠന പര്യടന മേപ്പ്.
5. പഞ്ചായത്ത് ഭാരവാഹികൾ & മെമ്പർമാർ.
6. പൊതു വിതരണം.
7. ആദ്യകാല പ്രസിഡന്റുമാർ.
8. ചരിത്ര പശ്ചാത്തലം.
9. ഭൂപ്രകൃതി.
10. കടങ്ങോട് ഗ്രാമ പഞ്ചായത്ത് - വികസന റിപ്പോർട്ട്.
11. കൃഷി, ജലസേചനം.
12. മൃഗസംരക്ഷണവും മത്സ്യ ബന്ധനവും.
13. വിദ്യാഭ്യാസം.
14. ആരോഗ്യം - കുടിവെള്ളം - പരിസര ശുചീകരണം.
15. വ്യവസായം.
16. ഊർജ്ജം - ഗതാഗതം
17. പാർപ്പിടം - സാമൂഹ്യക്ഷേമം.
18. സംസ്ക്കാരം.
19. വനിത.
20. പട്ടിക ജാതി - പട്ടികവർഗ്ഗം.
21. സഹകരണ മേഖല - വിഭവ സമാഹരണം





കടങ്ങോട് പഞ്ചായത്ത്
KADANGODE PANCHAYATH
I മണ്ടംപറമ്പ്
II പാറപ്പുറം
III കടങ്ങോട്
IV ചിറമനേങ്ങാട്
V പന്നിത്തടം
VI കിടങ്ങൂർ
VII മരത്തംകോട്
VIII എയ്യാൽ
IX ആദൂർ
X വെള്ളത്തേരി
XI വെള്ളറക്കാട്

## പഞ്ചായത്ത്തല കോർഗ്രൂപ്പ്

1. വി. കെ. രഘു
2. വി. സി. ഗോപാലകൃഷ്ണൻ
3. കെ. എം. അമീർ
4. സി. വി. ഡേവീസ്
5. എം. ബാഹുലേയൻ
6. എൻ. വി. ആന്റണി
7. കെ. എൻ. രാധാകൃഷ്ണൻ

## കീ റിസോഴ്സ് പേഴ്സൻ

ഡോ. കെ. ഡി. ബാഹുലേയൻ

## റിപ്പോർട്ട് തയ്യാറാക്കാൻ സഹകരിച്ച ഉദ്യോഗസ്ഥന്മാർ

1. ടി. എൻ. സുന്ദരൻ VEO
2. എം. കെ സുബാസ് VEO
3. അജിത് ലാൽ സി. എസ്. (കൃഷി ഓഫീസർ)
4. സുരേഷ് പി. ഡി (വെറ്റിനറി സർജൻ)

# ആസൂത്രണത്തിൽ ജനകീയതയുടെ പങ്ക്



പ്രസിഡന്റ്
ടി.കെ. ശിവശങ്കരൻ

1947ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിയ്ക്കുമ്പോൾ രാജ്യം ദാരിദ്ര്യത്തിൽ ഉഴലുകയായിരുന്നു. ദേശീയോഗ്രന്ഥത്തിന്റെ ഭാഗമായി 8 പഞ്ചവത്സരപദ്ധതികൾക്ക് രൂപം നൽകി കൊണ്ടുള്ള ഭരണനയം ഭാരതത്തിന്റെ സർവ്വതോൻമുഖമായ വളർച്ചയ്ക്ക് നിദാനമാകുകയായിരുന്നു.

ഇതര ലോകരാഷ്ട്രങ്ങളെപ്പോലെ സ്വയം പര്യാപ്തതയിലേയ്ക്ക് മുന്നേറിയിട്ടില്ലെങ്കിലും, ആധുനിക യുഗത്തിൽ, ശാസ്ത്രം, വിദ്യാഭ്യാസം, വ്യവസായം, കൃഷി തുടങ്ങിയ വിവിധ മേഖലകളിൽ അനുദിനം പുരോഗതി കൈവരിയ്ക്കുന്നതിൽ ഇന്ത്യയ്ക്ക് സാധിച്ചിട്ടുണ്ട്. ഇതെല്ലാം തന്നെ ജനപങ്കാളിത്തത്തോടെ നിറവേറ്റുന്ന ഒരു നയം നമുക്കുണ്ട് എന്നതിൽ നമുക്ക് അഭിമാനിയ്ക്കാം.

ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ പശ്ചാത്തലത്തിൽ 9ാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കുന്നതിന് പരമാവധി ജന സഹകരണത്തോടെ രാജ്യത്താകമാനം പല ആസൂത്രണ പരിപാടികളും നടന്നു വരികയാണ്. ഒരോരുത്തർക്കും അവരവരുടെ നിർദ്ദേശങ്ങൾ സമർപ്പിയ്ക്കാനും അങ്ങനെ പൊതു ജനതാല്പര്യങ്ങളേയും അവകാശങ്ങളേയും മുൻനിർത്തികൊണ്ട് ഈ പദ്ധതി പൂർത്തീകരിയ്ക്കുകയാണ് ഉദ്ദേശ്യം. ഭരണാധികാരികൾക്കൊപ്പം, പഞ്ചായത്തിലെ വിവിധ ഗ്രാമ സഭകളുടേയും, സാംസ്കാരിക സംഘടനകളുടേയും, മറ്റു സാമൂഹിക പ്രവർത്തകരുടേയും നിർദ്ദേശങ്ങൾ കോർത്തിണക്കി ഈ ബൃഹദ് സംരംഭം വളരെ വിജയപ്രദമാക്കിക്കൊണ്ടു വരാൻ ഏവരുടേയും സഹായ സഹകരണങ്ങൾ വളരെ ആവശ്യമാണ്.

ഈ പദ്ധതി ഒരു വലിയ സംരംഭമാക്കി മാറ്റുവാൻ ഇതിന്റെ പ്രാരംഭ ഘട്ടം മുതലേത്തന്നെ ആത്മാർത്ഥമായി പ്രവർത്തിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ഈ പദ്ധതി പ്രായോഗികതലത്തിൽ വരുമ്പോഴും ഉത്സാഹ പൂർവ്വമായ സമീപനം കാംക്ഷിക്കുകയും ചെയ്യുന്നു. തന്നെയുമല്ല പഞ്ചായത്തിനുവേണ്ടി മുൻകാലങ്ങളിൽ പല നിർമ്മാണ പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിച്ച സാമൂഹിക സാംസ്കാരികതലങ്ങളിലെ എല്ലാ മഹത് വ്യക്തികളേയും ഈ അവസരത്തിൽ സ്മരിക്കുന്നു.

രാജ്യത്തിന്റെ ചെറിയ ഒരു കണ്ണിയായ ഗ്രാമ പഞ്ചായത്തിൽ നിന്നും ഈ സംരഭത്തിനു വേണ്ടി പദ്ധതികൾ രൂപകല്പന ചെയ്യുമ്പോൾ ഉണ്ടാകുന്ന പോരായ്മകൾ ചൂണ്ടികാണിക്കുകയും ആയവ നികത്തുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സദയം നല്കുകയും ചെയ്യുന്നതുവഴി ഈ പദ്ധതി മഹത്തായ വിജയമാക്കുവാൻ എല്ലാവരും സഹകരിക്കുമെന്ന ശുഭാപ്തി വിശ്വാസത്തോടെ, മേലിലും എല്ലാ സഹായ സഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ട് ഈ റിപ്പോർട്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു.







1 ഉയർന്ന സമതലം

2 ചെരിവ് പ്രദേശങ്ങൾ

3 സമതലങ്ങൾ

4 പാടശേഖരങ്ങൾ

5 തോടുകൾ

# കടങ്ങോട് പഞ്ചായത്ത്

## പഠന പര്യടനം - മേപ്പ്

# കടങ്ങോട് ഗ്രാമ പഞ്ചായത്ത് മെമ്പർമാർ & ഭാരവാഹികൾ



കരീം പന്നിത്തടം
വൈസ്. പ്രസിഡന്റ്



കൊടമന സുബ്രഹ്മണ്യൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



സി.ബി. അസ്സൻക്കുട്ടി
സെക്രട്ടറി ഇൻചാർജ്



ലത സുരേന്ദ്രൻ
മെമ്പർ
2-ാം വാർഡ്



ദേവയാനി ടീച്ചർ
മെമ്പർ
3-ാം വാർഡ്



കെ.ആർ ചന്ദ്രൻ
മെമ്പർ
4-ാം വാർഡ്



വനജാ രാജേന്ദ്രൻ
മെമ്പർ
6-ാം വാർഡ്



സൂജാതാ ബാലൻ
മെമ്പർ
8-ാം വാർഡ്



ജലീൽ ആദൂർ
മെമ്പർ
9-ാം വാർഡ്



എ.കെ റസ്സാഖ്
മെമ്പർ
10-ാം വാർഡ്



പി. എൻ. വിഷയ് കുമാർ
മെമ്പർ
11-ാം വാർഡ്

# പഞ്ചായത്ത് പൊതു വിവരണം

## (1996 ആസ്പദമാക്കി)

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കടങ്ങോട് ഗ്രാമ പഞ്ചായത്ത് |
| പഞ്ചായത്ത് ഹെഡ് ക്വാർട്ടേഴ്സ് | : | വെള്ളറക്കാട് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | ചിറമനെങ്ങാട്, കടങ്ങോട്<br>എയ്യാൽ, വെള്ളറക്കാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | വടക്കാഞ്ചേരി |
| താലൂക്ക് | : | തലപ്പിള്ളി |
| ജില്ല | : | തൃശ്ശൂർ |
| നിയമസഭാ മണ്ഡലം | : | വടക്കാഞ്ചേരി |
| ലോക സഭാ മണ്ഡലം | : | ഒറ്റപ്പാലം |
| വിസ്തീർണ്ണം | : | 32.5 ചതുരശ്ര കി.മീ |
| അതിരുകൾ | : | കിഴക്ക്: എരുമപ്പെട്ടി പഞ്ചായത്ത്<br>പടിഞ്ഞാറ്: ചൊവ്വന്നൂർ, പോർക്കുളം പഞ്ചാ:<br>തെക്ക്: ചൂണ്ടൽ, വേലൂർ പഞ്ചാ:<br>വടക്ക്: നാഗലശ്ശേരി, തിരുമറ്റകോട്ട് പഞ്ചാ: |
| പഞ്ചായത്ത് രൂപികരിച്ച വർഷം | : | 1949 |
| ജനസംഖ്യ | : | 27340<br>സ്ത്രീകൾ: 14, 360 |
| സാക്ഷരതാ നിരക്ക് | : | 92% |
| വാർഡുകളുടെ എണ്ണം | : | 11<br>സ്ത്രീ സംവരണം 4<br>പട്ടിക ജാതി സംവരംണം 2<br>ജനറൽ 6 |
| പ്രസിഡണ്ട് | : | ടി.കെ. ശിവശങ്കരൻ |
| വൈസ് പ്രസിഡണ്ട് | : | കരീം പന്നിത്തടം |
| സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ | : | കൊടമന സുബ്രഹ്മണ്യൻ |

# ആദ്യകാല പ്രസിഡന്റുമാർ

നാരായണൻ നമ്പൂതിരിപ്പാട്
(1949 - 1958)

കെ. മാധവൻ നായർ
(1958 - 1963)

കെ. നാരായണൻ നമ്പൂതിരിപ്പാട്
(1963 - 1967)

പി.കെ താമി
(1967 - 1969)

പി.വി നാരായണൻ നായർ
(1969 - 1976)

സി. പരീത് ഹാജി
(1976 - 1983)

പി.കെ കൃഷ്ണനെഴുത്തച്ഛൻ
(1983 - 1984)

ടി.കെ ശിവശങ്കരൻ
(1988 - 1989)

ടി. അരവിന്ദാക്ഷൻ
(1989 - 1990)

ടി.കെ. ശിവശങ്കരൻ
(1990 - 1995)

# ചരിത്ര പശ്ചാത്തലം

തൃശ്ശൂർ ജില്ല തലപ്പിള്ളി താലൂക്ക് കടങ്ങോട് പഞ്ചായത്ത് വെള്ളറക്കാട് എന്ന പ്രദേശത്താണ്, കടങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ ആസ്ഥാനം. നമ്മുടെ പഞ്ചായത്തിന്റെ ചരിത്ര പശ്ചാത്തലത്തിലേക്കുള്ള സംക്ഷിപ്തമായ ഒരെത്തിനോട്ടമാണ് ഇവിടെ സൂചിപ്പിക്കുന്നത് .

ഈ പഞ്ചായത്തിന്റെ വടക്കു ഭാഗത്ത് ആദ്യകാലങ്ങളിൽ താരതമ്യേന ജനവാസം കുറവായിരുന്നു എന്നാണ് തോന്നുന്നത്. ഘോര വനം എന്നർത്ഥം വരുന്ന കൊടും കാട് പിന്നീട് കടങ്ങോട് എന്നായി മാറിയതാവാം. കാട്ടു ജന്തുക്കൾ ധാരാളം ഉണ്ടായിരുന്ന അതി ഘോരമായിരുന്ന മലപ്രദേശമായിരുന്നു കടങ്ങോട് എന്നതിന് തർക്കമില്ല. പഴയ കൊച്ചി മലബാറിന്റെ അതിർത്തിയാണ് കടങ്ങോട്. ഇന്നത്തെ തൃശ്ശൂർ-പാലക്കാട് ജില്ലയുടെ അതിർത്തിയും കടങ്ങോടാണ്.

അടുത്തകാലം വരെ ഏതു വേനൽക്കാലത്തും ഉറവുണ്ടായിരുന്ന മല്ലൻകുഴി എന്നിടത്തിന് മല്ലൻ എന്ന കാട്ടുജാതിക്കാരന്റെ കാലടികൾ കൊണ്ട് കുഴിഞ്ഞ ഇടം എന്ന അർത്ഥത്തിൽ മല്ലൻകുഴി എന്ന പേരു വന്നതായി പറയപ്പെടുന്നു. ആജാന ബാഹുവായ ഒരു മനുഷ്യന്റെ കാലടിപ്പാടിനോട് സാദൃശ്യമുള്ള കുഴികൾ ഇന്നും ഇവിടെ കാണുന്നുണ്ട്.

വനപ്രദേശവും ധാരാളം വെള്ളം നിറഞ്ഞു നിന്നിരുന്ന പ്രദേശവും ആയിരുന്നു വെള്ളറക്കാട്. വെള്ളറക്കാട് എന്ന സ്ഥലനാമത്തിന്റെ ഐതിഹ്യം ശ്രീരാമസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ടതാണ്. കാട്ടിലെ ജലാശയത്തിലെ അറയിൽ അന്തർലീനമായി കിടന്നിരുന്ന വിഷ്ണു ബിംബമെടുത്ത് അഗസ്ത്യ മഹർഷി പ്രതിഷ്ഠിച്ചു എന്നതാണ് ഐതിഹ്യം ഈ ക്ഷേത്രത്തിന് ഏകദേശം ആയിരത്തി നാനൂറിൽ പരം വർഷങ്ങളുടെ പഴക്കമുള്ളതായി പറയപ്പെടുന്നു.

ചേര രാജാക്കൻമാരുടെ കാലവുമായി ബന്ധപ്പെട്ടാണ് ചേരമനങ്ങാട് എന്ന പേർ ഉണ്ടായത് എന്ന് പറയപ്പെടുന്നു. അത് പിന്നീട് ചിറമനങ്ങാട് ആയതാകാം. ചിറയും മനയും കാടും ചേർന്ന പ്രദേശമായതുകൊണ്ടാണ് ചിറമനങ്ങാട് എന്ന പേരായത് എന്നും പറയുന്നുണ്ട്.

ജൈന സംസ്കാരത്തിന്റെ അവശിഷ്ടമായ കുടക്കല്ലുകൾ കേന്ദ്രപുരാവസ്തു വകുപ്പ് ഇന്നും സംരക്ഷിച്ചു വരുന്നു.

"നല്ലുദാരമുനി സിദ്ധർതൻ ശവ
ക്കല്ലുമൂടിയ വിശുദ്ധ ഭൂമിയിൽ
തെല്ലയുന്ന ശില കാലുമായ്
കുടക്കല്ലു കാണ്മതുമിതിന്റെ
ലക്ഷണം"

എന്ന് കേരള ചരിത്ര കാവ്യത്തിൽ കുഞ്ഞുകുട്ടൻ തമ്പുരാൻ പറഞ്ഞിരിക്കുന്നു. ഏറ്റവും കൂടുതൽ കുടക്കല്ലുകൾ കാണപ്പെടുന്നത് ചിറമനങ്ങാടാണ്. കുടക്കല്ലുകളെ സംബന്ധിച്ച് കേന്ദ്ര പുരാവസ്തു വകുപ്പുകൾ കൂടുതൽ പഠനം നടത്തികൊണ്ടിരിക്കുകയാണ്. പ്രസ്തുത കുടക്കല്ല് കേന്ദ്ര സർക്കാർ കണ്ടക്റ്റഡ് ടൂറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ പഞ്ചായത്തിലെ മറ്റൊരു പ്രധാനപ്പെട്ട വില്ലേജാണ് എയ്യാൽ. പായക്കപ്പലിൽ വന്നിറങ്ങി പാലയൂരിലെത്തിയ പറങ്കികൾ അവിടെ നിന്നും കുതിരപ്പുറത്ത് ചെമ്മം തിട്ട വരെ വന്നു. വെള്ളച്ചാൽ വഴി വാണിയം പാറവരെയുള്ള കുതിര സവാരിക്കിടയിൽ വെള്ളച്ചാലുകളുടെ ഇരുകരകളിലും വിശ്രമിച്ചു. ഈ വെള്ളച്ചാലുകൾ ഈ-ചാൽ ആയതും പിന്നീട് എയ്യാൽ ആയതായും പറയപ്പെടുന്നു. എയ്യാൽ കോട്ട എന്നറിയപ്പെടുന്ന സ്ഥലം ഇപ്പോൾ ചൂണ്ടൽ പഞ്ചായത്തിലാണ്. അത് തലപ്പിള്ളി നാട്ടുരാജാക്കന്മാരുടെ ആസ്ഥാന

മായിരുന്നു എന്നും അതല്ല ടിപ്പുവിന്റെ പടയോട്ടക്കാലത്ത് അദ്ദേഹം നിർമ്മിച്ച കോട്ട യാണെന്നും രണ്ടഭിപ്രായമുണ്ട്. എന്തായാലും സ്ഥലനാമ ചരിത്ര ങ്ങളിലും കേരള ചരിത്രത്തിലും ഏറ്റവുമധികം പരാമർശിക്ക പ്പെട്ടിട്ടുള്ള സ്ഥലമാണ് എയ്യാൽ.

വർഷങ്ങൾക്കു മുൻപ് മരത്തം കോട് എന്ന പ്രദേശം മാവു മരങ്ങളെകൊണ്ടും ആൽ മരങ്ങളെകൊണ്ടും നിബിഡ മായിരുന്നു. മലബാർ മേഖല യിലുള്ള ജനങ്ങൾ കരിച്ചാൽ കടവ്- ചിറളിപ്പുഴ കടത്തുകൾ കടന്ന് കൊച്ചിയിൽ പ്രവേശിച്ചാൽ കിഴക്കൻ മേഖലയായി ബന്ധ പ്പെടാനുള്ള ഏക മാർഗ്ഗം കുന്ദംകുളം - വടക്കാഞ്ചേരി മണ്ണു പാതയായിരുന്നു. അക്കാ ലത്ത് മലബാർ മേഖലയിൽ നിന്നും പുറപ്പെടുന്നവർ ഉച്ച ഭക്ഷണത്തിനും വിശ്രമത്തിനും സമയം കണ്ടെത്തിയിരുന്നത് ഈ മരത്തണലുകളുടെ കീഴിലാ യിരുന്നു. മരങ്ങൾ കൊണ്ട് നിബിഡമായിരുന്ന ഈ പ്രദേശ ത്തിനെയാണ് പിന്നീട് മരത്തം കോട് എന്ന പേരു ലഭിച്ചത്.

പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിച്ചു വരുന്ന ചിറമനങ്ങാട് കുടക്കൽ പറമ്പും പന്ത്രണ്ട് റോമൻ സ്വർണ്ണ നാണയങ്ങളും നൂറ്റിയഞ്ച് വെള്ളി നാണയങ്ങളും എയ്യാൽ ഗുഹയും ഈ നാടിന് ആഭരണ ങ്ങളായി പരിലസിക്കുന്നു.

ഒട്ടനവധി ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം ദേവാലയങ്ങളുടെ സങ്കേതമാണ് കടങ്ങോട് പഞ്ചായത്ത്. ഈ ദേവാലയങ്ങൾ ആത്മീയ ചൈതന്യത്തിന്റേയും മത സൗഹാർദ്ദത്തിന്റെയും മൂർത്തീഭാവങ്ങളായി വിരാചി ക്കുന്നു. ഹൈന്ദവ ക്ഷേത്ര ങ്ങളിൽ പുരാതനമായവ - കൈക്കുളങ്ങര ഭഗവതീ ക്ഷേത്രം, കുടക്കുഴി നരസിംഹ ക്ഷേത്രം, വെളറക്കാട് ശ്രീരാമസ്വാമി ക്ഷേത്രം, എയ്യാൽ ഭഗവതീ ക്ഷേത്രം, ചിറമനങ്ങാട് പാലഞ്ചേരി ശിവക്ഷേത്രം, ചെമ്പറയൂർ അയ്യപ്പൻ കാവ് എന്നിവയാണ്.

ഈ പഞ്ചായത്തിലെ ആദ്യത്തെ ക്രിസ്ത്യൻ ദേവാ ലയങ്ങൾ വെള്ളറക്കാട് പള്ളി യും മരത്തംകോട് പള്ളിയും ആണ്. ഇപ്പോൾ ചിറമനേങ്ങാട്, എയ്യാൽ, കടങ്ങോട് എന്നിവിട ങ്ങളിലൊക്കെ ക്രിസ്ത്യൻ പള്ളി കളുണ്ട്. ഈ പഞ്ചായത്തിലെ ആദ്യത്തെ മുസ്ലീം ദേവാലയം തിപ്പിലശ്ശേരി കടങ്ങോട് തലേങ്ങാട്ടിരി പള്ളിയാണ്. വെള്ളത്തേരി കടങ്ങോട്- മനപ്പടി, ചിറമനേങ്ങാട്, പന്നിത്തടം, എയ്യാൽ, ആദൂർ, വെള്ളറക്കാട്, മരത്തംകോട് എന്നിവിടങ്ങളിലാണ് ജുമാ അത്ത് പള്ളികൾ ഉള്ളത്.

ബ്രാഹ്മണർ, അമ്പലവാസി കൾ, നായന്മാർ, എഴുത്തശ്ശൻ, ഈഴവർ, പട്ടികജാതി പട്ടിക വർഗ്ഗക്കാർ, കൊല്ലൻ, ആശാരി, മൂശാരി, ക്രിസ്ത്യൻ, മുസ്ലീം തുടങ്ങി എല്ലാ വിഭാഗം ആളു കളും സ്നേഹത്തോടും പരസ്പര ബഹുമാനത്തോടും കൂടി ജീവിച്ചു പോരുന്ന പ്രദേശ മാണ് കടങ്ങോട് പഞ്ചായത്ത് എന്നതിൽ നമ്മുക്ക് അഭിമാനിക്കാം.

കൊച്ചി പ്രജാമണ്ഡലം എന്ന സംഘടനയുടെ നേതൃത്വത്തിൽ ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ കടങ്ങോട് പഞ്ചായത്തിലും പ്രവർത്തനം നടത്തിയിട്ടുണ്ട്. ആദ്യകാല പ്രവർത്തകരായിരുന്ന കീഴ് വീട്ടിൽ മാധവൻ, വാളനാത്ത് ബാലകൃഷ്ണൻ നായർ, പുതിയമാത്തൂർ ചെറായി പടിഞ്ഞാക്കര ശങ്കരൻ പണിക്കർ, മണ്ടംപറമ്പ് കോഴിക്കാട്ടിൽ കുട്ടിരാമൻ നായർ മുതൽ പേരുടെ മഹനീയമായ സംഭാവന കൾ ദേശീയ പ്രസ്ഥാനത്തിന് നൽകി യിട്ടുണ്ട്.

1930കളിൽ ദേശീയ നവോത്ഥാന പ്രസ്ഥാനം അല യടിച്ചു് ഉയർന്ന പശ്ചാത്തല ത്തിൽ കടങ്ങോട് പഞ്ചായ ത്തിലും ഇതിന്റെ ഭാഗമായി പല പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. സമൂഹത്തിലെ പിന്നോക്കക്കാ രായ പട്ടിക ജാതി പിന്നോക്ക സമുദായങ്ങളിലെ അംഗങ്ങ ൾക്ക് ക്ഷേത്ര പ്രവേശന സ്വാതന്ത്ര്യം അനുവദിച്ചു കിട്ടുന്ന തിനു വേണ്ടി വെള്ളറക്കാട്ടു് ശ്രീരാമ ക്ഷേത്രത്തിനുള്ളിൽ ശ്രീ. പി.കെ കൃഷ്ണനെഴുത്തച്ഛ ന്റെ നേതൃത്വത്തിൽ ഈ

വിഭാഗത്തിൽ പെടുന്ന ആളുകൾ പ്രവേശിക്കുകയും ക്ഷേത്രപ്രവേശന വിളംബരം നടത്തുകയും ചെയ്തു.

മഹാത്മാവും പ്രഖ്യാത പണ്ഡിതനും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുമായ കൈകുളങ്ങര രാമവാര്യരുടെ ജനനത്താൽ അനുഗ്രഹീതമായ കൈകുളങ്ങര ഭവനം കടങ്ങോട് പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. വേദവിത്തും സംസ്കൃത പണ്ഡിതനും, എം.എൽ.സി, പഞ്ചായത്ത് പ്രസിഡന്റ്, വെള്ളറക്കാട് സഹകരണ സംഘത്തിന്റെ സ്ഥാപക പ്രസിഡന്റ്, കൊച്ചിൻ ദേവസ്വം ബോർഡ് മെമ്പർ, വില്ലേജ് കോർട്ട് പ്രസിഡന്റ് എന്നീ സ്ഥാപനങ്ങളും അലങ്കരിച്ച കോടനാട്ട് നാരായണൻ നമ്പൂതിരി ജാതി മത ഭേദമന്യേ ഏവർക്കും സുസമ്മതനായിരുന്ന സി. പരീത് ഹാജി, വില്ലേജ് കോർട്ട് ജഡ്ജിമാരായിരുന്ന സയ്യിദ് അബ്ദുൾ റഹിമാൻ കൊച്ചു കോയതങ്ങൾ, കുന്നത്തു നാരായണൻ, സീനിയർ ജഡ്ജ് കുട്ടിരാമൻ നായർ, മണ്ടംപറമ്പ് കൊച്ചാപ്പ, സംസ്കൃത പണ്ഡിതനായിരുന്ന കളരിക്കൽ ബാലകൃഷ്ണ പണിക്കർ, കോട്ടയം ബിഷപ്പ് ഡോ. ആദൂർ യുയാകിം ഐ ചീരൻ, പ്രമുഖ ഇസ്ലാം മത പണ്ഡിതൻ സയ്യിദ് അബ്ദുൾ റഹിമാൻ ഇമ്പിച്ചി കോയതങ്ങൾ തുടങ്ങിയവരും ഈ നാടിന്റെ അരുമ സന്താനങ്ങളാണ്.

1975 മുതൽ പഞ്ചായത്ത് മുഴുവനും കയറ്റിയിറക്ക് തൊഴിലാളികളായി പ്രവർത്തിക്കുന്ന പന്നിത്തടത്തിലെ INTUC റജിസ്ട്രേഡ് 120 തൊഴിലാളികൾ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നുണ്ട്.

1949 മുതൽ പ്രവർത്തിച്ചു വരുന്ന പഞ്ചായത്ത് ആഫീസും, കേരള സംസ്ഥാനത്ത് തന്നെ ആദ്യമായി ജനപങ്കാളിത്തം പൂർണ്ണമായി ഉപയോഗിച്ച് സ്ഥാപിച്ച ചിറമനെങ്ങാട്ട് ഗ്രൂപ്പ് വില്ലേജ് ഓഫീസും പഞ്ചായത്തിലെ ഭരണ സ്ഥിരാ കേന്ദ്രങ്ങളാണ്. കൃഷി ഓഫീസ്സ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, പ്രൈമറി ഹെൽത്ത് സെന്റർ, വെള്ളറക്കാടുള്ള കൈകുളങ്ങര രാമ വാരിയർ ആയൂർവേദ ആശുപത്രി പന്നിത്തടം സെന്ററിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, മാവേലി സ്റ്റോർ, മൃഗാശുപത്രി, മരത്തം കോട് ഹൈസ്ക്കൂൾ മണ്ടം പറമ്പ് എൽ.പി.സ്ക്കൂൾ, കടങ്ങോട്ട് എൽ.പി. സ്ക്കൂൾ, മരത്തം കോടുള്ള ഒരു സബ് പോസ്റ്റാഫീസ് 4 ബ്രാഞ്ച് പോസ്റ്റാഫീസ് എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന സർക്കാർ സ്ഥാപനങ്ങൾ.

സഹകരണ മേഖലയിൽ വെള്ളറക്കാട്ട് സർവ്വീസ് സഹകരണ ബാങ്ക്, വെള്ളാറ്റഞ്ഞൂർ സഹകരണ ബാങ്ക്, 3 മിൽമ സംഘങ്ങൾ, ഒരു ഹരിജൻ പട്ടിക ജാതി കല്ലുവെട്ടു സംഘം എന്നിവയാണ്.

സ്വകാര്യ മേഖലയിൽ 5 എൽ.പി. സ്ക്കൂൾ, 2 യു.പി സ്ക്കൂൾ, ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂളും, സ്ഥിതി ചെയ്യുന്നുണ്ട്. വെള്ളറക്കാട് സംസ്കാരിക നിലയം, കടങ്ങോട്, ചിറമനെങ്ങാട്, കിടങ്ങൂർ എയ്യാൽ, വെള്ളറക്കാട്, മരത്തംകോട് എന്നീ സ്ഥലങ്ങളിലെ വായനശാലയും കടങ്ങോട് ഗ്രാമപഞ്ചായത്തിന് മുതൽ കൂട്ടാണ്.

# ഭൂപ്രകൃതിയും പ്രകൃതി വിഭവങ്ങളും

ഭൂപ്രകൃതി അനുസരിച്ച് കടങ്ങോട് ഗ്രാമ പഞ്ചായത്തിനെ മുഖ്യമായും നാലു മേഖലകളായി തരം തിരിക്കാം

1 ഉയർന്ന സമതലം അഥവാ പീഠഭൂമി

2. ചെരിവു പ്രദേശങ്ങൾ

3. സമതലം

4. പാടശേഖരങ്ങൾ

ഭൂപ്രകൃതിയെക്കുറിച്ച് താഴെ കൊടുക്കുന്ന വിവരണം മുഖ്യമായും പഞ്ചായത്തിന്റെ വടക്കു കിഴക്കായി സ്ഥിതി ചെയ്യുന്ന മണ്ടംപറമ്പിൽ നിന്നും വടക്കു പടിഞ്ഞാറു ഭാഗത്തു കിടക്കുന്ന കിടങ്ങൂർ പ്രദേശത്തിന്റെ അകതിയൂർ വില്ലേജതിർത്തിയിലേക്കു നടത്തിയ പഠന പര്യടനത്തിന്റെ നിരീക്ഷണങ്ങളെ ആസ്പദമാക്കിയാണ്.

പഠന പര്യടനം കടന്നു പോകാത്ത പഞ്ചായത്തിന്റെ ഇതര ഭൂപ്രദേശങ്ങളെ പ്പറ്റി ഗ്രൂപ്പുചർച്ചകളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കിയ കാര്യങ്ങളും വിവരണത്തിലുൾപ്പെടുത്തിയിട്ടുണ്ട്.

## 1.ഉയർന്ന സമതലം അഥവാ പീഠഭൂമി

പഞ്ചായത്തിന്റെ വടക്കു കിഴക്കു പ്രദേശത്താണ് ഉയർന്ന സമതലം മുഖ്യമായും സ്ഥിതി ചെയ്യുന്നത്. കുന്നുകളും, അവയുടെ താരതമ്യേന ചെരിവു കുറഞ്ഞ ഭാഗങ്ങളുമാണ് ഈ മേഖലയിൽ ഉൾപ്പെടുന്നത്. കിഴക്ക് മണ്ടംപറമ്പിലെ കുന്നിൻ പ്രദേശങ്ങളിൽ പാറയും, മട്ടിയും, പുറ്റും കലർന്ന മണ്ണാണുള്ളത്. മണ്ണ് താരതമ്യേന കുറവായതിനാൽ ഈ പ്രദേശത്ത് അധികം മഴവെള്ളം ഊർന്നിറങ്ങുകയില്ല. ജല ലഭ്യത വളരെ കുറവാണ്. കൂർക്ക ഒരു പ്രധാന ഇടവിളയാണ്. തേക്ക്, വീട്ടി, ചന്ദനം, യൂക്കാലി തുടങ്ങിയ വനവൃക്ഷങ്ങൾക്കും, മുളങ്കാടുകൾക്കും പുറമെ ഇവിടെ ധാരാളമായി റബർ മരങ്ങളു മുണ്ട്. എന്നാൽ ഫലവൃക്ഷങ്ങൾ താരതമ്യേന കുറവാണ്. അധിവാസ കേന്ദ്രങ്ങൾ കുറവുള്ള ഈ പ്രദേശത്ത് മയിൽ, പന്നി എന്നീ പക്ഷി മൃഗാദികളും കണ്ടു വരുന്നുണ്ട്.

കടങ്ങോട് മല്ലങ്കുഴി കുന്നു നിരകളിലെ ഉയർന്ന പ്രദേശങ്ങൾ സവിശേഷ ശ്രദ്ധയർഹിക്കുന്നു. ശുൽ പാറ, പുളിയാമാക്ക്, എടക്കുന്ന്, കയ്യുത്ത്യാൽ, ചേമ്പത്തകുന്ന്, കോഴിക്കുന്ന, തുടങ്ങിയ പല കുന്നുകളുടെയും ഉയർന്ന പ്രദേശങ്ങളാണ് ഇതിലുൾപ്പെടുന്നത്. ഇവിടെ പാറക്കൂട്ടങ്ങളും പാറയും മട്ടിയും കലർന്ന മണ്ണുമാണ് പൊതുവായി കണ്ടു വരുന്നത്. ഈ കുന്നുകളിൽ വനവൃക്ഷങ്ങൾ വളരെ കുറവാണ്. ഉദ്ദേശം മലയാളം വർഷം 1116 ലുണ്ടായ കൊടുങ്കാറ്റിനു ശേഷം കടപുഴകിയതിന്റെ ഫലമായും മറ്റു കാരണങ്ങളാലും വനവൃക്ഷങ്ങൾ ക്രമേണ നശീകരിക്കപ്പെടുകയാണുണ്ടായത് എന്നറിയുന്നു. മുൻപ് വീട്ടി, തേക്ക്, വെൺതേക്ക്, മരുത്, ഇരുമുള്ള് തുടങ്ങിയ നിരവധി വനവൃക്ഷങ്ങളുണ്ടായിരുന്നെന്ന് പറയപ്പെടുന്ന ഈ പ്രദേശങ്ങളിൽ ഇപ്പോൾ യൂക്കാലി, അക്കേഷ്യ, കശുമാവ് എന്നീ വൃക്ഷങ്ങളാണ് സമൃദ്ധമായുള്ളത്. പന്നി, മുയൽ, മയിൽ എന്നീ പക്ഷി മൃഗാദികളും ഇവിടെ ധാരാളമുണ്ട്. തോടുകളും, വേനലിൽ പോലും വറ്റാത്ത ചോലകളും ഉൽഭവിക്കുന്ന

ഈ പ്രദേശം കടങ്ങോട് പഞ്ചായത്തിന്റെ തന്നെ ഏറ്റവും മുഖ്യമായ ജല വിഭവ സ്രോതസ്സാണെന്നു പറയാം.

ആദുളൂർകുന്ന്, എയ്യാൽ കുന്ന്, ചൊവ്വന്നൂർ പഞ്ചായത്ത തിർത്തിയിൽ സ്ഥിതി ചെയ്യുന്ന പുറമേരികുന്ന്, പാഴിയോട്ടു മുറികുന്ന്, മരത്തം കോട് മിച്ചഭൂമി കുന്നിൻ പ്രദേശം, നെല്ലിക്കുന്ന് എന്നിവയാണ് പഞ്ചായത്തിലെ ഇതര കുന്നിൻ പ്രദേശങ്ങൾ. ഇവ കടങ്ങോട് വില്ലജിലെ ഉയർന്ന സമതല പ്രദേശങ്ങളെ അപേക്ഷിച്ച് താഴ്ന്നതലത്തിലാണ്. ഇവിടങ്ങളിൽ പാറയും, മട്ടിയും കലർന്ന മണ്ണാണ് പൊതുവായി കാണുന്നതെങ്കിലും പലയിടങ്ങളിലും ചെരൽ കലർന്ന വെട്ടു കല്ലു മണ്ണും, പുറ്റു മണ്ണും, പുറ്റുകലർന്ന വെട്ടു കല്ലു മണ്ണുമുണ്ട്.

ഇവിടെ റബ്ബർ, കശുമാവ മറ്റു ഫലവൃക്ഷങ്ങൾ എന്നിവയാണ് കൃഷി ചെയ്യുന്നത്. താരതമ്യേന ജലലഭ്യത കുറവുള്ളവയാണ് ഈ പ്രദേശങ്ങൾ. പള്ളിമേപ്പുറം- നെല്ലിൻകുന്ന് പ്രദേശത്ത് ചെമ്പരത്തി, അമ്പരത്തി, അടിച്ചുത്തി, ഒങ്ങ്, നായ് കരിമ്പ് തുടങ്ങി വിവിധങ്ങളായ ചെടികളും നല്ല സസ്യാവരണവുമുണ്ട്.

## 2. ചെരിവു പ്രദേശങ്ങൾ

പീഠഭൂമിയിലെ അഥവാ ഉയർന്ന സമതലത്തെ താഴ്വരയുമായി ബന്ധിപ്പിക്കുന്നതാണ് ചെരിവ് പ്രദേശങ്ങൾ. പഠന പര്യടന പാതയിൽ കുത്തനെയുള്ള ചെരിവുകൾ നന്നേ കുറവാണ്. ചെരൽ കലർന്ന ചെമ്മണ്ണാണ് ഇവിടെ പൊതുവെ കണ്ടു വരുന്നതെങ്കിലും, ചെമ്മണ്ണ് ചിലയിടങ്ങളിൽ ചെരൽ കലർപ്പില്ലാത്തതും ചില ഭാഗങ്ങളിൽ ചെരൽ വെട്ടുകൽ കലർപ്പുള്ളതും, മറ്റു ചിലയിടങ്ങളിൽ മട്ടി കലർപ്പുള്ളതുമാണ്. ചെരിവുകളിലെ ഉയർന്ന പലഭാഗങ്ങളിലും ഫലപുഷ്ടി കുറഞ്ഞതും കറപ്പുരാശിയുള്ളതുമായ ചെരൽ വെട്ടുകൽ കലർപ്പുള്ള മണ്ണും മണൽ കലർന്ന പുറ്റ് മണ്ണും കാണുന്നുണ്ട്. താഴ്ന്ന പ്രതലങ്ങളിലെ പാടശേഖരങ്ങളോടടുത്ത് സ്ഥിതി ചെയ്യുന്ന ചെരിവു പ്രദേശങ്ങളിൽ എക്കൽ മണ്ണും കണ്ടു വരുന്നു. തെങ്ങ്, കവുങ്ങ്, കശുമാവ്. റബ്ബർ, കുരുമുളക്, കൈത എന്നീ തോട്ടവിളകളും, ഫല വൃക്ഷങ്ങളുമാണ് ചെരിവു പ്രദേശങ്ങളിൽ പ്രധാനമായും കൃഷി ചെയ്തു വരുന്നത്. നെല്ലിക്കുന്ന് ചെരിവുകളിൽ നല്ല സസ്യാ വരണവും, തൊട്ടാവാടി, കുറുന്തോട്ടി, പൂവാംകുറുന്തല, ആകേരി, തമിഴാഴ്മ തുടങ്ങി വൈവിദ്ധ്യമുള്ള നിരവധി ഔഷധ ചെടികളുണ്ട്. എക്കൽ മണ്ണുള്ള താഴ്വരക്കടുത്ത പ്രദേശങ്ങളിൽ വാഴ, ഇഞ്ചി, മരച്ചീനി, പച്ചക്കറികൾ എന്നിവയും കൃഷി ചെയ്യുന്നുണ്ട്. ചെരിവു പ്രദേശങ്ങളുടെ ഉയർന്ന ഭാഗത്ത് മണൽ പുതപ്പ് കുറവായതിനാൽ താഴ്ന്ന ഭാഗത്തെയപേക്ഷിച്ച് ഇവിടെ കൂടുതൽ ജലക്ഷാമമനുഭവപ്പെടുന്നുണ്ട്. ഈ പ്രദേശങ്ങളിൽ പൊതുവേ വേനൽ കാലത്ത് രൂക്ഷമായ ജല ദൗർഭല്യമുണ്ടാകാറുണ്ട്.

## 3. സമതലം

സമതല പ്രദേശങ്ങളിൽ പൊതുവായി ചെരലും വെട്ടുകല്ലും കലർന്ന ചെമ്മണ്ണാണുള്ളത്. ഇവിടെ തെങ്ങും കവുങ്ങുമാണ് മുഖ്യ വിളകൾ. കുരുമുളകും, മരച്ചീനിയും പലയിടങ്ങളിലും ഇട വിളകളായി കൃഷി ചെയ്യുന്നു. മാവ്, പ്ലാവ്, കശുമാവ് ഞാവൽ എന്നീ ഫല വൃക്ഷങ്ങൾ ധാരാളമുള്ള ഈ പ്രദേശങ്ങളിൽ അപൂർവ്വമായി പന, മുള എന്നിവയും മറ്റു വിവിധ വൃക്ഷങ്ങളുമുണ്ട്. ഈ മേഖല പൊതുവായി നല്ല സസ്യാവരണമുള്ള സ്ഥലമാണ്. കാട്ടുതുളസി, തൃച്ഛ തുടങ്ങി പല ഔഷധച്ചെടികളും അങ്ങിങ്ങായി കാണാം. താരതമ്യേന വിപുലമായ തരിശു ഭൂമിയും പല ഭാഗങ്ങളിലുണ്ട്. ഈ മേഖലയിൽ ജല ലഭ്യത മിതമാണ്.

## 4. പാടശേഖരങ്ങൾ.

പഞ്ചായത്തിലെ എല്ലാ വില്ലേജുകളിലും ചെരിവു പ്രദേശങ്ങളെ സമതലവുമായി ബന്ധിപ്പിക്കുന്ന പാടശേഖരങ്ങളുണ്ട്. ഇതിൽ ഏറ്റവും മുഖ്യമായവ എയ്യാൽ വില്ലേജിലെ പാടങ്ങളാണ്. എയ്യാൽ ആദൂർ വാർഡുകളുടെ തെക്കു-കിഴക്കു ഭാഗത്തു കൂടി ഒഴുകുന്ന കരിയന്നൂർ പുഴയാണ് ഇവിടത്തെ പാടശേഖരങ്ങളുടെ ജല സേചന ഉറവിടം.

പഠനപര്യടനം കടന്നുപോയ പ്രദേങ്ങളായ മണ്ടം പറമ്പിന്റെ കിഴക്കുവശത്തുള്ള നരിയിരിക്കപ്പാടത്തും കടങ്ങോട് തെക്കുമുറി വടക്കു പ്രദേശത്തുള്ള പാടശേഖരങ്ങളിലും മഴവെള്ളത്തിലൂടെ ഒഴുകി വന്നടിയുന്ന എക്കൽ കലർന്ന ചെളിമണ്ണാണ് കൂടുതലായും കാണുന്നത്. ചിറമനങ്ങാട്, തോട്ടകത്ത്, പാലാഞ്ചേരി, വെങ്കുളം പാടശേഖരങ്ങളിൽ മണൽ പറ്റ് കൂടിയ മണ്ണും കാണുന്നുണ്ട്. ഫലവൃഷ്ടി കൂടുതലുള്ള ഈ മണൽ തരങ്ങൾ നെൽകൃഷിക്ക് ഏറ്റവും അനുയോജ്യമാണ്. ജല ലഭ്യത താരതമ്യേന കൂടുതലായതിനാൽ താഴ്‌വര പ്രദേശത്ത് പൊതുവേ ഇരുപ്പൂ കണ്ടങ്ങളാണ്. മണ്ടംപറമ്പിന് കിഴക്കുള്ള പാടത്തിന്റെ കരയിൽ നെല്ലിനു പുറമേ തെങ്ങ്, വാഴ എന്നിവയും ധാരാളമായി കൃഷി ചെയ്യുന്നു. ഇവിടെ മഴക്കാലത്ത് മലവെള്ളം കയറിയും വേനൽ കാലത്ത് വരൾച്ചമൂലവും, കൃഷിനാശമുണ്ടാകാറുണ്ട്. കടങ്ങോട് തെക്കുമുറി ഭാഗത്ത് അരക്കുളത്തിന്റെ പാർശ്വപ്രദേശത്ത് ഇരുപ്പൂ കൃഷിക്കാവശ്യമായ ജലം കിട്ടുമെങ്കിലും, കുളത്തിൽ നിന്നകലെയുള്ള മറ്റു ഭാഗങ്ങളിൽ കോലാൻ തോട് വറ്റുമ്പോൾ ജലക്ഷാമമുണ്ടാകാറുണ്ട്. ഈ പ്രദേശത്ത് നെല്ലിനു പുറമെ തെങ്ങും, വാഴയും ധാരാളമായി കൃഷി ചെയ്യുന്നു. ചിറമനങ്ങാട് പ്രദേശത്താകട്ടെ, പുലിക്കൽ തോട്ടിലെ വെള്ളമാണ് ജലസേചനത്തിനുപയോഗിക്കുന്നത്. കൃഷിക്കാവശ്യമായ വെള്ളം ലഭ്യമാണ്. പഞ്ചായത്തിലെ മിക്ക പാടശേഖരങ്ങളിലും, ജല വിഭവ മാനേജ്മെന്റ് കാര്യക്ഷമമാക്കിയാൽ ഉല്പാദന വർധനവിന് ഒട്ടേറെ ഗുണം ചെയ്യാവുന്ന സാഹചര്യമാണുള്ളത്. പാടശേഖരങ്ങളുടെ പാർശ്വങ്ങളിൽ പൂതുമ്പ, നിലമ്പരണ്ട, അടയ്ക്കാമണിയൻ തുടങ്ങിയ പല ഔഷധ സസ്യങ്ങളും വളരുന്നുണ്ട്.

## മനുഷ്യവിഭവങ്ങൾ

കടങ്ങോട് പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 12,980 പുരുഷൻമാരും 14,360 സ്ത്രീകളുമുണ്ട്. പുരുഷൻമാർ 47.48 ശതമാനവും സ്ത്രീകൾ 52.52 ശതമാനവുമാണ്. ആകെ ജനസംഖ്യയിൽ 3761 പേർ പട്ടികജാതിയിൽ പെട്ടവരാണ്. ഇത് മൊത്തം ജനസംഖ്യയുടെ 13.76 ശതമാനമാണ്.

കടങ്ങോട് പഞ്ചായത്തിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 853 ആണ്. വടക്കാഞ്ചേരി ബ്ലോക്കിൽ പെടുന്ന പഞ്ചായത്തുകളിൽ ഈ പഞ്ചായത്ത് ജനസാന്ദ്രതയിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്നു.

ആകെ ജനങ്ങളിൽ 9933 പുരുഷൻമാരും 10322 സ്ത്രീകളും സാക്ഷരരാണ്. സാക്ഷരതാ നിരക്ക് 74.09 ശതമാനമാണ്. എന്നാൽ കുട്ടികളെയും വൃദ്ധരെയും ഒഴിവാക്കി കണക്കാക്കിയാൽ സാക്ഷരതാ നിരക്ക് 92 ശതമാനമാണ്.

ജനസംഖ്യയിൽ 6 വയസ്സു വരെയുള്ള കുട്ടികളുടെ എണ്ണം 3908 ആണ്. അതായത് ജനസംഖ്യയുടെ 14.3 ശതമാനമാണ്. 4655 പേർ 6 മുതൽ 14 വയസ്സുവരെയുള്ള വരാണ്. (17.02 ശതമാനം). 60 വയസ്സിന് മേലേയുള്ളവരെ ഒഴിവാക്കിയാൽ 14 മുതൽ 60 വയസ്സു വരെയുള്ളവരടങ്ങിയ തൊഴിൽ ശക്തി ആകെ ജന സംഖ്യയിൽ ഏകദേശം 51 ശതമാനമാണ്.

# കടങ്ങോട് ഗ്രാമപഞ്ചായത്ത് വികസനറിപ്പോർട്ട്

കടങ്ങോട് ഗ്രാമപഞ്ചായത്തിലെ കൃഷി, ജലസേചനം, മൃഗ സംരക്ഷണം, മത്സ്യബന്ധനം, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം പരിസര ശുചിത്വം, വ്യവസായം, ഊർജ്ജം, ഗതാഗതം, മാർക്കററ്, വാർത്താവിനിമയം, പാർപ്പിടം, സാമൂഹ്യക്ഷേമം, സംസ്കാരം, വനിത, സഹകരണം, വിഭവസമാഹരണം, പട്ടിക ജാതി / പട്ടിക വർഗ്ഗക്ഷേമം എന്നീ മേഖലകളിലെ സ്ഥിതി വിവരകണക്കുകൾ ഗ്രാമസഭകളിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ, നടപ്പ് പരിപാടികൾ. പ്രശ്നങ്ങൾ അവയുടെ പരിഹാര നിർദ്ദേശങ്ങൾ എന്നിവയുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട്.

# കൃഷി, ജലസേചനം

### കാർഷിക ചരിത്രം

പഴയകാലത്ത്, ജന്മി - കുടിയാൻ സമ്പ്രദായമായിരുന്നു കടങ്ങോട് പഞ്ചായത്തിൽ നിലനിന്നിരുന്നത്. കുടിയാന്മാർ ജന്മിമാരിൽ നിന്നും ഭൂമി പാട്ടത്തിനെടുത്താണ് കൃഷി ചെയ്തിരുന്നത്. ഭൂപരിഷ്കരണ നിയമം നിലവിൽ വന്നതോടുകൂടി ജന്മി - കുടിയാൻ സമ്പ്രദായം അവസാനിക്കുകയും, കുടിയാന്മാരെല്ലാം ഭൂവുടമകളായി മാറുകയും ചെയ്തു.

### പ്രാചീന കൃഷി സമ്പ്രദായങ്ങൾ

പ്രാചീനകാലംതൊട്ടേ നെല്ലാണ് ഈ പഞ്ചായത്തിലെ മുഖ്യ കൃഷി. നവര, കുട്ടാടൻ, ആര്യംകാളി, ചീര, തവളക്കണ്ണൻ, ചിറേറനി, പള്ളിയാൽ, മുണ്ടോം കൊട്ടി, വട്ടൻ എന്നിവയായിരുന്നു. പ്രധാനനെല്ലിനങ്ങൾ ഈ ഇനങ്ങൾ നല്ല വിളവു തരുന്നതും, പ്രതിരോധശേഷി കൂടിയവയുമായിരുന്നു. കന്നുകാലികളെ ഉപയോഗിച്ചാണ് നിലം ഉഴുതിരുന്നത്. കന്നുകാലികളെ നുകത്തിൽ കെട്ടി മരം കൊണ്ടുണ്ടാക്കിയ കരി ഉപയോഗിച്ചാണ് നിലം ഉഴുതുമറിച്ചിരുന്നത്. ഉഴുതു മറിച്ച നിലം നിരപ്പാക്കുന്നതിന് മരം കൊണ്ടുള്ള ഞവുരിയും ഉപയോഗിച്ചിരുന്നു.

മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്തിരുന്നത്. ജലസേചനത്തിനു വേണ്ടി വേത്തി, കയററുകൊട്ട, തിലാൻ, കാളത്തേക്ക് എന്നിവ പ്രയോജനപ്പെടുത്തിയിരുന്നു. പച്ചില, ചാണകം, ആട്ടിൻ കാഷ്ടം, വെണ്ണീറ് എന്നിവയായിരുന്നു പ്രധാന വളങ്ങൾ. പുഴുക്കേട്, ചാഴി ശല്യം ഇവയായിരുന്നു നെല്ലിനെ പ്രധാനമായി ബാധിച്ചിരുന്നത്. ഇവയെ നിയന്ത്രിക്കുന്നതിന് വെണ്ണീറ്, ഈന്തിൻ ചക്ക എന്നിവ ഉപയോഗിച്ചിരുന്നു. മാറാല കെട്ടിയ കണമുള്ളുകൾ പാടശേഖരങ്ങളിൽ വച്ച് കീടങ്ങൾക്ക് കെണിയൊരുക്കിയിരുന്നു. കീടങ്ങളെ 'വിലക്കുക' എന്ന സമ്പ്രദായവും നിലനിന്നിരുന്നു.

തെങ്ങ്, കവുങ്ങ്, കശുമാവ്, ഇവയായിരുന്നു പ്രധാന തോട്ടവിളകൾ. കുന്നിൻ പ്രദേശങ്ങളിൽ കശുമാവ്, ഫലവൃക്ഷങ്ങളായ മാവ്, പ്ലാവ് ഇവയും കൃഷി ചെയ്തിരുന്നു. ജലസേചന സൗകര്യമുള്ള സമതലങ്ങളിൽ തെങ്ങ്, കവുങ്ങ്, വാഴ ഇവ കൃഷി ചെയ്തിരുന്നു.

ചേമ്പ്, കാവത്ത്, കൊള്ളി, കൂർക്ക, വെററിലക്കൊടി, എള്ള്, ചാമ, മുതിര, പയർ, ഇഞ്ചി, മഞ്ഞൾ, ചക്കരക്കിഴങ്ങ്, പച്ചമുളക്, വെള്ളരി, ഇളവൻ, മത്തൻ, കയ്പക്ക, വഴുതന, കക്കിരി, അമര, ചെരവ, പടവലം, ചീര, ഓമക്കായ, രായിപ്പുല്ല്, കൂവ മുതലായവയായിരുന്നു മററു വിളകൾ.

മുൻകാലങ്ങളിൽ കവുങ്ങിൽ നിന്നും പച്ചടയ്ക്ക വലിച്ച് പൊളിച്ച് പരിസരപ്രദേശത്തുള്ള അടയ്ക്കാ ചന്തയിൽ കൊണ്ടുപോയി വിൽക്കുകയായിരുന്നു പതിവ്.

### ഭൂവിനിയോഗം

കടങ്ങോട് പഞ്ചായത്തിൻെറ വിസ്തൃതി 32.5 ചതുരശ്ര കിലോമീററാണ്. (3250 ഹെക്ടർ.) പഞ്ചായത്തിൻെറ നിലവിലുള്ള ഭൂവിനിയോഗം ചുവടെ ചേർക്കുന്നു.

| ഇനം | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| നിലം | 625 ഹെക്ടർ | 19 |
| പുരയിടം | 1222 ഹെക്ടർ | 38 |
| പുറമ്പോക്ക് | 432 ഹെക്ടർ | 13 |
| കൃഷിയോഗ്യതരിശ് | 200 ഹെക്ടർ | 6 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 771 ഹെക്ടർ | 24 |
| ആകെ | 3250 ഹെക്ടർ | 100 |

## വിള വിഭജനവും, ഉൽപാദനക്ഷമതയും

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | ഉൽപാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|
| നെല്ല് (ഒന്നാം വിള) | 625 | 2200 കി. ഗ്രാം |
| നെല്ല് (രണ്ടാം വിള) | 625 | 2100 കി. ഗ്രാം |
| നെല്ല് (മൂന്നാം വിള) | - | - |
| പയർ | 30 | 250 കി. ഗ്രാം. |
| എള്ള് | 15 | 300 കി. ഗ്രാം. |
| പച്ചക്കറികൾ | 10 | - |
| തെങ്ങ് | 404 | 5500 എണ്ണം |
| വാഴ | 30 | 16 ടൺ |
| മരച്ചീനി | 49 | 20 ടൺ |
| കുരുമുളക് | 5 | 300 കി. ഗ്രാം. |
| കശുമാവ് | 34 | 800 കി. ഗ്രാം. |
| മാവ് | 10 | - |
| റബ്ബർ | 85 | 800 കി. ഗ്രാം. |
| കവുങ്ങ് | 146 | 2,20000 എണ്ണം |
| കൈതച്ചക്ക | 5 | - |
| കൊക്കോ | 5 | - |
| ഇഞ്ചി | 10 | 3000 കി. ഗ്രാം. |



## ആധുനിക കൃഷിരീതികൾ

### പ്രശ്നങ്ങളും സാദ്ധ്യതകളും

ഹരിതവിപ്ലവത്തിൻെറ പ്രഭാവവും, വാർത്താമാദ്ധ്യമങ്ങളുടെയും, കൃഷിവുകുപ്പിൻെറയും പ്രചരണവും ആധുനിക കൃഷിരീതികളിലേക്ക് കർഷകരെ ആകൃഷ്ടരാക്കി. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളും, അവയെ തീററിപ്പോററാൻ രാസവളങ്ങളും വ്യാപകമായി.

മേൽത്തരം വിത്തിനങ്ങളുപയോഗിക്കുമ്പോളുണ്ടായ അമിതമായ കീടശല്യം ഒഴിവാക്കാൻ കീടനാശിനികളും നിലവിൽ വന്നു. ആധുനിക കൃഷിരീതികളുടെ ഭാഗമായി കാർഷികരംഗത്ത് യന്ത്രവൽക്കരണവും നിലവിൽ വന്നു. എന്നാൽ ആധുനിക കൃഷിരീതികൾ അവലംബിച്ചതുകൊണ്ട് പ്രതീക്ഷിച്ച നേട്ടം കർഷകനു ലഭിച്ചില്ല. ജീവിത നിലവാരത്തിൽ വന്ന മാററം കൂലിവർദ്ധനവിനിടയാക്കി. കാർഷികമേഖലയിൽ നിന്നും ലഭിക്കുന്നതിനേക്കാൾ ഉയർന്ന വേതനം മററു മേഖലകളിൽ ലഭിച്ചപ്പോൾ, കർഷകത്തൊഴിലാളികൾ കൃഷിയുപേക്ഷിച്ച് ആ മേഖലകളിലേക്ക് ചേക്കേറി. ഇത് കർഷകത്തൊഴിലാളി ദൗർലഭ്യത്തിനിടയാക്കി.

അമിതമായ ഉൽപാദനച്ചെലവ്, ഉൽപന്നങ്ങളുടെ വിലയിടിവ്, തൊഴിലാളികളുടെ ദൗർലഭ്യം, മണ്ണിൻെറ ഫലപുഷ്ടിയിൽ വന്ന കുറവ് - എല്ലാം കൂടെ കൃഷി ലാഭകരമല്ലാതെയായി. സമൂഹത്തിൽ കർഷകർക്ക് ആദരവ് കുറഞ്ഞു. കൃഷി രംഗത്തേക്കിറങ്ങാൻ പുതിയ തലമുറ മടിച്ചു. 'ഐകമത്യം മഹാബലം' - കൃഷിരംഗത്തെ കൂട്ടായ്മ ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവശ്യമാണ്. ഗ്രൂപ്പ് ഫാമിങ് അപാകതകൾ ഒഴിവാക്കി ഫലപ്രദമായി നടപ്പാക്കണം. പുതിയ തലമുറ കൃഷിരംഗത്തു വന്നാലേ കൃഷി നിലനിൽക്കൂ. കൃഷിക്കനുകൂലമായ മനോഭാവം പുതിയ തലമുറയിൽ ചെറുപ്പത്തിലേ വേരോടണം. വിദ്യാലയങ്ങളിൽ നിന്നുതന്നെ ഇതാരംഭിക്കണം.

## കൈവശ ഭൂമി വിസ്തീർണ്ണം

| വാർഡ് നമ്പർ | നാമമാത്രകർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിട കർഷകർ 2 ഹെക്ടറിനു മുകളിൽ |
|---|---|---|---|
| 1 | 341 | 105 | 6 |
| 2 | 352 | 120 | 8 |
| 3 | 298 | 120 | 5 |
| 4 | 409 | 185 | 15 |
| 5 | 310 | 108 | 8 |
| 6 | 322 | 108 | 12 |
| 7 | 307 | 126 | 10 |
| 8 | 384 | 145 | 18 |
| 9 | 321 | 80 | 20 |
| 10 | 326 | 70 | 26 |
| 11 | 238 | 84 | 12 |
| ആകെ | 3608 | 1251 | 140 |

### വായ്പാ സൗകര്യങ്ങൾ

കടങ്ങോട് പഞ്ചായത്തതിർത്തിയിൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതു പ്രധാനമായും നാലു സ്ഥാപനങ്ങൾ വഴിയാണ് - സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് വെള്ളറക്കാട്, വെള്ളാററഞ്ഞൂർ സർവ്വീസ് കോർപ്പറേററീവ് ബാങ്ക്, SBT മരത്തംകോട് ശാഖ, SBI കുന്ദംകുളം ശാഖ ഇവയാണ്.

കാർഷിക വായ്പാനടപടികൾ സങ്കീർണ്ണമാണ് എന്നൊരു പരാതിയുണ്ട്. ഇത് കർഷകരെ വിഷമിപ്പിക്കുന്നു. വായ്പാനടപടികൾ സുതാര്യമാക്കുന്നതിന് നടപടികൾ കൈക്കൊള്ളണം.

### വിപണന സൗകര്യം

കാർഷികോൽപന്ന വിപണന സൗകര്യം പഞ്ചായത്തിൽ തീരെയില്ല. കാർഷിക ഉൽപന്നങ്ങൾ ശേഖരിച്ച് വിതരണം നടത്തുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സഹകരണസംഘം പന്നിത്തടം കേന്ദ്രമാക്കി സ്ഥാപിക്കണമെന്നത് ഇവിടത്തുകാരുടെ ഒരാവശ്യമാണ്.

### കൃഷിഭവൻ

കടങ്ങോട് പഞ്ചായത്തിൽ 1-09-87 ൽ കൃഷിഭവൻ നിലവിൽ വന്നു. എങ്കിലും സ്വന്തമായി ഒരു കെട്ടിടമോ, വേണ്ടത്ര ഉദ്യോഗസ്ഥരോ ഇന്നുവരെ കൃഷിഭവനിലുണ്ടായിട്ടില്ല. ആയതിനാൽ കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല.

താഴെപറയുന്ന പദ്ധതികളാണ് കൃഷിഭവൻ വഴി നടപ്പിലാക്കുന്നത്.

### നെൽകൃഷി വികസന പദ്ധതികൾ

നെൽകൃഷിയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി പാടശേഖര സമിതികൾ മുഖേന 50% സബ്സിഡി നിരക്കിൽ ട്രാക്ടർ, ടില്ലർ, ഹാർവസ്ററർ, ട്രാൻസ്പ്ലാൻറർ തുടങ്ങിയവ നൽകി വരുന്നു. കൂടാതെ നെൽകൃഷി രംഗത്തെ കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനായി പാടശേഖര സമിതികൾക്ക് റൈസ്മിൽ, ഫാംഹൗസ് ഇവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയുമുണ്ട്.

ഓരോ പൂവിലും നെൽകൃഷി ചെയ്യുന്നവർക്ക് സമിതി മുഖേന ഉൽപാദന ബോണസ് ഹെക്ടറിന് 250 രൂപ എന്ന നിരക്കിൽ വിതരണം ചെയ്യുന്നു. നെൽകൃഷിക്കു മാത്രമായി ഉപയോഗിക്കുന്ന മോട്ടോറിന്റെ വൈദ്യുതി ചാർജ് സൗജന്യമാക്കി

## തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | |
|---|---|---|---|---|---|---|---|---|
| | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | കാററു വീഴ്ച | ഇല ചീയൽ | മണ്ട ചീയൽ | ചെന്നീരൊലിപ്പ് | മററുള്ളവ |
| 1 | 621 | 7006 | 7027 | - | 108 | 57 | 37 | 101 |
| 2 | 646 | 17606 | 18246 | - | 212 | 101 | 101 | 201 |
| 3 | 1012 | 10003 | 11015 | - | 117 | 51 | 31 | 46 |
| 4 | 4200 | 10012 | 14212 | - | 112 | 60 | 41 | 50 |
| 5 | 2800 | 12016 | 14817 | - | 114 | 48 | 31 | 42 |
| 6 | 4514 | 16459 | 20973 | - | 212 | 100 | 86 | 127 |
| 7 | 4512 | 10956 | 14968 | - | 108 | 64 | 51 | 48 |
| 8 | 5050 | 12216 | 17266 | - | 89 | 43 | 41 | 69 |
| 9 | 1380 | 12314 | 13694 | - | 81 | 45 | 36 | 84 |
| 10 | 612 | 9205 | 9817 | - | 21 | 35 | 17 | 41 |
| 11 | 601 | 8646 | 9247 | - | 15 | 28 | 18 | 27 |
| ആകെ | 26948 | 126439 | 153377 | - | 1189 | 632 | 490 | 836 |

യിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുവാൻ പഞ്ചായത്തിലെ ഏററവും നല്ല നെൽകർഷകന് അവാർഡ് നൽകുന്നുണ്ട്. യന്ത്രവൽക്കരണവും, ശാസ്ത്രീയ പരിചരണവും, കൂട്ടായ്മയും പരിപോഷിപ്പിച്ചാൽ ഹെക്ടറിന് 4500 കിലോഗ്രാം വരെ നെല്ലുൽപാദനം കൈവരിക്കുവാൻ നമുക്ക് കഴിയും.

### തെങ്ങ്

സമഗ്രനാളികേര വികസന പദ്ധതി പ്രകാരം ചുരുങ്ങിയത് 30 സെൻറ് സ്ഥലം കൈവശമുള്ള കർഷകന് കിണറുകൾ കുഴിക്കുന്നതിനും, പമ്പുസെററ് സ്ഥാപിക്കുന്നതിനും സബ്സിഡിയായി പരമാവധി 2500 രൂപ നൽകും. ചവിട്ടുപമ്പ് വാങ്ങുന്നതിന് 1000 രൂപ നൽകും. പച്ചിലവളച്ചെടിയുടെ വിത്ത് 50% സബ്സിഡിയിൽ വിതരണം ചെയ്യുന്നു. ഏററവും നല്ല തെങ്ങുകർഷകന് അവാർഡും നൽകുന്നു. മിനികിററ് പദ്ധതി പ്രകാരം 5 തെങ്ങിൻതൈ 15 രൂപാ നിരക്കിൽ വിതരണം ചെയ്തുവരുന്നു. കേരവികസനസമിതി ഇനിയും രൂപീകരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നത് ഒരു പോരായ്മയാണ്.

### കുരുമുളക്

കുറഞ്ഞത് 50 സെൻറ് കൃഷി ഭൂമിയുള്ള കൃഷിക്കാർക്ക് പുതിയതായി കുരുമുളക് വച്ചു പിടിപ്പിക്കുന്നതിന് 3 വർഷത്തേക്ക് രാസവളങ്ങളും, കീടനാശിനിയും, ജൈവവളങ്ങളും സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നു. കുരുമുളക് കൃഷി വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്. കൂടാതെ, കുരുമുളകു കൃഷി വ്യാപിപ്പിക്കുന്നതിന് മാതൃകാകൃഷിത്തോട്ടങ്ങൾ ഒരുക്കുന്നതിനും ധനസഹായം ചെയ്യുന്നുണ്ട്. സൗജന്യനിരക്കിൽ കുരുമുളകു വള്ളികൾ വിതരണം ചെയ്തു കഴിഞ്ഞു.

### കവുങ്ങ് കൃഷി

കവുങ്ങ് കൃഷിയെ സാരമായി ബാധിക്കുന്ന മഹാളിരോഗം നിയന്ത്രിക്കുന്നതിന് സബ്സിഡി നിരക്കിൽ തുരിശ് വിതരണം ചെയ്യുന്നു. ജലസേചനസൗകര്യം മെച്ചപ്പെടുത്താൻ പമ്പ്സെററ്, കിണർ എന്നിവയ്ക്ക് സബ്സിഡി നൽകി വരുന്നു.

### കൃഷിഭവൻ മുഖേനയുള്ള നടീൽ വസ്തു വിതണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 300 | 550 | 430 |
| കശുമാവ് | 450 | 300 | 450 |
| കുരുമുളക് | 1400 | 3600 | 2500 |
| കവുങ്ങ് | 350 | 250 | 250 |
| കൊക്കോ | 130 | 150 | 100 |

### -ദുരിതാശ്വാസ വിതരണം

| വർഷം | പ്രകൃതി ക്ഷോഭത്തിൻെറ സ്വഭാവം | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|
| 1993-94 | - | - | - |
| 1994-95 | കൊടുങ്കാററ് | 104 | 17,000 |
| 1995-96 | കൊടുങ്കാററ് | 21 | 2923 |

### പച്ചക്കറി കൃഷി

വിദ്യാർത്ഥികളെ പച്ചക്കറികൃഷിയിൽ താല്പര്യമുള്ളവരാക്കുന്നതിനു വേണ്ടി സ്കൂളുകളിൽ സൗജന്യമായി പച്ചക്കറി വിത്ത് വിതരണം ചെയ്യുന്നു. നല്ല രീതിയിൽ പച്ചക്കറി കൃഷി നടത്തുന്ന വിദ്യാരത്ഥികൾക്ക് സമ്മാനം നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. പൊതുജനങ്ങൾക്ക് പച്ചക്കറി വിത്തുകൾ സൗജന്യനിരക്കിൽ നൽകുന്നു.

### ഫലവർഗ്ഗകൃഷി

ഫലവർഗ്ഗകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടീൽ വസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. പേര, സപ്പോട്ട, നെല്ലി, മാതളം, ചാമ്പ തുടങ്ങിയ തൈകൾ വിതരണം ചെയ്യുകയുണ്ടായി.

### സുഗന്ധ വിളകൾ

സുഗന്ധ വിള വികസന പദ്ധതി പ്രകാരം 25 സെൻററ് സ്ഥലത്ത് ഇഞ്ചി കൃഷി നടത്തുന്ന കർഷകർക്ക് സബ്സിഡി നിരക്കിൽ കീടനാശിനി വിതരണവും, കൃഷിക്ക് സാമ്പത്തിക സഹായവും നൽകി വരുന്നു. 100 ഗ്രാമ്പൂ തൈകളും, 20 കറുവപ്പട്ട തൈകളും സൗജന്യനിരക്കിൽ വിതരണം ചെയ്യുകയുണ്ടായി.

### റബ്ബർ കൃഷി

കടങ്ങോട് പഞ്ചായത്തിൽ 85 ഹെക്ടറിലാണ് റബ്ബർ കൃഷി ചെയ്യുന്നത്. റബ്ബർ കൃഷിയോട് പൊതുവെ കർഷകരുടെയിടയിൽ ആഭിമുഖ്യം വർദ്ധിച്ചുവരികയാണ്.

റബ്ബർ കൃഷിക്കു ഒരു ആനുകൂല്യങ്ങളും ഇപ്പോൾ പഞ്ചായത്തിൽ ലഭിക്കുന്നില്ല. ടാപ്പിംഗ് തൊഴിലാളികളുടെ ലഭ്യത വളരെ കുറവാണ്. യുവാക്കളെ തെരഞ്ഞെടുത്ത് ടാപ്പിംഗ് പരിശീലനം കൊടുക്കേണ്ടത് ആവശ്യമാണ്. റബ്ബർ കർഷക സമിതി പഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടില്ല.

### കണിക ജലസേചന പദ്ധതി

തെങ്ങുകൃഷിക്ക് ജല ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുവാൻ കണിക ജലസേചനം നടപ്പിലാക്കുവാൻ ഹെക്ടറൊന്നിന് പരമാവധി 15000/- രൂപ സബ്സിഡി നൽകുന്നു. കണിക ജലസേചനം വഴി തെങ്ങിൻെറ ഉൽപാദനം ശരാശരി ഒരു തെങ്ങിന് 70 നാളികേരമായി വർദ്ധിപ്പിക്കാം.

## പ്രത്യേക ഘടക പദ്ധതി

പ്രത്യേക ഘടക പദ്ധതി പ്രകാരം പട്ടിക ജാതി - പട്ടിക്ക വർഗ്ഗക്കാർക്ക് സൗജന്യമായി പണിയായുധങ്ങൾ വിതരണം ചെയ്യുന്നു. കിണർ കുഴിക്കുവാൻ 6000/- രൂപ സബ്സിഡി. പട്ടിക ജാതി - പട്ടിക്ക വർഗ്ഗക്കാർക്ക് ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുവാൻ 8900/- രൂപ സബ്സിഡി. ഭൂരഹിതരായ പട്ടിക ജാതി - പട്ടിക്ക വർഗ്ഗക്കാർക്ക് ഭൂമി വാങ്ങിച്ചു കൊടുക്കുന്നതിന് 25000/- രൂപ സബ്സിഡി നൽകുന്നു.

## മണ്ണു പരിശോധന

മണ്ണിനനുസരിച്ച് വള പ്രയോഗം നടത്തുന്നതിന് കൃഷി വകുപ്പ് മുഖേന മണ്ണു പരിശോധന സൗജന്യമായി ചെയ്തു കൊടുക്കുന്നു.

### പഞ്ചായത്തിലെ പൊതുകുളങ്ങളുടെ വിവരം

| വാർഡ് നമ്പർ | കുളങ്ങളുടെ പേരുവിവരം |
|---|---|
| 1 | പക്കംകുളം |
| 2 | വെള്ളാട്ടുക്കുളം<br>ചെമ്പ്രയൂർകുളം<br>തട്ടുകുളം<br>തച്ചൻകോട്ട് കുളം |
| 3 | വെള്ളറക്കാട്ട് പാറക്കുളം<br>കൈയ്തുറ കുളം |
| 4 | വെങ്കുളം<br>പയംകുളം<br>പോത്തോട്ടു കുളം |
| 5 | പാറക്കുളം |
| 6 | കിടങ്ങൂർ മാത്തൂർ കുളം |
| 7 | - |
| 8 | ചേലപ്പുഴക്കുളം<br>അടിയൻ കുളം |
| 9 | കാട്ടിൻ ചിറക്കുളം |
| 10 | പന്നിക്കുളം<br>പുടവകാടിക്കുളം |
| 11 | വടുകും പുളിച്ചിറ<br>പുഞ്ചക്കുളം |

## പ്രകൃതിക്ഷോഭ ദുരിതാശ്വാസം

പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾ നഷ്ടപ്പെടുന്ന കൃഷിക്കാർക്ക് നഷ്ടപരിഹാരത്തുക നൽക്കുന്ന പദ്ധതിയാണിത്.

## വിള ഇൻഷ്വറൻസ് പദ്ധതി

നിശ്ചിത പ്രീമിയം അടച്ച് വിവിധ കാർഷിക വിളകൾ ഇൻഷ്വർ ചെയ്യുന്ന കർഷകർക്ക് വിളനാശം സംഭവിക്കുന്ന പക്ഷം ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നു.

## യുവജന തൊഴിൽ ദാന പദ്ധതി

യുവജന തൊഴിൽ ദാന പദ്ധതിയിൽ അംഗങ്ങളായവർക്ക് കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് മുഖേന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

## ജലസേചനം

കാലവർഷം സാധാരണയായി ജൂൺ മുതൽ ഒക്ടോബർ മാസം വരെയാണ് പഞ്ചായത്തിൽ ലഭിക്കുന്നത്. കഴിഞ്ഞ 10 വർഷത്തെ മഴയുടെ തോത് 2.76 മീററാണ്. നവംബർ മുതൽ മേയ് മാസം വരെ വരണ്ട കാലാവസ്ഥയാണ്. മാർച്ച് മുതൽ മേയ്മാസം വരെ കൊടും വരൾച്ച അനുഭവപ്പെടുന്നു. ഇക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം പഞ്ചായത്തിൽ അനുഭവപ്പെടുന്നു.

പഞ്ചായത്തിൽ സ്ഥിരമായ ജലസേചന ശ്രോതസ്സുകൾ ഇല്ല. കുളങ്ങൾ, കൈതോടുകൾ ഇവയെയാണ് പ്രധാനമായും കർഷകർ ജലസേചനത്തിന് ആശ്രയിക്കുന്നത്. 19 പൊതു കുളങ്ങളാണ് പഞ്ചാ

യത്തിൽ ഉള്ളത്. പറമ്പുകളിൽ കിണറുകളെ ആശ്രയിച്ചാണ് ജലസേചനം നടത്തുന്നത്.

ഇറിഗേഷൻ ഡിപ്പാർട്ട്മെൻറ് വകയായി രണ്ട് ചിറകളും ഒമ്പത് മൈനർ ഇറിഗേഷൻ സ്ലൂയിസുകളുമാണ് ഈ പഞ്ചായത്തിലുള്ളത്. ആദൂർ ചിറ, മുള്ളിങ്ങൽ ചിറ എന്നിവയാണ് ചിറകൾ. പുതിയതായി മൂന്ന് സ്ലൂയിസുകളുടെ പദ്ധതികൾ ചിറമനങ്ങാട് തോട്ടിലുണ്ട്. ഒരെണ്ണം ടെണ്ടർ കഴിഞ്ഞു. രണ്ടെണ്ണത്തിൻെറ നടപടി ക്രമങ്ങൾ തുടർന്നു കൊണ്ടിരിക്കുന്നു. വെള്ളറക്കാട് തോട്ടിൽ രണ്ട് സ്ലൂയീസുകൾ കൂടി പണിയേണ്ടതുണ്ട്. ആയതിൻെറ നടപടികൾ നടന്നു വരുന്നു.

കടങ്ങോട് പഞ്ചായത്തിൽ ആറ് തോടുകളുണ്ട്. യഥാസമയം അററകുററപണികൾ നടത്തി വൃത്തിയാക്കാത്തതിനാൽ ഇവയിൽ കൂടി ശരിയായ നീരൊഴുക്കില്ല. വർഷക്കാലത്ത് ഈ തോടുകളുടെ വശങ്ങൾ പൊട്ടി കൃഷിക്ക് കാര്യമായ നാശനഷ്ടം സംഭവിക്കുന്നു. വശങ്ങൾ സുരക്ഷിതമല്ലാത്തതിനാൽ വേനൽക്കാലത്ത് ജലം സംഭരിച്ച് നിർത്താൻ കഴിയുന്നില്ല. ഈ തോടുകൾ അററകുററപ്പണികൾ നടത്തി വൃത്തിയാക്കുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുകയും ചെയ്താൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുവാൻ സാധിക്കും.

## ഗ്രാമസഭകളുടെ പൊതു താല്പര്യങ്ങൾ

മല്ലൻകുഴി ജലസേചന പദ്ധതി നടപ്പിലാക്കേണ്ടത് പലവാർഡുകളുടേയും ഒരു പൊതു ആവശ്യമാണ്. പഞ്ചായത്തിലെ വിവിധ തോടുകൾ അറകുററപ്പണികൾ നടത്തി വൃത്തിയാക്കണമെന്നത് മറെറാരു പൊതു നിർദ്ദേശമാണ്. ഇത് ജലസേചന സൗകര്യം വർദ്ധിപ്പിക്കും. പഞ്ചായത്തിലെ പല കുളങ്ങളും പുറമ്പോക്കു ഭൂമിയും സ്വകാര്യ വ്യക്തികൾ കൈയടക്കി വെച്ചിരിക്കുകയാണെന്നൊരു പരാതി ഗ്രാമസഭകളിൽ വ്യാപകമായി ഉയർന്നു. ഇതിനെതിരെ നടപടി ഉണ്ടാകേണ്ടത് ഒരു ജനകീയ ആവശ്യമാണ്. തോടുകളിൽ തടയണകൾ കെട്ടി ജലം സംഭരിക്കുന്നതിനാവശ്യമായ നടപടികൾ ചെയ്യുന്നത് വേനൽക്കാലത്തെ ജലദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കും. ഫാം റോഡുകൾ പണിയണമെന്നത് ഗ്രാമസഭകളിലെ മറെറാരു പൊതു ആവശ്യമായിരുന്നു. പഞ്ചായത്തിലെ കാർഷിക ഉൽപന്നങ്ങൾ വിററഴിക്കാൻ സ്വന്തമായി ഒരു വിപണിയില്ല. സഹകരണാടിസ്ഥാനത്തിൽ ഒരു കാർഷികോല്പന്ന വിപണന സൊസൈററി പന്നിത്തടം കേന്ദ്രമാക്കി ആരംഭിക്കണമെന്നത് മറെറാരു പൊതു നിർദ്ദേശമായിരുന്നു. കൃഷിഭവന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുകയും കാർഷിക സഹായങ്ങൾ അതാതു സമയത്തു തന്നെ ലഭ്യമാക്കുകയും വേണമെന്ന ആവശ്യവും ഉയർന്നു. വിത്ത്, നടീൽ വസ്തുക്കൾ, വളം, കീടനാശിനികൾ ഇവ യഥാസമയത്ത് കൃഷിഭവനിലൂടെ കർഷകർക്ക് ലഭ്യമാക്കണം. □

# മൃഗസംരക്ഷണവും, മത്സ്യബന്ധനവും

## മൃഗസംരക്ഷണം

കടങ്ങോട് ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ കന്നുകാലികളുടെ എണ്ണത്തെ സംബന്ധിച്ച്

പശു:-

നാടൻ / സങ്കരം 1987

| M | F | Breedardo |
|---|---|---|
| 175 | 1674 | 977 |

| M | F | Breedardo |
|---|---|---|
| 42 | 500 | 304 |

ആട്:

| M | F |
|---|---|
| 347 | 1459 |

എരുമ:

| M | F | Breedardo |
|---|---|---|
| 216 | 125 | 62 |

നായ:

| |
|---|
| 713 |

പക്ഷികളുടെ എണ്ണം

കോഴി:-

| നാടൻ | മേല്ത്തരം |
|---|---|
| 12298 | 141 |

താറാവ്:

| |
|---|
| 21 |

പന്നി:

| |
|---|
| ഇല്ല |

പ്രവണതകൾ:-

1. നാടൻ ഇനം പശുക്കൾ കുറഞ്ഞുവരികയും; സങ്കര ഇനം പശുക്കളുടെ എണ്ണം വളരെയധികം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. നാടൻ പശുക്കൾക്ക് ഉത്പാദനശേഷി കുറവായിരുന്നു: പ്രസവം ഇടവേള കൂടതലാണ്: മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞു വരുന്നു: പാലിൻെറ ഉപയോഗവും; വിപണന സാദ്ധ്യതയും. വർദ്ധിപ്പിച്ചുകൊണ്ട് കൂടുതൽ ഉല്പാദനശേഷിയുള്ള സങ്കരവർഗ്ഗത്തെ ജനങ്ങൾ തെരഞ്ഞെടുക്കുന്നു; കൃത്രിമ ബീജസങ്കലനം വഴി നാടൻ ഇനങ്ങൾ തന്നെ കാലക്രമേണ സങ്കരവർഗ്ഗങ്ങളായി മാററിയിട്ടുണ്ട്.

2. എരുമകളുടെ എണ്ണം പഞ്ചായത്തിൽ കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. എരുമയും; പരിപാലനത്തിനാവശ്യമായ ബുദ്ധിമുട്ടുകളാണ് എരുമകളുടെ എണ്ണം കുറഞ്ഞു വരുവാനുള്ള മുഖ്യകാരണം:

3. ആടുകൾ മൊത്തത്തിൽ കുഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. തീററ ലഭ്യതയുടെ അഭാവമാണ് മുഖ്യകാരണം. ഇടനിലക്കാരുടെ ഇടപെടൽ; ജനങ്ങളുടെ ജീവിതനിലവാരത്തിൽ വന്ന മാററം ആടുവളർത്തലിൽ കുറവു വന്നിട്ടുണ്ട്.

4. കോഴികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായിട്ടാണ് കാണുന്നത്; പ്രത്യേകിച്ച് മേല്ത്തരം കോഴികളുടെ എണ്ണം. കൂടിവരുന്നുണ്ട്. ഇറച്ചി ; മുട്ട എന്നിവയുടെ ഉയർന്ന ആവശ്യം മേല്ത്തരം കോഴി വളർത്തലിനെ സഹായിച്ചിട്ടുണ്ട്.

5. താറാവുകളുടെ എണ്ണം കാലാനുസൃതമായി മാററം വന്നിട്ടില്ല. കായൽ; പുഴ, കോൾപാടങ്ങൾ എന്നിവയുടെ അഭാവം ഇവയുടെ വളർച്ചയെ മുരടിപ്പിക്കുന്നു.

6. ഇപ്പോഴത്തെ കണക്കുപ്രകാരം ലൈസൻസുള്ള പട്ടികൾ ഒന്നും തന്നെയില്ല. ഇതിൻെറ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾ ഇതുവരെ മനസ്സിലാക്കിയിട്ടില്ല.

പുല്ല്; വൈക്കോൽ;
കാലിത്തീററ:-

മുൻ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി നെൽകൃഷി സ്ഥലം ചുരുങ്ങുകയും, വൈക്കോൽ ലഭ്യത ദുർബലമാകുകയും ചെയ്തു.

മേച്ചിൽ സ്ഥലങ്ങളായിരുന്ന കുന്നുകളും മററും ഇന്ന് മററു കാര്യങ്ങൾക്കായി ഉപയോഗിക്കുന്നു.

കാലിത്തീററയുടെ ആവശ്യകതയും, വില്പനയും വളരെയധികം വർദ്ധിച്ചിട്ടുണ്ട്.

7. മുട്ട; പാൽ; മാംസം:-

ആവശ്യത്തിനുള്ള മുട്ടയും; മാംസവും പഞ്ചായത്തിൽ ലഭ്യമല്ല. ആവശ്യത്തിൻെറ 90% വും പുറത്തുനിന്ന് കൊണ്ടു വരുന്നു. പാലുല്പാദനം പഞ്ചായത്തിൽ കുറഞ്ഞു വരുന്നതായി കാണുന്നു. ഉല്പാദിപ്പിക്കുന്ന പാലിനുതന്നെ വിപണന സൗകര്യം അപര്യാപതമാണ്.

8. സ്ഥാപനങ്ങളുടെ പ്രവർത്തനം:-

മൃഗാശുപത്രിയുടെ പ്രവർത്തന മേഖല വർദ്ധിപ്പിക്കണം. ക്ഷീരവിപണന സംഘങ്ങളുടെ എണ്ണം ആകെ രണ്ട്. എയ്യാലും; വെള്ളറക്കാടും. പന്നിത്തടത്തുണ്ടായിരുന്ന സംഘം അടുത്തകാലത്ത് വെച്ച് നിന്നുപോയി!

പഞ്ചായത്തിൽ അംഗീകരിച്ച അറവുശാലകൾ ഒന്നും തന്നെ ഇല്ല. അനധികൃതമായിട്ടുള്ള അറവുകളാണ് നടക്കുന്നത്.

മൃഗങ്ങളെ ഉപയോഗിച്ചു കൊണ്ടുള്ള വണ്ടികളുടെ എണ്ണം പഞ്ചായത്തിൽ വളരെ കുറവാണ്. മറു സൗകര്യങ്ങളുടെ വർദ്ധനവ് കാരണം വണ്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.

പേവിഷബാധ:-

കഴിഞ്ഞവർഷം മരത്തംക്കോട് മൃഗാശുപത്രിയിൽ 108 വളർത്തുനായ്ക്കളെ പ്രതിരോധകുത്തിവെയ്പിന് വിധേയമാക്കിയിട്ടുണ്ട്. ഒരു ബോധൽക്കരണ ക്യാമ്പും നടത്തുകയുണ്ടായി. വരും വർഷങ്ങളിൽ പേവിഷബാധ ഘട്ടംഘട്ടമായി നിർമാർജ്ജനം ചെയ്യുകയാണ് ഇപ്പോഴത്തെ ലക്ഷ്യം.

ഇപ്പോൾ കടങ്ങോട് ഗ്രാമപഞ്ചായത്തിലെ മരത്തംക്കോട് മൃഗാശുപത്രിയിൽ താഴെ പറയുന്ന പദ്ധതികളാണ് നടപ്പാക്കികൊണ്ടിരിക്കുന്നത്.

1. ഗോരക്ഷാ ക്യാമ്പ് - കന്നുക്കാലികൾക്ക് പ്രതിരോധകുത്തിവെയ്പുകൾ നല്കുക, വന്ധ്യതാനിവാരണ മാർഗ്ഗങ്ങളും ചികിത്സയും നൽകുക. ഇൻഷ്വുറൻസ് സൗകര്യം ഏർപ്പെടുത്തുക എന്നിവയാണ് ലക്ഷ്യം.

2. പേവിഷ നിർമാർജ്ജന പദ്ധതി - ഘട്ടംഘട്ടമായി പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുകയാണ് ലക്ഷ്യം.

3. വീട്ടുമുററത്തെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സബ്സിഡി നിരക്കിൽ ഏകദ്ദേശം രണ്ട് മാസം പ്രായമായ കോഴികളെ നൽകുന്ന പദ്ധതി.

മൃഗസംരക്ഷണ മേഖലയിൽ കടങ്ങോട് ഗ്രാമപഞ്ചായത്തിൽ വളരെ സാധ്യതകൾ ഉണ്ട്. ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക പഞ്ചായത്തിലെ സ്ത്രീകളെ കൂടുതലായി ഈ രംഗത്തേക്ക് കൊണ്ടുവരിക.

മൃഗസംരക്ഷണം; സാധ്യതകൾ

I പാലുല്പാദനം:-

(a) "വീടൊന്നിന് ഒരു പശു" - മൊത്തം പാലുല്പാദനവും ഉപഭോഗവും വർദ്ധിക്കും. ഉപതൊഴിൽ എന്ന രീതിയിൽ ഉപകരിക്കും.

(b) ഡയറി യൂണിററുകൾ സ്ഥാപിയ്ക്കുക: മിനി ഡയറി യൂണിററുകളെയാണ് പ്രധനമായും സ്ഥാപിയേക്കേണ്ടത്. സ്വയം തൊഴിൽ വർദ്ധിപ്പിയ്ക്കുന്നതിന് വളരെ സാധ്യതയുള്ളതാണ്. ഉല്പാദനം വർദ്ധിപ്പിയ്ക്കും. വരുമാനം വർദ്ധിപ്പിയ്ക്കും, ജീവിത നിലവാരം ഉയർത്തും.

തൊഴുത്ത് നിർമ്മാണത്തിന് സബ്സിഡി നൽകുക.

(c) ചെറിയ തോതിലുള്ള എരുമ വളർത്തൽ യൂണിററുകൾ പഞ്ചായത്തിൽ സാധ്യത കാണുന്നുണ്ട്.

(d) കിടാരി വളർത്തൽ യൂണിററുകൾ: സബ്സിഡി നിരക്കിൽ ഗുണമേന്മയുള്ള കാലിതീററ വിതരണം ചെയ്യുക.

(e) തീററ പുൽകൃഷി വ്യാപകമാക്കുക - കൃഷിവകുപ്പുമായി സഹകരിച്ച് തീററ പുൽകൃഷി വ്യാപകമാക്കുക. തീററ ചിലവ് വളരെ കുറയ്ക്കുവാൻ സാധിയ്ക്കും.

(f) ശാസ്ത്രീയമായ പരിചരണം, കറവ, വൈക്കോൽ സംപുഷ്ടീകരണം എന്നിവയ്ക്ക് ആവശ്യമായ ട്രൈനിങ്ങ് സൗകര്യം ഏർപ്പെടുത്തുക.

(g) ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.

പാൽ വിപണനം:-

(a) വാർഡുതോറും പാൽ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

(b) സ്വയം തൊഴിലായി വ്യക്തികൾ ചേർന്ന പാൽ സംഭരിച്ച വില്ക്കുന്ന രീതിയ്ക്ക് വളരെ സാധ്യതകളുണ്ട്. പഞ്ചായത്തിൽ പ്രധാന സെൻററുകളിൽ മിൽക്ക് ബൂത്തുകൾ സ്ഥാപിയ്ക്കുക.

മാംസം, മുട്ട - ഉല്പാദനം, വിപണനം സാധ്യതകൾ

(a) വാർഡുതോറും ഇറച്ചികോഴി വളർത്തൽ ഫാമുകൾ സ്ഥാപിയ്ക്കുക. സ്വയം തൊഴിലായും, വരുമാനം വർദ്ധിക്കാനുള്ള ഉപാധിയുമാണിത്.

(b) വീട്ടുമുറത്തെ കോഴി വളർത്തൽ വ്യാപിപ്പിയ്ക്കുക:- മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തതനേടാൻ ഇതുമൂലം സാധിയ്ക്കുന്ന താണ്.

(c) ആടു വളർത്തലിന് വളരെ സാധ്യതയുണ്ട്:- ആടുവളർത്തൽ യൂണിററുകൾ കടങ്ങോട് പഞ്ചായത്തിൽ വളര സാധ്യതയുള്ള മേഖലയാണ്.

(d) പന്നിവളർത്തൽ:- പന്നിയിറച്ചിയുടെ ഉല്പാദനം വർദ്ധിപ്പിക്കും. വരുമാനം വർദ്ധിപ്പിയ്ക്കും. ഹോട്ടൽ അവശിഷ്ടങ്ങൾ, പച്ചക്കറി മാർക്കററ് അവശിഷ്ടങ്ങൾ നല്കി വളർത്താവുന്നതാണ്. സമീപ പ്രദേശത്തും പഞ്ചായത്തിലും മാർക്കററ് സൗകര്യമുണ്ട്. വിപണനത്തിന് സാധ്യതകൾ വളരെയാണ്.

(e) ഇറച്ചിമുയൽ വളർത്തൽ - ഇറച്ചിമുയൽ വളർത്തൽ പഞ്ചായത്തിൽ വളരെ സാദ്ധ്യതയുള്ള മേഖലയാണ്. സ്ത്രീകൾക്ക് വളരെ ലളിതമായി വർത്താവുന്നതാണ്.

(f) കാട വളർത്തൽ - സ്ത്രീ പങ്കാളിത്തം ഉപയോഗിക്കാവുന്നതാണ്. ഉപതൊഴിലായി സ്വീകരിയ്ക്കാവുന്നതാണ്.

III സ്ഥാപനങ്ങൾ

(a) മൃഗാശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കുക- സ്വന്തമായ കെട്ടിടം ടെലഫോൺ, വാഹനസൗകര്യം, ലാബറട്ടി സൗകര്യം ഏർപ്പെടത്തുക, പഞ്ചായത്തിൽ സബ്സെൻറർ സ്ഥാപിയ്ക്കുക.

(b) അറവുശാല:- പഞ്ചായത്തിൻെറ കീഴിൽ ഒരു അറവുശാല സ്ഥാപിയ്ക്കുക. മാംസം പരിശോധന നിർബന്ധമാക്കുക.

IV പേവിഷബാധ നിർമാർജ്ജന പദ്ധതി:-

ഘട്ടംഘട്ടമായി പേവിഷബാധ നിർമാർജനം ചെയ്യുക. വളർത്തു നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുക, തെരുവു നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കുക. ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിയ്ക്കുക.

V മൃഗസംരക്ഷണമേള:-

കന്നുകാലി പ്രദർശനവും മൃഗസംരക്ഷണമേളയും വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് സെമിനാറും സംഘടിപ്പിയക്കുക. നല്ല കന്നുകാലി കർഷകന് എല്ലാവർഷവും പഞ്ചായത്ത് തലത്തിൽ അവാർഡും ഏർപ്പെടുത്തുക.

## ജലസമ്പത്ത്

കുളങ്ങൾ:-

കടങ്ങോട് ഗ്രാമ പഞ്ചായത്തിൽ 16 കുളങ്ങൾ രജിസ്ട്രേഡ് ഉണ്ട്.

പുഴ, തോട്:-

എയ്യാൽ ഭാഗത്തുകൂടി ഒരു പുഴ ഒഴുകുന്നു. വർഷങ്ങളിൽ മത്സ്യം ലേലം ചെയ്യുന്നുണ്ട്. തോടുകൾ ഉപയോഗശൂന്യമായവയാണ്.

പക്കം കുളം, നീട്ടിയത്തുകുളം, നെടു കുളം, അരക്കുളം, പാറക്കുളം, കൈതറ കുളം, കാട്ടിൽ ചിറകുളം, ആടും കുളം, അയ്യപ്പൻ കുളം, ആദൂർ പുത്തൻ തോട്, പടുകൻ പുളിചിറ, നെടുമാൻ തോട്, പുഞ്ചകുളം, നക്കം കുളം, അടിയാൻ കുളം തുടങ്ങിയവ.

ഓരോന്നും 30 സെൻറ് മുതൽ 40 സെൻറ് വരെ വിസ്തീർണ്ണമുണ്ട്.

## മത്സ്യബന്ധനം



മത്സ്യ തൊഴിലാളികൾ എണ്ണം ചുരുങ്ങി വരുന്നു. കായൽ, കടൽ, എന്നിവയുടെ അഭാവം, പരിമിതമായ തോടുകൾ, കുളങ്ങൾ, പാടങ്ങൾ, അവയിൽ തന്നെ മത്സ്യങ്ങൾ വളരെ കുറവാണ്. അടുത്ത കാലത്ത് പടർന്നു പിടിച്ച മത്സ്യ രോഗ ത്തിൽ നാടൻ മത്സ്യങ്ങൾ എല്ലാം തന്നെ ഏറെക്കുറെ അപ്രത്യക്ഷമായി.

നാടൻ ഇനങ്ങൾക്ക് ആവശ്യമേറെയാണ് ലഭ്യതകുറവ്.

സാദ്ധ്യതകൾ:-

നിലവിലുള്ള കുളങ്ങൾ, തോടുകൾ എന്നിവ മത്സ്യബന്ധനത്തിന് ഉപയോഗയോഗ്യമാക്കിതീർക്കുക. മത്സ്യരോഗങ്ങൾക്ക് നിവാരണം കണ്ടെത്തുക.

1. മത്സ്യം വളർത്തൽ പ്രോത്സാഹിപ്പിക്കുക.

സ്വയം തൊഴിലിന് സാധ്യതകാണുന്ന മേഖലയാണിത്. അഭ്യസ്ത വിദ്യരായ ചെപ്പക്കാരെ ആകർഷിക്കുന്നതിന് വായ്പ സൗകര്യം വർദ്ധിപ്പിക്കുക.

വീടുകളിലെ ചെറിയ കുളങ്ങളിൽ മത്സ്യം വളർത്തലിന് പ്രോത്സാഹനം നൽകുക. ഇത് മത്സ്യമാംസത്തിൻെറ കാര്യത്തിൽ സ്വയം പര്യാപ്തത നേടുവാൻ ഉപകരിക്കും. വരുമാനം വർദ്ധിപ്പിക്കും. വീടുകളിലെ കിണറുകളിൽ മത്സ്യം വളർത്തുവാൻ വേണ്ടുന്ന നടപടികളും ബോധനവും പഞ്ചായത്ത് സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കുക. □

# വിദ്യാഭ്യാസം

ഒരു രാജ്യത്തിൻെറ വികസന ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ, ''സാക്ഷരതയുള്ള ജനത'' എന്ന ഘടകം അനിവാര്യമാണ്. സാക്ഷരതയുള്ള ജനതയെ സൃഷ്ടിക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് പരമ പ്രധാനമാണ്. വിദ്യാഭ്യാസം ലഭിക്കണമെങ്കിൽ അതിനുള്ള ഭൗതിക സാഹചര്യം ഉണ്ടാവുകയും വേണം. ഈ നിലയിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം പരിശോധിക്കുമ്പോൾ ആശാവഹമായ പുരോഗതി ഒന്നും ഉണ്ടായിട്ടില്ല എന്നതാണ് സത്യം.

ഈ പഞ്ചായത്തിൽ ലോവർ പ്രൈമറി സ്കൂളായി സർക്കാർ തലത്തിൽ 2 ഉം, സ്വകാര്യ മേഖലയിൽ 4 ഉം അപ്പർ പ്രൈമറി സ്കൂളായി സ്വകാര്യ മേഖലയിൽ 2 ഉം, അൺ എയ്ഡഡായി 1 ഉം ഹൈസ്കൂൾ തലത്തിൽ സർക്കാർ മേഖലയിൽ 1 ഉം ആണുള്ളത്. കൂടാതെ പാരലൽ കോളേജുകളും, ട്യൂഷൻ സെൻററുകളും നെഴ്സറി സ്കൂളുകളും, അംഗൻ വാടികളും സമീപ പ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമാണ്, വിദ്യാഭ്യാസം സാധ്യമാക്കുന്നതിൽ നിർണ്ണായകമായ മററ് ഘടകങ്ങൾ.

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആദ്യത്തേത് വെള്ളറക്കാട് സ്കൂളാണ്. ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തല്ല സ്കൂൾ പ്രവർത്തിച്ചിരുന്നത്.

അൺഎയ്ഡഡ് സ്കൂൾ ഒഴിവാക്കിയാൽ 4081 വിദ്യാർത്ഥികളും 138 അദ്ധ്യാപകരും പഞ്ചായത്തിൽ ഉണ്ട്.

ഗ്രാമ സഭകളിൽ നിന്നു വന്ന നിർദ്ദേശങ്ങൾ

1. സംസ്ഥാന തലത്തിൽ SSLC ക്ക് വിജയശതമാനം കുറഞ്ഞുവരുന്ന സ്കൂളുകളിൽ ഒന്നായ മരത്തംകോട് സർക്കാർ ഹൈസ്കൂളിനെ, ഈ സ്ഥിതിയിൽ നിന്ന് മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള കൂട്ടായ പ്രവർത്തനങ്ങൾ കാഴ്ചവെക്കണം.

2. പഞ്ചായത്തിൻെറ ഭൂവിസ്തൃതിയും, ജനസംഖ്യയും കണക്കാക്കി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവണം.

3. നിലവിലുള്ള സ്ഥാപനങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തണം.

4. ഓരോ വിഷയവും കൈകാര്യം ചെയ്യുന്നതിന് വേണ്ട അദ്ധ്യാപകരെ നിയമിക്കണം.

5. അദ്ധ്യാപക വിദ്യാർത്ഥി ബന്ധം മെച്ചപ്പെട്ടതാകുവാൻ വേണ്ട തലത്തിൽ പി. ടി. എ. കമ്മററികൾ പ്രവർത്തിക്കണം.

6. കലാ-കായിക രംഗത്ത് വിദ്യാർത്ഥികളുടെ കഴിവുകൾ വളർത്തുന്നതിനായി കളി സ്ഥലങ്ങളും കളി സാമഗ്രികളും ഉണ്ടാക്കികൊടുക്കണം.

7. സമീപ പ്രദേശങ്ങളിൽ പോയി പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള യാത്രാക്ലേശം പരിഹരിക്കണം.

8. എയ്യാൽ സമാജം സ്കൂൾ സർക്കാർ സ്ഥിരമായി ഏററെടുക്കണം.

9. മരത്തംകോട് ഹൈസ്കൂളിൽ പ്ലസ്-ടു തുടങ്ങണം.

10. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങണം.

11. അംഗൻ വാടികളുടെ ശോചനീയസ്ഥിതി പരിഹരിക്കണം.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്

2. നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിവിഷനുകളുടെ കുറവ്, അദ്ധ്യാപകരുടെ കുറവ്, പാശ്ചാത്തല സൗകര്യം ഇല്ലായ്മ. രസകരമയാ പഠനമില്ലായ്മ.

3. പ്രത്യേക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള അദ്ധ്യാപകരുടെ കുറവ്

4. നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർത്തൽ ചെയ്യുന്നതിനുള്ള ശ്രമം.

5. സമീപ പ്രദേശങ്ങളിൽ പോയി വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികളുടെ യാത്രാക്ലേശം.

6. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്.

7. പി ടി എ കമ്മററികളുടെ പ്രവർത്തനം തൃപ്തികരമല്ലാത്തത്.

8. അനാവശ്യ സമരങ്ങൾ സംഘടിപ്പിക്കുന്നത്

9. നെഴ്സറി . സ്കൂളുകളുടെ കുറവും, അംഗൻ വാടികളുടെ ശോചനീയാവസ്ഥയും.

10. ഗ്രന്ഥശാലകൾ / വായനശാലകൾ എന്നിവ അതിൻേറതായ

പങ്ക് ഈ രംഗത്ത് നടപ്പാക്കാതിരിക്കുന്നത്.

## പരിഹാര നിർദ്ദേശങ്ങൾ

1. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി, ഒരു ഗേൾസ് ഹൈസ്ക്കൂളും, വിവിധ പ്രദേശങ്ങളിലെ വിദ്യാർത്ഥികളുടെ തോതനുസരിച്ച് പുതിയ എൽ. പി., യു. പി. സ്കൂളുകളും അനുവദിക്കുക. സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി സർക്കാർ ഗ്രാൻറ് അനുവദിക്കുകയും ബാക്കി സംഖ്യ പി ടി എ കമ്മററികൾ സ്വരൂപിക്കുകയും ചെയ്യുക. സ്ഥലം പഞ്ചായത്ത് തലത്തിൽ ഏറെറടുക്കുകയും ചെയ്യണം.

2. നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന്, കെട്ടിടങ്ങളുടെ അററകുററ പണികൾ നടത്തുക, ആവശ്യമായ ഫർണീച്ചറുകൾ വാങ്ങുക എന്നീ കാര്യങ്ങൾ പി ടി എ കമ്മററിയും, ഡിവഷനുകൾ വർദ്ധിപ്പിക്കുക, തനതു വിഷയങ്ങൾ കൈകാര്യം ചെയ്യാൻ കഴിവുള്ള അദ്ധ്യാപകരെ നിയമിക്കുക എന്നീ കാര്യങ്ങൾക്ക് സർക്കാരും തയ്യാറാവണം.

3. എയ്യാൽ സമാജം സ്കൂൾ നിർത്തൽ ചെയ്യുന്നതിനുള്ള ശ്രമം പി. ടി. എ. കമ്മററിയുടെ നേതൃത്ത്വത്തിൽ തടയുകയും, സർക്കാർ പ്രസ്തുത സ്കൂൾ സ്ഥിരമായി ഏറെറടുക്കുകയും ചെയ്യണം.

4. വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പഠിക്കാനും, അത് വഴി അദ്ധ്യാപനം നടത്താനും അദ്ധ്യാപകർ ശ്രമിക്കണം. പി ടി എ കമ്മററികൾ അതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചു കൊടുക്കണം. ഈ രണ്ട് ശ്രമങ്ങളും യോജിച്ച് പോയാൽ വിജയശതമാനം ഗണനീയമായി വർദ്ധിക്കും. അനാവശ്യ സമരങ്ങൾ ഒഴിവാക്കാൻ കഴിയും.

5. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം കൊണ്ടു വരുന്നതിന് പഞ്ചായത്ത് തലത്തിൽ ശ്രമം നടത്തണം.

6. സമീപ പ്രദേശങ്ങളിൽ പോയി വിദ്യാഭ്യാസം നടത്തുന്നവരുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് പി ടി എ കമ്മററി, വിദ്യാർത്ഥി പ്രതിനിധികൾ അദ്ധ്യാപക പ്രതിനിധികൾ, ബസ്സുടമാ പ്രതിനിധികൾ എന്നവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കുകയും ആ സമിതിയുടെ പരിഹാര നിർദ്ദേശങ്ങൾ എല്ലാവരും അംഗീകരിക്കാൻ തയ്യാറാവുകയും ചെയ്യൽ.

7. പുതിയ നെഴ്സറി സ്കൂളുകൾ തുടങ്ങുന്നതിനും, അംഗൻവാടികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിലും, സന്നദ്ധ സംഘടനാ തലത്തിലും കൂട്ടായ പ്രവർത്തനം വേണം.

8. സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയുന്നതിനും, വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും വേണ്ടി ഗ്രന്ഥശാലകൾ / വായനശാലകൾ മുതലായവ ഗുണകരമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കണം.

9. പട്ടിക ജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സഹായം ഉയർത്തുന്നതിനും, കൃത്യസമയത്ത് വിതരണം ചെയ്യുന്നതിനും സർക്കാർ ശ്രദ്ധിക്കണം.

10. പാഠ്യപുസ്തകങ്ങൾ അദ്ധ്യയനവർഷം തുടങ്ങുമ്പോൾ തന്നെ വിതരണം ചെയ്യണം.

11. ഹൈസ്കൂൾ തലത്തിൽ കളിസ്ഥലവും, കളിസാമഗ്രികളും സംഘടപ്പിക്കുകയും, വിദ്യാർത്ഥികളുടെ കായിക നിലവാരം ഉയർത്തുകയും വേണം.

□

# പട്ടിക - സ്ക്കൂളിൻെറ പൊതുവിവരം

| സ്ക്കൂളിൻെറ പേര് | സ്കൂളിൻെറ ഉടമസ്ഥത | | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്ക്കൂൾ ക്യാമ്പസിൻെറ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിൻെറ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണം | മററ് കുറിപ്പുകൾ, ചുററുമതിൽ, അററകുററ പണികൾ, ഫർണീച്ചർ തുടങ്ങിയവ സംബന്ധിച്ച |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഹൈസ്ക്കൂൾ എൽ. പി., യു. പി. പ്രീപ്രൈമറി | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരം ഇല്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്ററ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1 സമാജം എൽ. പി. എസ്. എയ്യാൽ | എൽ. പി. | - | - | - | 119 | 107 | 226 | 9 | 9 | - | - | - | 0.5 ഏക്കർ | - | - | PTA യാണ് ചെയ്യുന്നത് |
| 2 സർക്കാർ ഹൈസ്ക്കൂൾ മരത്തംകോട് | ഹൈ ക്കൂൾ | | - | - | - | 374 | 317 | 691 | 23 | 221 | - | - | 2 ഏക്കർ | - | - | ചുററുമതിൽ പൂർണ്ണമല്ല |
| 3 എം. ജി. എം. എൽ. പി. എസ്. ചിറമനനേങ്ങാട് | എൽ. പി. | - | | - | - | 86 | 111 | 197 | 9 | 9 | | | 56 സെൻറ് | - | - | ഒരു വശത്തിലുണ്ട് |
| 4 എം. ജി. എം. എൽ. പി. എസ്. മരത്തംകോട് | എൽ. പി. | - | | - | - | 221 | 223 | 444 | 14 | 14 | - | - | 1 ഏക്കർ | - | - | ചുററുമതിലുണ്ട് |
| 5 വി. എസ്. യു. പി. എസ് വെള്ളറക്കാട് | യു. പി. | - | | - | - | 546 | 522 | 1068 | 37 | 36 | - | 1 | 1 ഏക്കർ 65 സെൻറ് | 65 സെൻറ് | | ഒരു ഭാഗം മതിലുണ്ട് |
| 6 മഹാത്മ എൽ. പി. എസ് ആളൂർ | എൽ. പി. | - | | - | - | 131 | 93 | 224 | 7 | 7 | - | - | 51 സെൻറ് | - | - | കമ്പി വേലിയുണ്ട് |
| 7 എം. പി. യു. പി. എസ് മരത്തംകോട് | യു. പി. | - | | - | - | 498 | 432 | 930 | 32 | 32 | - | - | 22 ഏക്കർ 99 സെൻറ് | 1 ഏക്കർ | - | ചുററു മതിൽ ഇല്ല. |
| 8 സർക്കാർ എൽ പി. എസ് കടങ്ങോട് | എൽ. പി. | | - | - | - | 115 | 115 | 230 | 7 | 7 | - | - | 45 സെക്കൻറ് | - | - | ഫർണീച്ചറിൻെറ കുറവുണ്ട് |
| 9 സർക്കാർ എൽ. പി. എസ്. മണ്ടംപറമ്പ് | എൽ. പി. | | - | - | - | 37 | 34 | 71 | 4 | 2 | 2 | - | 1 ഏക്കർ | - | 50 സെൻറ് | പൂർണ്ണമായും മതിലില്ല |
| 10 കോൺകോഡ് പന്നിത്തടം | യു. പി. | - | - | - | | | | 560 | 22 | 22 | - | - | 5 ഏക്കർ | 2 ഏക്കർ | - | ചുററും കമ്പി വേലി |

# അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട് / ഇല്ല / പ്രവർത്തിക്കുന്നു / ഇല്ല | ലബോറട്ടറി / സയൻസ് കോർണർ ഉണ്ട് / ഇല്ല / പ്രവർത്തിക്കുന്നു / ഇല്ല | പഠനോപകരണങ്ങൾ (മാപ്പുകൾ ചാർട്ടുകൾ) (ഗ്ലോബുകൾ / ഉണ്ട് / ഇല്ല | ദൃശ്യ - ശ്രാവ്യ ഉപകരണങ്ങൾ - എണ്ണം | | | | | | | | ബ്ലാക്ക ബോർഡ് | | 95-96 ൽ ലഭിച്ച അദ്ധ്യയന ദിനങ്ങൾ | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | പ്രത്യേക കാരണങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം / സജീവമല്ല | ക്ലസ്റ്റർ റൂം. പി. ടി. എ ക... പ്രവർത്തിക്കുന്നു / ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ് റിക്കോർഡർ | ടി. വി. സെററ് | വി. സി. ആർ. വി. സി. പി. | സ്ലൈഡ് പ്രൊജക്ടർ | സിനിമാ പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| സമാജം എൽ. പി. എസ് എയ്യാൽ | - | സയൻസ് കോർണ്ണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 3 | 9 | 192 | ഇല്ല | ഇല്ല | സജീവം | ഉണ്ട് |
| സർക്കാർ ഹൈസ്ക്കൂൾ മരത്തംകോട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ,, | ഉണ്ട് | ,, | 12 | 12 | 192 | ,, | 2 | ,, | ,, |
| എം. ജി. എം. എൽ. പി. എസ്. ചിറമനേങ്ങാട് | ഇല്ല | ഇല്ല | ,, | ഉണ്ട് | ,, | ,, | ,, | ഇല്ല | ,, | ഇല്ല | ,, | - | 9 | 192 | ,, | ,, | ,, | ,, |
| എം. ജി. എം. എൽ. പി. എസ്. മരത്തംകോട് | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, | - | 12 | 192 | ,, | ,, | ,, | ,, |
| സി. എസ്. യു. പി. എസ്. വെള്ളറക്കാട് | ,, | ,, | ,, | ഇല്ല | ,, | ,, | ,, | ,, | ,, | ,, | ,, | - | 30 | 192 | ,, | ,, | ,, | ,, |
| മഹാത്മ എൽ. പി. എസ് ആളൂർ | ,, | സയൻസ് കോർണ്ണർ | ,, | ഉണ്ട് | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, | - | 8 | 192 | ,, | ,, | ,, | ,, |
| എം. പി. എം. യു. പി. എസ്. മരത്തകോട് | ,, | ,, | ,, | ഇല്ല | ഇല്ല | ,, | ,, | ,, | ,, | ,, | ,, | 3 | 18 | 192 | ,, | ,, | ,, | ,, |
| ജി. എൽ. പി. എസ് കടങ്ങോട് | ഇല്ല | ഇല്ല | ഇല്ല | ,, | ,, | ,, | ,, | ,, | ,, | ,, | ,, | 6 | 3 | 193 | ,, | 5 | ,, | ,, |
| സർക്കാർ എൽ. പി. എസ് മണ്ടംപറമ്പ് | ഉണ്ട് | ,, | ,, | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, | ,, | - | 4 | 192 | ,, | 5 | ,, | ,, |
| കോൺകോഡ് പന്നിത്തടം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, | - | 15 | 193 | ,, | ,, | ,, | ,, |

# പട്ടിക - സ്ക്കൂളിൻെറ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്ക്കൂളിൻെറ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം / മുറി നിർമ്മിക്കാനുള്ള ഭൂമി ഉണ്ട് /ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം. | ഇനി ആവശ്യമുള്ളതിൻെറ എണ്ണം | നിലവിലുള്ള കക്കൂസിൻെറ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല കിണർ, പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചക മുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ? മതിയാകും/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധ സ്ഥിരം | താത്ക്കാലികം | സ്ഥിരം | അർദ്ധ സ്ഥിരം | താത്ക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| സമാജം എൽ. പി. എസ്. എയ്യാൽ | 8 | 3 | 1 | - | 8 | 2 | - | - | - | 1 | 4 | - | 1 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 10 | 10 | 1 | 5 | 3 |
| സർക്കാർ ഹൈസ്ക്കൂൾ മരത്തംകോട് | 12 | 1 | 1 | 1 | 13 | - | - | - | ഉണ്ട് | 3 | 10 | 2 | 2 | 1 | ഉണ്ട് കിണർ | „ | ഇല്ല | ഉണ്ട് | „ | 50 | 50 | 14 | 14 | 2 |
| എം. ജി. എം. എൽ. പി. എസ് ചറമനേങ്ങാട് | 7 | 2 | - | - | 12 | - | - | - | - | 2 | - | 2 | 2 | - | „ | „ | ഉണ്ട് | ഇല്ല | „ | 10 | 10 | - | - | 2 |
| എം. ജി. എം. എൽ. പി. എസ് മരത്തംകോട് | 12 | - | - | - | 12 | - | - | - | - | 2 | - | 2 | 2 | - | „ | „ | ഉണ്ട് | „ | 1 | - | - | - | - | - |
| വി. എസ്. യു. പി. എസ് വെള്ളറക്കാട് | 28 | 13 | - | - | 34 | - | - | - | - | 1 | 2 | - | 1 | - | „ | „ | „ | „ | „ | - | - | - | - | - |
| മഹാത്മ എൽ. പി. എസ് ആളൂർ | 7 | 4 | - | - | 8 | - | - | - | ഉണ്ട് | 1 | 1 | - | - | - | ഇല്ല | „ | „ | „ | „ | - | - | - | - | - |
| എം. പി. എം. യു. പി. എസ് മരത്തകോട് | 23 | 8 | - | - | 26 | - | - | - | - | 3 | 25 | - | 2 | - | „ | „ | „ | „ | „ | - | - | - | - | - |
| സർക്കാർ എൽ. പി. എസ് കടങ്ങോട് | 7 | 1 | - | - | 10 | - | - | - | - | 2 | 20 | 1 | 1 | 1 | „ | „ | ഇല്ല | ഉണ്ട | „ | 25 | 15 | 8 | 8 | 7 |
| സർക്കാർ എൽ. പി. എസ് മണ്ടംപറമ്പ് | 3 | 3 | - | - | 9 | - | - | - | - | 1 | 4 | 2 | 1 | 1 | „ | ഇല്ല | ഉണ്ട് | „ | „ | - | - | - | - | - |
| കോൺകോഡ് | 19 | - | 3 | - | 5 | 14 | 10 | ഉണ്ട് | 2 | 8 | 5 | 2 | - | ഉണ്ട് | ഉണ്ട് | ഇല്ല | „ | മതി | 140 | 140 | 23 | 40 | 10 | |

# ആരോഗ്യം - കുടിവെള്ളം പരിസരശുചീകരണം



## ആരോഗ്യം

ഈ പഞ്ചായത്തിൽ ചികിത്സാസൗകര്യങ്ങൾക്കായി സർക്കാർ മേഖലയിൽ 1 പ്രൈമറി ഹെൽത്ത് സെൻറർ, 5 സബ് സെൻറർ, 1 ആയുർവ്വേദ ആശുപത്രി എന്നിവയും, സ്വകാര്യമേഖലയിൽ 1 അലോപ്പതി ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്.

ജനന മരണ നിരക്ക് പരിശോധിക്കുമ്പോൾ ജനനം 92-93ൽ 32.57.ഉം, 93-94ൽ 33.14ഉം, 94-95ൽ 32.6ഉം ആകുന്നു. മരണം 92-93ൽ 3.95. 93-94 ൽ 2.93ഉം, 94-95ൽ 3.2 ആകുന്നു. കുഞ്ഞുങ്ങളുടെ കണക്ക് എടുക്കുമ്പോൾ 1 വയസ്സിന് താഴെയുള്ളവർ 408ഉം, 1വയസ്സിനും 5 വയസ്സിനും ഇടയ്ക്ക് പ്രായമുള്ളവർ 1784 ഉം ആണ്. 22 അംഗൻവാടികൾ നിലവിലുണ്ട്. കുഷ്ഠരോഗനിർമ്മാർജ്ജനത്തിനുള്ള MDT ചികിത്സാ പരിപാടിയിലൂടെ 92-93ൽ 41ഉം, 93-93ൽ 8ഉം, 94-95ൽ 33ഉം 95-96ൽ 6ഉം വ്യക്തികൾ രോഗവിമുക്തരായി.

### *ഗ്രാമസഭാനിർദ്ദേശങ്ങൾ*

1. പ്രൈമറി ഹെൽത്ത് സെൻറർ, സബ്സെൻററുകൾ ആയുർവ്വേദ ആശുപത്രി എന്നിവയുടെ പ്രവർത്തനം ഊർജ്ജപ്പെടുത്തുക

2. കൊതുക് നിവാരണം, പേപ്പട്ടിശല്യം എന്നിവ നിയന്ത്രിക്കുന്നതിന് വേണ്ടനടപടികൾ കൈക്കൊള്ളുക

3. വ്യാജമദ്യവിൽപ്പന നിർത്തൽ ചെയ്യണം

4. പൊതുശ്മശാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം.

5. സർക്കാർ തലത്തിൽ ഹോമിയോ ആശുപത്രിനിർമ്മിക്കൽ

6. അംഗൻവാടികൾ വർദ്ധിപ്പിക്കൽ

7. രക്തഗ്രൂപ്പ് നിർണ്ണയം നടത്തി പഞ്ചായത്ത് തല റജിസ്ററർ സൂക്ഷിക്കൽ

### *നടപ്പുപരിപാടികൾ*

പ്രൈമറി ഹെൽത്ത് സെൻറർ, സബ്സെൻറർ എന്നിവമുഖേന പ്രതിരോധ കുത്തിവെയ്പ്പുകൾ യഥാക്രമം നടത്തുന്നു. നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് രോഗികൾക്ക് ചികിത്സനടത്തുന്നു. ആരോഗ്യസർവ്വേ ഫലപ്രദമായ രീതിയിൽ നടത്തി. അംഗൻവാടികളിലൂടെ പോഷകാഹാരവിതരണം, ആരോഗ്യരംഗത്ത് അനുവർത്തിക്കേണ്ടകാര്യങ്ങളെക്കുറിച്ച് അമ്മമാരെ ബോധവത്കരിക്കൽ കുഞ്ഞുങ്ങളുടെ സംരക്ഷണം മുതലായവ നടത്തുന്നു. പട്ടിവളർത്തലിന് ലൈസൻസ് ഏർപ്പെടുത്തി. കുടുംബാസൂത്രണപരിപാടികൾക്ക് പ്രോത്സാഹനം നല്കി വരുന്നു.

### *പ്രശ്നങ്ങൾ*

1. പ്രൈമറിഹെൽത്ത് സെൻറർ, ആയുർവ്വേദ ആശുപത്രി എന്നിവയുടെ ഇന്നത്തെ ശോചനീയാവസ്ഥ

2. ഹോമിയോ ആശുപത്രിയുടെ അഭാവം

3. ശ്മശാനങ്ങളുടെ സംരക്ഷണക്കുറവ്

4. അംഗൻവാടികളുടെ കുറവ്

5. സബ്സെൻററുകൾക്ക് കെട്ടിടമില്ലായ്മ

### *പരിഹാരനിർദ്ദേശങ്ങൾ*

1. പ്രൈമറി ഹെൽത്ത് സെൻററിന് വേണ്ടിവാങ്ങിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുകയും ആശുപത്രിയെ കമ്മ്യൂണിററി ഹെൽത്ത് സെൻററായി ഉയർത്തുകയും ചെയ്യുക.

2. സബ്സെൻററുകളിൽ കെട്ടിടമില്ലാത്തവക്ക് കെട്ടിടം ഉണ്ടാക്കിക്കൊടുക്കുകയും· അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യണം.

3. സ്വന്തമായ സ്ഥലത്ത് സ്ഥിതിചെയ്യുന്ന ആയുർവ്വേദാശുപത്രിക്ക് താലൂക്ക് ആസ്ഥാന പദവി നല്കുകയും അതിലേക്കായി ആശുപത്രിയുടെ പ്രവർത്തനം ഉയർത്തുകയും ചെയ്യുക.

4. ആയുർവ്വേദ ആശുപത്രിയുടെ നാമധേയമായ ശ്രീ കൈകുളങ്ങര രാമവാര്യരുടെ പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ ഗവേഷണം നടത്തി അദ്ദേഹത്തിന്റെ സംഭാവനകൾക്ക് വേണ്ട അംഗീകാരം നല്കണം.

5. പാരമ്പര്യ ചികിത്സ, വിഷചികിത്സ മുതലായവക്ക് വേണ്ടത്ര പ്രചരണം നല്കൽ.

6. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

7. പഞ്ചായത്തിലെ ആകെയുള്ള ജനങ്ങളുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് സർവ്വേനടത്തി ഒരു രജിസ്ററർ സൂക്ഷിക്കുക.

8. ആരോഗ്യപ്രശ്നങ്ങളെ ക്കുറിച്ച് ബോധവൽക്കരണം നടത്തൽ

## കുടിവെള്ളം

ഈ പഞ്ചായത്തിൽ കുടിവെള്ളപ്രശ്നം ഒരു പരിധിവരെ പരിഹരിക്കുന്നത് കിണറുകളെ ആശ്രയിച്ചാണ്. ഏകദേശം 60% കുടുംബങ്ങളിലും കിണറുണ്ട്. പൊതുകിണറുകൾ 32 ഉം കുഴൽകിണറുകൾ 22 ഉം, ടാപ്പുകൾ മണ്ടംപറമ്പ് എയ്യാൽ എന്നീ മേഖലകളിലായി 24 ഉം ആണ്.

### *ഗ്രാമസഭാനിർദ്ദേശങ്ങൾ.*

1. മല്ലംകുഴിപദ്ധതി നടപ്പിലാക്കണം.

2. കടങ്ങോട് സമഗ്രശുദ്ധജല വിതരണപദ്ധതി നടപ്പിലാക്കുക.

3. പൊതുകിണറുകൾ കുഴിക്കുകയും ഉള്ളവ സംരക്ഷിക്കുകയും ചെയ്യുക.

4. മിച്ചഭൂമി, പട്ടികജാതി കോളനി, ലക്ഷംവീട്കോളനി എന്നിവയിൽ പൈപ്പ്ലൈൻ നീട്ടി ടാപ്പുവെക്കുക.

5. സ്വകാര്യകിണർകുഴിക്കുന്നതിന് സഹായം നല്കണം.

### *നടപ്പ് പരിപാടികൾ*

കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി 3 പദ്ധതികൾ നിലവിലുണ്ട്

1. പ്രത്യേക ഘടകപദ്ധതി: വെള്ളറക്കാട്ടു പട്ടികജാതി കോളനികൾക്കുവേണ്ടി കുടിവെള്ള പ്രശ്നം പരിഹരിക്കൽ എന്ന ലക്ഷ്യം പൂർത്തീകരിക്കുമ്പോൾ, വെള്ളറക്കാട്, കുഴിപ്പോത്ത്, നീണ്ടൂർ, മരത്തംകോട്, അരിക്കാട്ട്കുണ്ട്, ആദൂർ, മണ്ണാൻകുന്ന്, തേരങ്ങി, എയ്യാൽ, അമ്പലം എന്നീ പട്ടികജാതി കോളനികളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുക.

2. ARP കടങ്ങോട് കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ഈ പദ്ധതിമൂലം കടങ്ങോട് പഞ്ചായത്തിനും സമീപപഞ്ചായത്തിനും കുടിവെള്ളം ലഭിക്കുന്നു. ഈ രണ്ടുപദ്ധതികളുംകൂടി ഒരുമിച്ച് 90 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. ഈ പദ്ധതി നടപ്പിൽവന്ന് കഴിയുമ്പോൾ വാട്ടർ ടാങ്കും, 50 ടാപ്പുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപയോഗത്തിൽ വരും.

3. ARWSS കടങ്ങോട്: 1997ൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന ഈ പദ്ധതി നടപ്പിൽ വരുന്നതോടെ ഈ പഞ്ചായത്തിലെ 80% കുടിവെള്ള പ്രശ്നവും പരിഹരിക്കും.

### *പ്രശ്നങ്ങൾ*

1.പൊതുവേ ജലദൗർലഭ്യം അനുഭവപ്പെടുന്നു.

2. കുഴൽകിണറുകൾ, പൊതുകിണറുകൾ എന്നിവയുടെ തകരാറ്.

3. നിലവിലുള്ള പൈപ്പ്ലൈനുകളുടെ തകരാറ്

4. സ്വകാര്യകിണറുകൾ കുഴിക്കുന്നതിനുള്ള സാമ്പത്തികശേഷിയില്ലായ്മ

### *പരിഹാരനിർദ്ദേശങ്ങൾ*

1. കടങ്ങോട് സമഗ്രജലവിതരണപദ്ധതി ഉടൻ കമ്മീഷൻ ചെയ്യേണ്ടതാണ്.

2. മല്ലംകുഴി പദ്ധതി നടപ്പിലാക്കണം.

3. പുതിയ കുഴൽ കിണറുകൾ, കിണറുകൾ എന്നിവ അനുവദിക്കുകയും ഉള്ളവ സംരക്ഷിക്കുകയും ചെയ്യുക.

4. പട്ടികജാതികാർക്കുള്ള ശുദ്ധജലവിതരണപദ്ധതിയുടെ എല്ലാ ഗുണവും എല്ലാ കോളനികളിലും എത്തിക്കൽ.

5. സ്വകാര്യ കിണറുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

6. മിച്ചഭൂമിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ.

## പരിസരശുചീകരണം

പഞ്ചായത്തിലെ 72% കുടുംബങ്ങൾക്കും ഉപയോഗപ്രദമായ കക്കൂസുകളുണ്ട്. പരിസരശുചീകരണത്തിനായി DDT തളിക്കൽ ബോധവത്ക്കരണ ക്ലാസ്സുകൾ മുതലായവ നടത്തുന്നു.

### *ഗ്രാമസഭയിൽനിന്ന് ഉയർന്ന നിർദ്ദേശങ്ങൾ*

1. കക്കൂസ് ഇല്ലാത്ത 1950 കുടുംബങ്ങൾക്ക് കക്കൂസ് അനുവദിക്കൽ.

2. പകർച്ചവ്യാധികൾ തടയുന്നതിനും പരിസരശുചീകരണത്തിനും വേണ്ട ബോധവത്കരണം നടത്തൽ.

3. പ്രധാനകേന്ദ്രങ്ങളിൽ കംഫർട്ട് സ്റേറഷൻ സ്ഥാപിക്കണം. പന്നിത്തടം സെൻററിലെ മലമൂത്രവിസർജ്ജനം പരസ്യമായി നടക്കുന്നത് തടയണം.

4. മത്സ്യമാംസവില്പനക്കായി മാർക്കററുകൾ സംഘടിപ്പിക്കുക.

5. പൊതു നിരത്തിലെ മത്സ്യമാംസവില്പന തടയുക

6. പൊതുനിരത്തുകൾ വൃത്തിയാക്കുന്നതിന് വേണ്ടനടപടി കൈക്കൊള്ളുക.

7. പൊതുശ്മശാനത്തിലെ മലിനജലം ഒഴുകിപോകുന്നതിന് വേണ്ട നടപടി കൈക്കൊള്ളണം.

### *നടപ്പ്പരിപാടികൾ*

പരിസരശുചീകരണത്തിനുള്ള ബോധവത്ക്കരണക്ലാസുകൾ നടത്തുന്നു. പ്രതിവർഷം 50വീതം കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. പകർച്ചവ്യാധികൾ തടയുന്നതിനായി വേണ്ടനടപടികൾകൈക്കൊള്ളുന്നു.

### *പ്രശ്നങ്ങൾ*

1. പൊതുനിരത്തുകളിൽ ചപ്പചവറുകളും മാലിന്യങ്ങളും കുന്നുകൂടി കിടക്കുന്നു.

2. പൊതുമാർക്കററ് ഇല്ലാത്തതിനാൽ റോഡരികില്ലുള്ള വില്പനയിലൂടെ പരിസരംമലിനമാകുന്നു.

3. അഴുക്ക്ചാലിൻെറ അഭാവം മൂലം മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നു.

4. കൊതുക്, പേപ്പട്ടിമുതലായവയുടെ ശല്യംകൂടിവരുന്നു.

5. പൊതുജല സ്ത്രോതസ്സുകൾ കന്നുകാലികളെ കഴുകിയും, വാഹനങ്ങൾ കഴുകിയും മലിനപ്പെടുത്തുന്നു.

6. പ്രധാനകേന്ദ്രങ്ങളിലെ കംഫർട്ട് സ്റേറഷൻ ഇല്ലായ്മ.

7. കക്കൂസ് ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണം കൂടുതൽ.

### *പരിഹാരനിർദ്ദേശങ്ങൾ*

1. പൊതുനിരത്തിലെ മാലിന്യങ്ങൾ വൃത്തിയാക്കുന്നതിന് വേണ്ട എല്ലാവിധ സംവിധാനങ്ങളും പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കണം.

2. പൊതുമാർക്കററുകൾ നിർമ്മിച്ച്, റോഡരികിലുള്ള മത്സ്യമാംസാദികളുടെ വില്പന നിരോധിക്കുക

3. അഴുക്ക്ചാൽ ഇല്ലാത്ത കേന്ദ്രങ്ങളിൽ ഓടകൾ നിർമ്മിച്ചും, ഉള്ളവ വൃത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കൽ

4. കൊതുക് നിവാരണം ലൈസൻസ് ഇല്ലാത്ത പട്ടികളെപിടികൂടൽ എന്നിവ ഫലപ്രദമായി നടപ്പാക്കണം.

5. പൊതുജലസ്രോതസ്സുകൾ മലിനമാക്കുന്നത് നിയമംമൂലം തടയണം

6. പന്നിത്തടം, വെള്ളറക്കാട്, മരത്തംകോട് എന്നീ പ്രധാന കേന്ദ്രങ്ങളിൽ കംഫർട്ട്സ്റേറഷൻ നിർമ്മിക്കുക.

7. പരിസരമലിനീകരണത്തിനെതിരെയുള്ള ബോധവൽക്കരണത്തിൽ സന്നദ്ധസംഘടനകൾ, ജനപ്രതിനിധികൾ പ്രമുഖവ്യക്തികൾ എന്നിവരുടെകൂട്ടായ പ്രവർത്തനം ഉണ്ടാക്കുക

8. കക്കൂസ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മാണത്തിന് വേണ്ടസഹായധനം അനുവദിക്കൽ.

❑

# വ്യവസായം

വ്യവസായികമായി പിന്നാക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് കടങ്ങോട്. ആധുനിക വ്യവസായമായി ഒന്നും തന്നെ ഈ പഞ്ചായത്തിൽ നിലവിലില്ല. കരിങ്കൽ കോറികളാണ് പ്രധാന വ്യവസായം. ഈ രംഗത്ത് ഏകദേശം 500 കുടുംബങ്ങളിലെ അംഗങ്ങൾ തൊഴിൽചെയ്തു വരുന്നു. ചെറുകിടവ്യവസായങ്ങളായി റജിസ്ററർ ചെയ്തവ.

| | | |
|---|---|---|
| 1. | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിററ് | 3 |
| 2. | നെല്ലുകുത്ത്കമ്പനി/ ഫ്ലവർമിൽ | 25 |
| 3. | മരക്കമ്പനി | 3 |
| 4. | വെൽഡിംഗ് യൂണിററ് | 3 |
| 5. | വൈരക്കൽ നിർമ്മാണ യൂണിററ് | 2 |
| 6. | ബുക്ക്ബൈൻറിംഗ് | 1 |
| 7. | അരിപ്പ നിർമ്മാണയൂണിററ് | 1 |
| 8. | ആണി നിർമ്മാണയൂണിററ് | 1 |
| 9. | ബൾബ്/ട്യൂബ് നിർമ്മാണത്തിനുള്ള മെഷിനറിയൂണിററ് | 1 |
| 10. | വിറക് വില്പനയൂണിററ് | 2 |
| 11. | ആയുർവ്വേദമരുന്ന് നിർമ്മാണം | 3 |
| 12. | അച്ചാർ നിർമ്മാണം. | 1 |
| 13. | പ്രസ്സ് | 3 |
| 14. | മെഴുകുതിരി നിർമ്മാണം | 2 |
| 15. | ഖാദിയൂണിററ് | 1 |
| 16. | ചന്ദനത്തിരിയൂണിററ് | 1 |
| 17. | ബീഡിനിർമ്മാണ യൂണിററ് | 1 |

ഇത് കൂടാതെയുള്ള കുടിൽ വ്യവസായങ്ങളിൽ പ്രധാനമായി വട്ടക്കണ്ണിനിർമ്മാണം, ചെരിപ്പ്നിർമ്മാണം, ചെണ്ടനിർമ്മാണം മുതലായവയും പരമ്പരാഗത വ്യവസായങ്ങളായി കുട്ടനെയ്ത്ത്, ഓട്ടുപാത്ര നിർമ്മാണം മുതലായവയും നടക്കുന്നുണ്ട്. ഈ മേഖലകളിലെല്ലാം കൂടി 300 കുടുംബങ്ങൾ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

### *ഗ്രാമസഭാനിർദ്ദേശങ്ങൾ*

1. കുട്ട നെയ്ത്ത് നിർമ്മാണ യൂണിററുകൾ തുടങ്ങുക
2. കല്ല്വെട്ട് വ്യവസായയൂണിററുകൾ തുടങ്ങുക
3. അച്ചടി വ്യവസായയൂണിററ് തുടങ്ങുക
4. ബീഡിനിർമ്മാണം സഹകരണസംഘാടിസ്ഥാനത്തിൽ ആരംഭിക്കുക.
5. സോപ്പ് നിർമ്മാണയൂണിററുകൾ ആരംഭിക്കുക
6. റബ്ബർവ്യവസായങ്ങൾക്കും അനുബന്ധവ്യവസായങ്ങൾക്കും വേണ്ടയൂണിററുകൾ ആരംഭിക്കൽ
7. ഖാദിസെൻററുകളുടെ പുനരുദ്ധാരണം.
8. കാർപ്പൻററിവർക്കിനും കൊത്തുപണികൾക്കും അനുയോജ്യമായ യൂണിററുകൾ സ്ഥാപിക്കൽ
9. ഓട്ടുപാത്രനിർമ്മാണ യൂണിററുകൾ ആരംഭിക്കൽ
10. പായനെയ്ത്തിന് വേണ്ട പ്രോത്സാഹനം
11. പൊതിയടക്ക നിർമ്മാണയൂണിററുകൾ തുടങ്ങൽ.
12. പപ്പടനിർമ്മാണ യൂണിററുകൾ തുടങ്ങൽ.
13. വൈരക്കൽ നിർമ്മാണ യൂണിററുകൾ തുടങ്ങൽ
14. തടിവ്യവസായയൂണിററ് തുടങ്ങൽ.
15. വട്ടക്കണ്ണിനിർമ്മാണ യൂണിററ് തുടങ്ങൽ.
16. അടക്ക, ജാതി, കൊപ്ര എന്നിവ വ്യവസായികാടിസ്ഥാനത്തിൽ വിപണനം നടത്തുന്നതിന് വേണ്ടകേന്ദ്രങ്ങൾ സ്ഥാപിക്കൽ.
17. കുടനിർമ്മാണയൂണിററുകൾ തുടങ്ങൽ
18. ബുക്ക് ബൈൻറിംഗ് യൂണിററുകൾ തുടങ്ങൽ
19. ഫർണിച്ചർ നിർമ്മാണയൂണിററ് തുടങ്ങൽ
20. ക്ലേ-പ്ലാസ്ററർ ഓഫ് പാരീസ് എന്നീ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രതിമ നിർമ്മിക്കുന്നതിന് വേണ്ട യൂണിററുകൾ തുടങ്ങൽ.
21. കൈത്തറി വ്യവസായയൂണിററ് തുടങ്ങൽ
22. ഹോളോബ്രിക്സ് യൂണിററ് തുടങ്ങൽ

23. കവുങ്ങിൻപാളകൊണ്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള യൂണിററ് തുടങ്ങൽ.

24. മെററൽ നിർമ്മാണം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കൽ.

25. അച്ചാർ നിർമ്മാണയൂണിററ് തുടങ്ങൽ

26. തീപ്പെട്ടിവ്യവസായ യൂണിററ് തുടങ്ങൽ

27. മെഴുക്തിരിവ്യവസായ യൂണിററ് തുടങ്ങൽ

28 ടെക്സ്ററയിൽ മിൽ ആരംഭിക്കൽ

29 ക്ഷീരോത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിററുകൾ തുടങ്ങൽ.

30. നിലവിലുള്ള യൂണിററുകൾക്ക് വേണ്ടത്രപശ്ചാത്തല സൗകര്യങ്ങൾ ഇല്ലായ്മ പരിഹരിക്കൽ.

## *നടപ്പ് പരിപാടികൾ*

വ്യവസായവകുപ്പിൽനിന്ന് വ്യവസായസംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പകൾ അനുവദിക്കുന്നു. ഈ വർഷം തന്നെ PMRYയിൽ 19 അപേക്ഷകർക്ക് വായ്പ് അനുവദിച്ചിട്ടുണ്ട്. പട്ടികജാതി വികസനകോർപ്പറേഷൻ, ഗ്രാമവികസനവകുപ്പ് എന്നിവയിലൂടെ ഈ വർഷം 25 പേർക്ക് കുടിൽ വ്യവസായം ആരംഭിക്കുന്നതിനുള്ള സഹായത്തിന് തെരഞ്ഞെടുത്തിട്ടുണ്ട്. സ്വകാര്യ ഏജൻസികൾ മുഖേനയും, സർക്കാരിൻെറ മററ് ധനകാര്യ സ്ഥാപനങ്ങൾ മുഖേനയും വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ വേണ്ട വായ്പകൾ അനുവദിക്കുന്നുണ്ട്.

## *പ്രശ്നങ്ങൾ*

1. സ്വന്തമായി വ്യവസായം തുടങ്ങുന്നതിനുള്ള സാമ്പത്തിക ശേഷി ഇല്ലായ്മ

2. വൈദ്യുതി പ്രശ്നങ്ങൾ

3. ഗ്രൂപ്പ് അടിസ്ഥാനത്തിൽ തൊഴിൽ സംരംഭം തുടങ്ങാനുള്ള സ്ത്രീകളുടെ താല്പര്യക്കുറവ്

4. വായ്പകൾ ലഭിക്കുന്നതിനുള്ള കാലതാമസം

5. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം

6. തൊഴിൽപ്രശ്നങ്ങൾ.

7. പരിസ്ഥിതിപ്രശ്നങ്ങൾ.

8. വിപണനസൗകര്യം ഇല്ലായ്മ.

## *പരിഹാരനിർദ്ദേശങ്ങൾ*

.1. പരമ്പരാഗത വ്യവസായങ്ങൾക്കും ചെറുകിട വ്യവസായങ്ങൾക്കും കുടിൽ വ്യവസായങ്ങൾക്കും അവ തുടങ്ങുന്നതിനുള്ള എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കുക.

2. ഗ്രാമസഭകളിൽനിന്ന് വന്ന നിർദ്ദേശങ്ങളിൽ അതത് പ്രദേശങ്ങളുടെ സാധ്യതകൾ പരിഗണിച്ച് വേണ്ടവ്യവസായയൂണിററുകൾ ആരംഭിക്കൽ.

3.വൈദ്യുതി പ്രശ്നപരിഹാരത്തിന് വേണ്ട നടപടി എടുക്കൽ.

4. സ്വന്തമായി വ്യവസായ സംരംഭം ആരംഭിക്കുന്നതിന് വേണ്ട വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കൽ.

5. പഞ്ചായത്തിൽ നിലവിലുള്ള ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയോ, പുതിയ ധനകാര്യസ്ഥാപനങ്ങൾ അനുവദിക്കുകയോ ചെയ്യുന്നതിന് വേണ്ട നടപടി എടുക്കൽ.

6. പഞ്ചായത്തിൽ ലഭിക്കാത്ത അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് ഉതകുന്ന പരിപാടികൾ ആവിഷ്കരിക്കൽ.

7. പരിസ്ഥിതിപ്രശ്നങ്ങൾ വരാത്തരീതിയിൽ വ്യവസായസംരംഭങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കൽ.

8. തൊഴിൽപ്രശ്നങ്ങൾ സമയാസമയങ്ങളിൽ പരിഹരിക്കൽ.

9. ഉല്പന്നങ്ങളുടെ വിപണനത്തിന് വേണ്ട സൗകര്യം ഏർപ്പെടുത്തൽ.

10. പാഴിയോട്ടുമുറിയിലെ ഖാദി കേന്ദ്രം പ്രവർത്തനക്ഷമമാക്കൽ.

11. കരിങ്കൽ വ്യവസായത്തിന് നിയമാനുസൃത സംരക്ഷണം ലഭിക്കുന്നതിന് വേണ്ട നടപടികൈക്കൊള്ളൽ.

12. മിനി വ്യവസായകേന്ദ്രം പഞ്ചായത്ത് തലത്തിൽ ആരംഭിക്കൽ.

13. ചെറുകിട വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് പ്രാധാന്യം കൊടുക്കൽ.

# ഊർജ്ജം — ഗതാഗതം

ഈ പഞ്ചായത്തിൽ തെരുവ്വിളക്കുകൾ 578ഉം റ്റ്യൂബ് ലൈററുകൾ 11ഉം. നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കളിൽ ഗാർഹിക ആവശ്യങ്ങൾക്കായി 4283 പേരും വ്യാപാര ആവശ്യങ്ങൾക്കായി 518 ഉം വ്യാവസായിക ആവശ്യങ്ങൾക്കായി 62ഉം കാർഷിക ആവശ്യങ്ങൾക്കായി 1663ഉം ഉപഭോക്താക്കളാണുള്ളത്. ട്രാൻ സ്ഫോർമറുകൾ ഈ പഞ്ചായതത്തിൽ 29ഉം വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ 22 മാണ്. കണക്ഷൻ ലഭിക്കാൻ 489 അപേക്ഷകൾ കൂടി ഇനിയുമുണ്ട്.

പഞ്ചായത്തിൽ ഉപയോഗിക്കുന്ന ഊർജ്ജവിഭവങ്ങൾ ഗാർഹികാവശ്യങ്ങൾക്ക് വിറക്, തെങ്ങ് ഉൽപന്നങ്ങൾ, കവുങ്ങ് ഉൽപന്നങ്ങൾ ചപ്പ്ചവറുകൾ, അറക്കാപ്പൊടി, വൈദ്യുതി, മണ്ണെണ്ണ, ഗ്യാസ് ഉൽപന്നങ്ങൾ, റബ്ബർകായത്തോട് തുടങ്ങിയവയും വ്യാവസായിക ആവശ്യങ്ങൾക്ക് വൈദ്യുതിയും പരമ്പരാഗതവ്യവസായങ്ങൾക്ക് കരിയും കാർഷിക ആവശ്യങ്ങൾക്ക് വൈദ്യുതി, മണ്ണെണ്ണ, ഡീസൽ, പെട്രോൾ തുടങ്ങിയവയുമാണ്.

പഞ്ചായത്തിൽ ഗണ്യമായ വിഭാഗം വിറക് വാങ്ങിക്കുന്നവരാണ്. അടുത്തകാലത്തായി ഗാർഹിക ഊർജ്ജവിഭവ ആവശ്യങ്ങൾക്കായി വിപണിയെ ആശ്രയിക്കേണ്ടിവരുന്നു.

ഗ്രാമസഭാനിർദ്ദേശങ്ങളിൽ നിന്ന് പ്രധാനമായും വൈദ്യുതിരംഗത്ത് പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലും തെരുവ്വിളക്കുകൾ സ്ഥാപിക്കുകയും വെളിച്ചമെത്താത്ത (വൈദ്യുതി) ഇനിയും സ്ഥലങ്ങൾ ഈ പഞ്ചായത്തിൽ അങ്ങിങ്ങും കാണുന്നുണ്ട്. അത്തരം സ്ഥലങ്ങളിലേക്ക്കൂടി വൈദ്യുതി എത്തിക്കുകയും എല്ലാവാർഡുകളിലും സെൻറുകളിൽ ഓരോ സോഡിയം ബൾബുകൾ സ്ഥാപിക്കുക എന്നതും പ്രധാനമായും നിർദ്ദേശിച്ചിരിക്കുന്നു.

കഴിഞ്ഞ നാല്വർഷത്തിനകം പുകയില്ലാത്ത അടുപ്പുകൾ 300 എണ്ണം സ്ഥാപിച്ചതിൽ 4ൽ 1 പ്രവർത്തനര ഹിതമായി കിടക്കുന്നു. ഗവ. L.P.G ഗ്യാസ് കണക്ഷൻ വടക്കാഞ്ചേരി കുന്നംകുളം ഇതിൽ ഏതെങ്കിലും ഒരു മേഖലയിൽ കടങ്ങോട് പഞ്ചായത്തിനെ ഉൾപ്പെടുത്തുക.

### *പ്രശ്നങ്ങൾ*

ഈ പഞ്ചായത്തിൽ ആകെയുള്ള 598 സ്ട്രീററ് ലൈററുകളിൽ പകുതിയോളം പ്രവർത്തനരഹിതമാവുകയാണ് .ആവശ്യമായ ബൾബുകൾ ഇലട്രിസിററി ബോർഡിൽനിന്നും ലഭിക്കാത്തതുതന്നെയാണം മുഖ്യപ്രശ്നം. കൂടാതെ ഈരംഗത്ത് വർദ്ധിച്ചുവരുന്ന അപ്രഖ്യാപിതകട്ടുകൾ ഗുണമേന്മയില്ലാത്ത ഇലക്ട്രിക്പോസ്ററുകൾ എന്നിവയും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഗുണമേന്മയില്ലാത്ത ട്രാൻസ്ഫോർമറുകളും ചിലപ്പോൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

### *സാധ്യതകൾ*

വൈദ്യുതിലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ ഒരു പരിധി വരെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഇവ മുറിച്ചു നീക്കാൻ സന്നദ്ധപ്രവർത്തനത്തിന് സാധ്യതയുണ്ട്.

## *ഗതാഗതം*

ഈ പഞ്ചായത്തിൽ ഇടവഴിറോഡുകൾ ശരാശരി 3 മീററർ വീതിയുള്ളവ 52.154 കിലോമീററും 6മീററർ വീതിയുള്ളവ (ടാറിട്ടത്) 18.200 മീറററും സോളിംഗ്നടത്തിയത് 10.കി.മീറററും, പഞ്ചായത്ത് മൺറോഡുകൾ ശരാശി 5 മീററർ വീതിയുള്ളവ 100.93 കി.മീററും P.W.D റോഡ് ശരാശരി 9മീററർ വീതിയുള്ളത് 19.450 കിലോമീററും ആകുന്നു. പുതിയതായി 20 കിലോമീറററോളം (പുതിയ റോഡുകൾ) പണിയേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു.

ആകെ റോഡിൻെറ 70% ത്തോളം സഞ്ചാരയോഗ്യമല്ലാത്തതും ഗതാഗതയോഗ്യമല്ലാത്തവയുമാണ്. ഈപഞ്ചായത്തിൻെറ 11 ഗ്രാമസഭകളിൽ നിന്നും കൂടുതൽ നിർദ്ദേശങ്ങൾ വന്നതും റോഡുകളെ സംബന്ധിച്ചാണ്. റോഡുകൾ സഞ്ചാരയോഗ്യമാക്കുക എന്നുള്ളത് പ്രധാനനിർദ്ദേശങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു.

### *പ്രശ്നങ്ങൾ*

റോഡുകളുടെ പ്രശ്നങ്ങളെക്കുറിച്ചെഴുതുമ്പോൾ ഗുണനിലവാരം വളരെ മോശമായ റോഡുകളിൽ ഓവുചാലുകളും കൾവെട്ടറുകളും പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ ഇല്ല എന്നുള്ളതാണ്. പലഭാഗങ്ങളിലും റോഡ് കയ്യേറി മതിലുകളും പീടികമുറികളും പണിയുന്നു. പഞ്ചായത്തിൻെറ എല്ലാതരത്തിലുമുള്ള റോഡിൻെറയും നീളം കണക്കിലെടുക്കുമ്പോൾ 50 ശതമാനത്തോളം കൾവെട്ടുകളേ സ്ഥാപിതമുള്ളൂ. മഴക്കാലത്ത് കയറി നിൽക്കാൻ കടങ്ങോട് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വെയിററിംഗ്ഷെഡ്ഡുകൾ ഇല്ലാത്തത് പ്രശ്നം തന്നെയാണ്. പുതിയതായി പ്രധാനപ്പെട്ട ചില ബസ്സ് റൂട്ടുകളും ഗ്രാമസഭകൾ നിർദ്ദേശിച്ചിരുന്നു. മറെറാരു പ്രധാനപ്രശ്നം റോഡുകളുടെ അററകുററപണികൾ വർഷത്തിൽ ഒരിക്കൽ പോലും നടത്തുന്നില്ല എന്നതാണ്. റോഡ് നീളത്തിൻെറ 75% ഓവ് ചാലുകളില്ല എന്നതും നീളവും വീതിയും വളരെകുറഞ്ഞിരിക്കുകയുമാണ്. സഞ്ചാരയോഗ്യമല്ലാതെ കിടക്കുന്ന പഞ്ചായത്തിലെ പ്രധാന റോഡുകളുടെ സ്ഥിതിയാണ് ദയനീയം. ആകെ റോഡുകളുടെ മുക്കാൽ ഭാഗത്തോളം സഞ്ചാരയോഗ്യമല്ലാത്ത റോ ഡുകളാണ്. ഈ പ്രശ്നങ്ങൾ ക്കെല്ലാം പരിഹാരമാർഗ്ഗം കണ്ടെത്തേണ്ടത് പരമപ്രധാനമാണ്.

### *പ്രശ്നങ്ങൾ സാധ്യതകൾ*

ഓരോവാർഡിലെയും മുൻഗണനാക്രമത്തിൽവന്ന രണ്ട് റോഡുകളുടെ നിർദ്ദേശങ്ങൾ.

ഒന്നാംവാർഡിലെ കടങ്ങോട്-കരിയന്നൂർ റോഡ് വഴി മണ്ടംപറമ്പ് മനപ്പടി കാദർപടി ചാലക്കൽപടി 8മീററർ ടാറിംഗ് നടത്തി നന്നാക്കുക.

മണ്ടംപറമ്പ് കോളനി-കുഴിപ്പോത്തുകോളനിറോഡ് 8മീററർ വീതികൂട്ടി ഗതാഗതയോഗ്യമാക്കുക. എന്നിവ മുൻഗണനാക്രമത്തിൽ ഗ്രാമസഭയിൽ ഉയർന്നുവന്നു.

ഒന്നാം വാർഡിൽ PWD റോഡ് വീതി കൂട്ടി 2 ബസ്സുകൾക്ക് പോകാവുന്നവിധം നന്നാക്കണമെന്നും ഈ റോഡിൽ പാടത്ത് സൈഡ് കെട്ടിയുയർത്തുകയും മുല്ലപ്പള്ളി-പാറപ്പുറം ആശാരിപ്പടിറോഡ് 3-ാം വാർഡുമായി ബന്ധിപ്പിക്കണമെന്നും ഗ്രാമസഭയിൽ നിർദ്ദേശിച്ചവയിൽ ഒന്നും രണ്ടും നിർദ്ദേശങ്ങളായി വരുന്നു.

3-ാം വാർഡിൽ വെള്ളറക്കാട്-കടങ്ങോട് തെക്കുമുറി റോഡ് മിൽപ്പടി (Via) ഒരുപാക്കിൽപടി തെക്കുമുറി വഴിയിൽ 8മീററർ വീതിയിൽ മല്ലിശ്ശേരി പുഞ്ചവരെ ടാർചെയ്ത് നിർത്തിയിരിക്കുന്നത് തുടർച്ചയായി അടിയന്തിരമായി ടാർ ചെയ്യണമെന്നും പാഴിയോട്ടുമുറി-കുടക്കുഴി-കടങ്ങോട് മിൽ റോഡ് 6മീററർ വീതിയുളളത് സഞ്ചാരയോഗ്യമാക്കണമെന്നും ഗ്രാമസഭ നിർദ്ദേശിക്കുകയുണ്ടായി.

നാലാംവാർഡിൽ വെള്ളറക്കാട്-അക്കിക്കാവ് (Via) ചിറമനേങ്ങാട് സെൻറർ വരെയുള്ളറോഡും ആനക്കല്ല് റോഡും സഞ്ചാരയോഗ്യമാക്കാൻ അഞ്ചാംവാർഡിൽ പരീത്ഹാജിറോഡും നന്നാക്കാൻ ഗ്രമസഭയിൽ മുൻഗണനാക്രമത്തിൽ നിർദ്ദേശിക്കുന്നു.

6-ാം വാർഡിൽ P.S.P റോഡിൽ നിന്നും പാടത്തിലേക്കുള്ളറോഡ് പടിഞ്ഞാററുമുറി റോഡുമായി ബന്ധിപ്പിക്കണമെന്നും കിടങ്ങൂർ ശാന്തവനംറോഡും കാർത്ത്യായനി ക്ഷേത്രം റോഡും ടാർചെയ്യുവാനും സഭ ആവശ്യപ്പെട്ടിരിക്കുന്നു.

7-ാം വാർഡിൽ എയ്യാൽ മരത്തംകോട് റോഡ് ടാർചെയ്യുവാനും മിച്ചഭൂമി ഹൈസ്ക്കൂൾ അക്കിക്കാവ് റോഡ് ടാർചെയ്യുവാനും നിർദ്ദേശിക്കുന്നു.

8-ാം വാർഡിൽ എയ്യാൽ ചർച്ച്റോഡ് ടാർചെയ്യുവാനും എയ്യാൽ ആദൂർറോഡ് റീ ടാർ ചെയ്യുവാനും ഗ്രാമസഭ നിർദ്ദേശിച്ചിരിക്കുന്നു.

9- ാം വാർഡിൽ ആദൂർ -നീണ്ടൂർ റോഡ് ടാർ ചെയ്യുവാനും എയ്യാൽ-ആദൂർ-തോന്നല്ലൂർ റോഡ് ടാർ ചെയ്യുവാനും ഗ്രാമസഭ നിർദ്ദേശിച്ചിരുന്നു.

10-ാം വാർഡിൽ വെള്ള

41

റക്കാട് ആററൂർ പൊടവക്കാടി റോഡ് ടാറിങ്ങ് പൂർത്തിയാക്കുവാനും വെള്ളറക്കാട് ചിങ്ങ്യൻകാവ് ആററൂർറോഡ് സഞ്ചാരയോഗ്യമാക്കാനും ഗ്രാമസഭനിർദ്ദേശിച്ചിരിക്കുന്നു.

11-ാം വാർഡിൽ വെള്ളറക്കാട് TO കടങ്ങോട് പെരുമ്പാറക്കുന്ന് ഹരിജൻ കോളനി റോഡ് വീതികൂട്ടിടാർചെയ്യുവാനും ദുബായ്പടി മണ്ണാംകുന്ന് റോഡ് വീതികൂട്ടി ടാർചെയ്യുവാനും ഗ്രാമസഭയിൽ ഉയർന്നു വന്നു.

പഞ്ചായത്തിലെ വണ്ടിത്താവളങ്ങളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ റെയിൽവേ-ബസ്സ്ററാൻറ് എന്നിവ ഇല്ലാത്ത പഞ്ചായത്തിൽ 3 ഓട്ടോറിക്ഷാ സ്ററാൻറും 2 കാർപാർക്കിംഗും നിലവിലുണ്ട്. ഇവിടുത്തെ ജനങ്ങൾ തൊട്ടടുത്ത റെയിൽവേസ്റേഷനിലേക്ക് 15 കിലോമീററർ ദൂരത്തിൽ വടക്കാഞ്ചേരിയിൽ ചെന്നെത്തുന്നു.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കാർപാർക്കിംഗ് ഓട്ടോസ്ററാൻറ് എന്നിവ പ്രയോജനകരമാണ്.

പഞ്ചായത്തിൽ പൊതു ആവശ്യമായി മാറിയിരിക്കുന്ന പെരുമ്പിലാവ് പന്നിത്തടം കേച്ചേരി റോഡ് വീതികൂട്ടി (കുന്നംകുളം ബൈപാസ്) ആക്കി മാററിയാൽ പെരുമ്പിലാവ് കുന്നംകുളം കേച്ചേരി ദൂരത്തിനേക്കാൾ 5. കി.മി. ദൂരം കുറയ്ക്കാൻ കഴിയും എന്നു മാത്രമല്ല ഇവിടുത്തെ ജനങ്ങൾക്ക് വളരെ പ്രയോജനകരമാവുകയും ചെയ്യും (1973ലും 76ലും സർവ്വെ നടത്തിയതാണ് ഈ റോഡ്)

## മാർക്കററ്

കടങ്ങോട് പഞ്ചായത്തിൽ മരത്തംകോട്, പന്നിത്തടം, വെള്ളറക്കാട് എന്നിവിടങ്ങളിൽ സ്വകാര്യമാർക്കററുകൾ ഉണ്ടായിരുന്നു. ഈ മാർക്കററുകളിലായിരുന്നു മത്സ്യമാംസ പച്ചക്കറി എന്നീ കച്ചവടങ്ങൾ നടന്നിരുന്നത്. എന്നാൽ സ്വകാര്യ ഏജൻസികൾ മാർക്കററ് വേണ്ട എന്ന് പഞ്ചായത്തിന് എഴുതിതന്നു. അതിൻെറ അടിസ്ഥാനത്തിൽ ലൈസൻസുള്ള മാർക്കററുകൾ ഈ പഞ്ചായത്തിലില്ല. ഇപ്പോൾ മത്സ്യമാംസപച്ചക്കറി വിൽപന നടത്തുന്നത് പൊതുവഴികളിലും വണ്ടികളിലുമാണ്. ഈ പഞ്ചായത്തിൽ മരത്തംകോട് പന്നിത്തടം, വെള്ളറക്കാട് പാഴിയോട്ടുമുറി കടങ്ങോട് എന്നീ സ്ഥലങ്ങളിൽ പൊതുമാർക്കററ് അടിയന്തിര ആവശ്യമാണ്.

ഈ പഞ്ചായത്തിന് മേൽപറഞ്ഞ മാർക്കററുകളുമായി ബന്ധപ്പെടുത്തി ഷോപ്പിംഗ് കോപ്ലക്സ് നിർമ്മിക്കുന്നത് പഞ്ചായത്തിൻെറ വരുമാനത്തിൽ മാററം വരുത്താൻ ഗുണകരമായിക്കും.

## *വാർത്താവിനിമയം*

ഈ പഞ്ചായത്തിൽ എരുമപ്പെട്ടി, കുന്നംകുളം, കേച്ചേരി പെരുമ്പിലാവ് എന്നീ ടെലിഫോൺ എക്സേഞ്ചുകളിലായി 175 ടെലിഫോൺ കണക്ഷനുകൾ നിലവിലുണ്ട്. 5STD ബൂത്തികളും 1 പബ്ലിക്ക് ബൂത്തും ഉണ്ട്.

ടെലിഫോൺ കണക്ഷന് അപേക്ഷിച്ചവർ ഈ പഞ്ചായത്തിൽ ഏകദേശം 250 പേരുണ്ട്.

പന്നിത്തടം സെൻററിൽ ഒരു ടെലിഫോൺ എക്സേഞ്ചും, മരത്തംകോട് പോസ്ററാഫീസിനോട് ചേർന്ന് ടെലിഗ്രാഫിക് ആഫീസും സ്ഥാപിച്ചാൽ ഒരു പരിധിവരെ ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാം.

**പഞ്ചായത്ത് പരിധിയിൽ വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകൾ**

| | | |
|---|---|---|
| 100KVA | ചെമ്മന്തട്ട | പരപ്പ് |
| 100KVA | എയ്യാൽ ചുങ്കം | അരിക്കാട് കുണ്ട് |
| 100KVA | കിഴക്കുമുറി | കടങ്ങോട് NoI |
| 100KVA | പാടം | കടങ്ങോട് NoII |
| 100KVA | പുതിയ മാന്തൂർ | കടങ്ങോട് NoIII |
| 100KVA | ചിറമനേങ്ങാട് | ആദൂർ NoI |
| 100KVA | കിടങ്ങൂർ | ആദൂർ NoII |
| 100KVA | മരത്തംകോട് | വെള്ളത്തേരി |
| 100KVA | പൂശപ്പുള്ളി | പൊന്നംകുന്ന് |
| 100KVA | പുലിപ്പാറ | |
| 100KVA | ചെമ്മന്തട്ട | |
| 100KVA | പൂശപ്പുള്ളി | |
| 100KVA | മരത്തംകോട് | |
| 100KVA | മരത്തംകോട് No:I,II | |
| 100KVA | കിടങ്ങൂർ | |
| 100KVA | പാവിട്ടുമുറി | |
| 100KVA | വെള്ളറക്കാട് | |
| 100KVA | മണ്ണാം കുന്ന് | |
| 100KVA | പയിനാപ്പിൾ | |

# പാർപ്പിടം - സാമൂഹ്യക്ഷേമം

ഈ പഞ്ചായത്തിൽ 1991 സെൻസസ് പ്രകാരം ആകെയുള്ള കുടുംബങ്ങൾ 6617 ആയിരുന്നു. പ്രതിവർഷം 1% വർദ്ധനവെന്ന നിരക്കിൽ കഴിഞ്ഞ 5 വർഷം കൊണ്ട് 370 വീടുകൾ വർദ്ധിച്ചു. നില വിലുള്ള 6987 വീടുകളുടെ ഗുണനിലവാരം പരിശോധിക്കു മ്പോൾ 2% വീടുകൾ അതായത് 139 എണ്ണം ഒന്നിൽ കൂടുതൽ നിലയുള്ളതും 17% വീടുകൾ അതായത് 1206 എണ്ണം കോൺക്രീറ്റ് കെട്ടിടങ്ങളും 59% വീടുകൾ അതായത് 4105 എണ്ണം ഓടുമേഞ്ഞ വയുമാണ്. ശേഷിക്കുന്ന 22% വീടുകൾ അതായത് 1537 എണ്ണം വാസയോഗ്യമല്ലാത്ത വയുമാണ്.

കെട്ടിടനിർമ്മാണ തൊഴി ലാളികളും ഭവനനിർമ്മാണത്തി നാവശ്യമായ വെട്ടുകല്ല്, കരി ങ്കല്ല് മുതലായ സാമഗ്രികളും ഈ പഞ്ചായത്തിൽ ആവശ്യ ത്തിനുണ്ട്.കോൺക്രീറ്റ് കെട്ടി ടങ്ങൾ പണിയുന്നതിനാണ് ജനങ്ങൾക്ക് കൂടുതൽ താത് പര്യം. വാസ്തുശില്പ രംഗ ത്തോ, ചെലവ് കുറഞ്ഞ ഭവ നനിർമ്മാണത്തിനോ വേണ്ടത്ര പ്രചാരണം ഈ പഞ്ചായത്തി ലില്ല.

### *ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ*

1. ഈ പഞ്ചായത്തിൽ 1800 ഓളം വീടുകൾ വാസയോഗ്യ മല്ലാത്തതാണ്. അവർക്ക് ഭവന നിർമ്മാണത്തിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടു ക്കണം.

2. പുറമ്പോക്കിൽ താമസിക്കു ന്നവർക്കും, പട്ടയം ലഭിക്കു ന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളണം.

3. ഭൂരഹിത കർഷകതൊഴിലാ ളികൾക്ക് ഭവന നിർമ്മാണ ത്തിന് വേണ്ട ഭൂമി പഞ്ചാ യത്ത് തലത്തിൽ ഏറ്റെടുത്ത് വിതരണം ചെയ്യണം.

4. ഭവന നിർമ്മാണ സഹകര ണസംഘം രൂപീകരിക്കണം.

5. ചിലവ് കുറഞ്ഞ ഭവന നിർ മ്മാണത്തിന് വേണ്ടത്ര പ്രച രണം കൊടുക്കണം.

6. നെൽപ്പാടങ്ങൾ നികത്തി കെട്ടിടങ്ങൾ പണിയുന്നത് തട യണം.

### *നടപ്പ് പരിപാടികൾ*

കഴിഞ്ഞ പത്തുവർഷ ത്തിനുള്ളിൽ ഭവനനിർമ്മാണ ത്തിനുവേണ്ടി, സർക്കാറിൻെറ വിവിധ പദ്ധതികളിലൂടെ 190 പേർക്ക് സഹായം അനുവദി ച്ചിട്ടുണ്ട്. ഇത് കൂടാതെ സം സ്ഥാന ഹൗസിങ്ങ് ബോർ ഡിൻെറ ദുർബ്ബല ജനവിഭാഗ ങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതി, പട്ടിക ജാതി കോർപ്പ റേഷനിലൂടെയുള്ള ഭവന നിർമ്മാണ പദ്ധതി, സന്നദ്ധ സംഘടനകൾ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതി എന്നിവയും ഈ പഞ്ചായ ത്തിൽ നടപ്പിൽ വരുത്തിയിട്ടു ണ്ട്. ലക്ഷം വീടുകോളനി, പട്ടി കജാതി കോളനി മുതലായ വയുടെ പാശ്ചാത്തല സൗക ര്യങ്ങൾ 30% ത്തോളം പരിഹ രിക്കപ്പെട്ടിട്ടുണ്ട്.

### *പ്രശ്നങ്ങൾ*

1. വാസയോഗ്യമല്ലാത്ത വീടു കളിൽ താമസിക്കുന്ന കുടുംബ ങ്ങൾക്ക് ഭവനനിർമ്മാണത്തിന് വേണ്ട സാമ്പത്തിക സ്ഥിതി യില്ലായ്മ.

2. ഭവനനിർമ്മാണ വായ്പയെ ടുക്കണമെങ്കിൽ ഭൂമിയുടെ പട്ടയം ഇല്ലാത്തത്.

3. ഹൗസിങ്ങ് സഹകരണ സംഘത്തിൻെറ അഭാവം.

4. ചെലവ് കുറഞ്ഞ വീടു നിർമ്മാണത്തിന് തയ്യാറാകാ ത്തത്.

5. കെട്ടിടനിർമ്മാണ സാമഗ്രി കളുടെ വിലകൂടുതൽ

6. കെട്ടിട നിർമ്മാണ തൊഴി ലാളികളുടെ കൂലി കൂടുതൽ.

### പരിഹാരനിർദ്ദേശങ്ങൾ

1. സർക്കാരിന്റെ ഭവന നിർമ്മാണത്തിനുള്ള സഹായ പദ്ധതികളുടെ എണ്ണം വർദ്ധിപ്പിക്കൽ.

2. പട്ടയ പ്രശ്നം പരിഹരിക്കുകയും, ഭവനനിർമ്മാണത്തിനുള്ള വായ്പ ലഭിക്കുന്നതിനുവേണ്ട നടപടികൾ ലളിതമാക്കുകയും ചെയ്യൽ.

3. ഹൗസിങ്ങ് സഹകരണ സംഘം സ്ഥാപിക്കൽ.

4. ചിലവ് കുറഞ്ഞ ഭവന നിർമ്മാണത്തിന് വേണ്ടി നിർമ്മിതിയുടെ ഒരു കേന്ദ്രം സ്ഥാപിക്കൽ.

5. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലകുറക്കൽ.

6. കെട്ടിട നിർമ്മാണത്തൊഴിലാളികളുടെ കൂലി നിജപ്പെടുത്തൽ.

7. സന്നദ്ധ സംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ.

### സാമൂഹ്യ ക്ഷേമം

സാമൂഹ്യക്ഷേമ പരിപാടികളിൽ പ്രഥമസ്ഥാനം ദാരിദ്ര്യ നിർമ്മാർജനത്തിനാണ്. ദാരിദ്ര്യനിർമ്മാർജനത്തിനായിട്ടുള്ള സംയോജിത ഗ്രാമവികസന പരിപാടിയനുസരിച്ച് 1992-95 വർഷങ്ങളിൽ നടത്തിയ സാമ്പത്തിക സർവ്വേയിൽ ഈ പഞ്ചായത്തിൽ 2307 ദരിദ്ര കുടുംബങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 472 കുടുംബങ്ങൾ പട്ടികജാതിയിൽ പെടുന്നതാണ്. ഇത് കൂടാതെ 1992 ന് മുമ്പ് IRDP പദ്ധതിയിൽ സഹായം ലഭിച്ചിട്ടും ദാരിദ്ര്യരേഖക്ക് മുകളിലെത്താത്ത കുടുംബങ്ങൾ വേറെയുമുണ്ട്. സാമൂഹ്യക്ഷേമ പരിപാടികളിലെ അടുത്ത സ്ഥാനം മററു ക്ഷേമ പരിപാടികൾക്കാണ്. ഇതനുസരിച്ച് ഈ പഞ്ചായത്തിൽ 1995 വികലാംഗ സർവ്വേ അനുസരിച്ച് 157 പേർ വികലാംഗരായി ഉണ്ട്. അതിൽ 102 പേർ ചലന വൈകല്ല്യമുള്ളവരും 10 പേർ കാഴ്ച ശക്തി നഷ്ടപ്പെട്ടവരും 26 പേർ സംസാര ശേഷി ഇല്ലാത്തവരും 13 പേർ മന്ദബുദ്ധികളും, മററുള്ളവർ 6 പേരുമാണ്. വാർദ്ധ്യക്യകാല പെൻഷൻ, വിധവാപെൻഷൻ എന്നിവയ്ക്ക് അർഹതയുള്ളവരുടെ അപേക്ഷകളനുസരിച്ച് 200 വീതമുണ്ട്. അംഗൻവാടികൾ ഈ പഞ്ചായത്തിൽ നിലവിൽ 22 എണ്ണമാണ്.

### ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ

1. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വായ്പാ സൗകര്യങ്ങളുടെ എണ്ണവും സംഖ്യയും വർദ്ധിപ്പിക്കണം.

2. DWCRA യൂണിററുകളുടെ എണ്ണം വർദ്ധിപ്പിക്കണം.

3. IRDP സർവ്വേയിൽ ഇനിയും അർഹരായവർ ഉൾപ്പെടാനുണ്ട്.

4. ഭവനനിർമ്മാണത്തിന് സഹായം നൽകുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം.

5. അർഹരായ എല്ലാവർക്കും പെൻഷൻ നൽകണം.

6. അംഗൻവാടികളുടെ എണ്ണം വർദ്ധിപ്പിക്കണം.

7. വ്യാജചാരായം നിരോധിക്കാൻ ജനകീയ സമിതികൾ രൂപീകരിക്കണം.

### നടപ്പ് പരിപാടികൾ

1. IRDP:- ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്ന കുടുംബങ്ങളെ അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഈ പരിപാടിയനുസരിച്ച് 1992 മുതൽ 207 കുടുംബങ്ങൾക്ക് വായ്പയുൾപ്പെടെയുള്ള സഹായം അനുവദിച്ചു. ഈ വർഷം 68 കുടുംബങ്ങളെ സഹായത്തിന് തെരെഞ്ഞെടുത്തിട്ടുമുണ്ട്.

2. ട്രൈസം:- ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്ന കുടുംബങ്ങളിലെ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിന്വേണ്ടി പരിശീലനം കൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഈ പരിപാടിയനുസരിച്ച് ഈ പഞ്ചായത്തിൽ 30 പേരെ തിരഞ്ഞെടുത്തിട്ടുണ്ട്. അതിൽ അഞ്ച് പേർ ഇപ്പോൾ പരിശീലനത്തിന് പോകുന്നവരാണ്.

3. സാമൂഹ്യ വനവൽക്കരണ പരിപാടി:- ദാരിദ്ര്യ രേഖയ്ക്ക് താഴെ ജീവിക്കുന്ന കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടൊപ്പം രാജ്യ

ത്തിൻെറ ഇന്ധനക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യവും ഈ പരിപാടിക്കുണ്ട്. എന്നാൽ ഈ പഞ്ചായത്തിൽ ഈ പരിപാടി നടപ്പിൽ വന്നിട്ടില്ല.

4. DWCRA:- ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്ന കുടുംബങ്ങളിലെ വനിതകളെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവർക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയും, അതുവഴി അവരെ രാജ്യത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതുമാണ് ലക്ഷ്യം. നമ്മുടെ പഞ്ചായത്തിൽ ഈ പരിപാടി നടപ്പിൽ വരുത്തുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ടായിട്ടും ഒരു യൂണിററാണ് തുടങ്ങാൻ കഴിഞ്ഞത്.

5. ഭവനനിർമ്മാണം:- ദാരിദ്ര്യരേഖക്ക് താഴെ താമസിക്കുന്ന ഭവനരഹിതരായ കുടുംബങ്ങൾക്ക് ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഈ പരിപാടിയനുസരിച്ച് ഈ പഞ്ചായത്തിൽ 162 വീടുകൾ നിർമ്മിക്കാൻ കഴിഞ്ഞു. ഈ വർഷം 29 വീടുകൾ അനുവദിച്ചിട്ടുണ്ട്.

6. കക്കൂസ് നിർമ്മാണം:- ദാരിദ്ര്യരേഖക്ക് താഴെ താമസിക്കുന്ന കുടുംബങ്ങളിൽ കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഈ പരിപാടിയനുസരിച്ച് ഈ പഞ്ചായത്തിൽ 50 കക്കൂസുകൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്.

7. RAP:- ദാരിദ്ര്യരേഖക്ക് താഴെയുള്ള ഗ്രാമീണകൈത്തൊഴിൽ ചെയ്യുന്നവർക്ക് ആധുനിക തൊഴിലുപകരണങ്ങൾ വാങ്ങുന്നതിന് വേണ്ട ഈ പരിപാടിയനുസരിച്ച് പഞ്ചായത്തിൽ 10 പേർക്ക് സഹായം അനുവദിച്ചു.

8. പെൻഷൻ പദ്ധതിയനുസരിച്ച് 80 പേർക്ക് വികലാംഗ പെൻഷനും, 71 പേർക്ക് വാർദ്ധക്യകാലപെൻഷനും 59 പേർക്ക് വിവാഹ പെൻഷനും അനുവദിച്ചിട്ടുണ്ട്. ഈ വർഷത്തെ അർഹതയുള്ള അപേക്ഷകൾ വേറെയുണ്ട്.

9. നിലവിൽ 22 അംഗൻവാടികളും, അതിൽ 600 ഓളം കുട്ടികളും ഉൾപ്പെടുന്നുണ്ട്.

10. 3 അംഗൻവാടികൾക്ക് സ്വന്തമായ കെട്ടിടവും ഒരെണ്ണത്തിന് സ്വന്തമായ സ്ഥലവുമുണ്ട്.

### *പ്രശ്നങ്ങൾ*

1. IRDP വായ്പ അനുവദിക്കുന്നതിനുവേണ്ട ധനകാര്യ സ്ഥാപനങ്ങളുടെ കുറവ്.

2. DWCRA യൂണിററുകൾ സംഘടിപ്പിക്കുന്നതിൽ വനിതകൾക്ക് താൽപ്പര്യമില്ലായ്മ.

3. IRDP വായ്പ ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കാൻ മററ് ഡിപ്പാർട്ടുമെൻറുകളുടെ സഹായം ഇല്ലായ്മ.

4. IRDP വായ്പ ദുരുപയോഗപ്പെടുത്തൽ.

5. IRDP ഉൽപ്പന്നങ്ങൾ വിററഴിക്കുവാനുള്ള പ്രയാസം

6. അർഹരായവർ ലിസ്ററിനു പുറത്ത് ഇനിയുമുണ്ട്.

7. അംഗൻവാടികൾക്ക് കെട്ടിടമില്ലായ്മ.

8. അംഗൻവാടികളുടെ എണ്ണം കുറവ്.

9. അംഗൻവാടികളുടെ പാശ്ചാത്തല സൗകര്യങ്ങൾ കുറവ്.

10. പെൻഷൻ കൃത്യസമയത്ത് ലഭിക്കാതിരിക്കൽ.

11. വികലാംഗർക്കുള്ള സഹായം അനുവദിക്കുന്നതിനുള്ള കുറവ്.

12. അതാത് കാലങ്ങളിലുള്ള സാമൂഹ്യക്ഷേമ പദ്ധതിയെപ്പററി ജനങ്ങൾക്ക് വേണ്ടത്ര വിവരം ലഭിക്കുന്നില്ല.

### *പരിഹാര നിർദ്ദേശങ്ങൾ*

1. ധനകാര്യ സ്ഥാപനങ്ങളിൽ ഇന്നുള്ള നില മെച്ചപ്പെടുത്തുകയോ, പുതിയ ധനകാര്യസ്ഥാപനങ്ങൾ അനുവദിക്കുകയോ ചെയ്യൽ.

2. DWCRA യൂണിററുകൾ സ്ഥാപിക്കുന്നതിൽ വനിതകൾക്ക് വേണ്ടത്ര പ്രചരണം.

3. IRDP വായ്പകൾ ഉപയോഗിച്ച് പദ്ധതികൾ തുടങ്ങുന്നതിന് മററു വകുപ്പുകൾ മുൻഗണന സഹായം കൊടുക്കണം.

4. IRDP വായ്പകൾ ദുരുപയോഗപ്പെടുത്താതിരിക്കാൻ പഞ്ചായത്ത് തലത്തിൽ ജനകീയ സമിതികൾ രൂപീകരിക്കണം.

5. IRDP ഉൽപ്പന്നങ്ങൾ വിററഴിക്കുന്നതിന് പഞ്ചായത്ത്തലത്തിൽ സ്ഥിരം സംവിധാനംവേണം.

6. അർഹരായവർ ലിസ്ററിനു

പുറത്തുണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തണം.

7. പുരുഷൻമാർക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ വായ്പകൾ നൽകണം.

8. അംഗൻവാടികളുടെ എണ്ണം വർദ്ധിപ്പിക്കണം.

9. അംഗൻവാടികളുടെ പാശ്ചാത്തല സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സന്നദ്ധ സംഘടനകളുടേയും, പ്രമുഖ വ്യക്തികളുടേയും കൂട്ടായ പ്രവർത്തനവും സർക്കാർ തലത്തിലുള്ള സഹായവും ഉണ്ടാകണം.

10. വികലാംഗർക്കുള്ള സഹായപദ്ധതികൾ വർദ്ധിപ്പിക്കണം.

11. സാമൂഹ്യക്ഷേമപദ്ധതികളുടെ ഭാഗമായ പെൻഷൻ സ്കീമുകളുടെ പ്രവർത്തനം വിലയിരുത്താൻ പഞ്ചായത്ത് തല സമിതി രൂപീകരിക്കൽ.

12. സാമൂഹ്യ ക്ഷേമപദ്ധതികളെപ്പററി ജനങ്ങളെ അറിയിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കണം.



***



# സംസ്കാരം

സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ ഉൽകൃഷ്ടമായ പൈതൃകമുള്ള നാടാണ് കടങ്ങോട് പഞ്ചായത്ത്. സ്മൃതിയിൽ മാത്രം ഇന്നവശേഷിക്കുന്ന സമ്പന്നമായ ഭൂതകാലത്തിൽ ഈ പ്രവർത്തനങ്ങൾ നാടിനെ വളരെ സമ്പന്നമാക്കിയിട്ടുണ്ട്. പണ്ഡിതർ, സാഹിത്യകാരന്മാർ, കലാപ്രവർത്തകർ, കായികപ്രവർത്തകർ, ഗ്രന്ഥശാലാ പ്രവർത്തകർ, സാമൂഹ്യ-സാംസ്കാരിക പരിഷ്ക്കർത്താക്കൾ, സന്നദ്ധസംഘടനാ പ്രവർത്തകർ എന്നീ നിലകളിൽ പുകഴ്പെററ പ്രവർത്തനം നടത്തിയവരുടെ സേവനം നമ്മുടെ പഞ്ചായ ത്തിൻെറ സാംസ്ക്കാരിക രംഗത്ത് ഇന്നും പ്രതിഫലിക്കുന്നും. ഈ ഉൽകൃഷ്ടമായ പാരമ്പര്യം ഏററെടുത്ത് സമ്പുഷ്ടമാക്കാൻ പ്രാപ്തിയുള്ള സാംസ്ക്കാരിക പ്രവർത്തകർ ഇന്നും നമുക്ക് ധാരാളമുണ്ട്. വിഭിന്ന ജാതി - മതസ്ഥർ നിവസിക്കുന്ന ഈ പഞ്ചായത്തിൽ മതമൈത്രീഭാവം ഇന്നും പ്രശോഭിക്കുന്നു. സമ്പന്നമായ ഈ സാംസ്ക്കാരിക പൈതൃകത്തിന് തികച്ചും അനുയോജ്യമായ തരത്തിൽ പല ആചാരാനുഷ്ഠാനങ്ങളും അന്യം വരാതെ, സമൂഹത്തിൻെറ ഐക്യത്തിൻെറ ബിംബങ്ങളായി നിലനില്ക്കുന്നുണ്ട്. പാഴിയോട്ടു മുറി H. M. C., എയ്യാലിലെ 'മതമൈത്രി', വെള്ളറക്കാട്, കടങ്ങോട്, ചിറമനേങ്ങാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സമാനമായ കമ്മററികൾ എന്നിവ ഹിന്ദു-മുസ്ലിം-ക്രിസ്ത്യൻ വിഭാഗങ്ങളടങ്ങിയ ഒരൊററ സമിതിയായി പ്രവർത്തിക്കുകയും ഈ സമിതികൾ പൂരോത്സവത്തിനോടനുബന്ധിച്ച ആഘോഷങ്ങൾ സ്വന്തം നേതൃത്വത്തിൽ നടത്താറുമുണ്ട്. ഇതിനു സമാനമായ സംഘടന മരത്തംകോട് പെരുന്നാളിനോടനുബന്ധിച്ച് ആഘോഷ പരിപാടികൾ നടത്താറുണ്ട്.

ഈ നൂററാണ്ടിൻെറ ആദ്യ ദശകങ്ങളിൽ തന്നെ സ്വതന്ത്ര്യ സമരത്തിൻെറ അലയടികളും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ ദേശീയ ബോധവും ഇവിടെ ഉണരാൻ തുടങ്ങി.ബ്രാഹ്മണ സവർണ്ണ, ജന്മി, നാടുവാഴികളുടെ മേധാവിത്വത്തിനെതിരെ അവർണ്ണരുടെ പടയൊരുക്കം ആരംഭിച്ചിരുന്നു. ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ സ്വാന്ത്ര്യസമര പ്ര വർത്തനങ്ങളിൽ എളയതോതിലുള്ള പങ്ക് ഈ ഗ്രാമത്തിനുമുണ്ട്. പട്ടിക ജാതി വിഭാഗക്കാരാൽ പൂജ ചെയ്യുന്ന ശ്രീപാറക്കുളങ്ങര ഭഗവതി ക്ഷേത്രം ഈ പഞ്ചായത്തിൻെറ പ്രത്യേകതയാണ്.

## പ്രശ്നങ്ങൾ:-

1. ആകെയുള്ള ആറ് വായനശാലകളിൽ 4 എണ്ണമാണ് ഗ്രന്ഥശാലാ ഗ്രാൻേറാടുകൂടി നടത്തുന്നത്.
2. ഗ്രന്ഥശാലയുടെ ഗ്രാൻറ് വായനശാലകളുടെ പ്രവർത്തനത്തിന് വളരെ അപര്യാപ്തമാണ്.
3. എല്ലാ വാർഡുകളിലും വായനശാല നിലവിലില്ല.
4. കലാ സാംസ്കാരിക പ്രവർത്തനങ്ങൾ ഏകീകരിച്ചു നടപ്പാക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒന്നും തന്നെനിലവിലില്ല.
5. കായിക പരിശീലനത്തിന് വേണ്ടതായ സൗകര്യങ്ങൾ ഒന്നും നിലവിലില്ല.
6. തകർന്നു കിടക്കുന്ന വായനശാലകളുടെ പുനരുദ്ധാരണ പ്രവർത്തനം നടന്നിട്ടില്ല.
7. വർത്തമാന പത്രങ്ങളോ ഗസററ് വിജ്ഞാപനങ്ങളോ നോക്കുന്നതിന് വായനശാലകളിൽ സൗകര്യങ്ങൾ നിലവിലില്ല.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുക.
2. നിലവിലുള്ള പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളുടെ നിലമെച്ചപ്പെടുത്തുന്നതിന് കെട്ടിടങ്ങളും പുസ്തകങ്ങൾ വാങ്ങുവാനുള്ള ധനസഹായവും നൽകുക.
3. സർക്കാർ പ്രസിദ്ധീകരിക്കുന്ന ഗസററ്, പഞ്ചായത്ത് രാജ് എന്ന പ്രസിദ്ധീകരണം സൗജന്യമായി എല്ലാ ഗ്രന്ഥശാലകൾക്കും നൽകുക.
4. ഗ്രന്ഥശാലകൾക്ക് വർത്തമാനപത്രം വാങ്ങുവാൻ പൈസ അനുവദിക്കുക. സ്പോർട്സ് ഉപകരണങ്ങൾ എല്ലാ ക്ലബ്ബുകൾക്കും വായനശാലകൾക്കും സൗജന്യമായി നൽകുക. T. V. സെററ് നൽകാത്ത വായനശാലകൾക്ക് നൽകുക. അത് കാണുവാനുള്ള സൗകര്യത്തിനായി T. V. ഹാൾ പണിയുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.
5. പഞ്ചായത്തിലെ കലാകാന്മാ

രെ മുഴുവൻ കണ്ടെത്തി അവരുടെ കലാസൃഷ്ടികൾ പ്രദർശിപ്പിക്കുവാനും കലാ സാംസ്കാരിക സമ്മേളനങ്ങൾ നടത്തുന്നതിനുമായി പഞ്ചായത്ത് സാംസ്കാരിക കേന്ദ്രം സുസജ്ജമാക്കുക. പഞ്ചായത്ത് സാംസ്കാരിക കേന്ദ്രത്തിൽ കൂടുതൽ റഫറൻസ് ഗ്രന്ധങ്ങൾ വാങ്ങുക. മെമ്പർഷിപ്പ്സൗജന്യമാക്കുക.

6. വെള്ളക്കാട് തകർന്ന് കിടക്കുന്ന ഗ്രന്ഥശാല പുനരുദ്ധരിക്കുവാൻ വേണ്ട നടപടികൾ ആരംഭിക്കുക.

7. സ്വന്തമായി സ്ഥലം ഉള്ള വാർഡ് 2, വാർഡ് 6, വാർഡ് 11 എന്നിവിടങ്ങളിൽ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക. □



| പേര് | സ്ഥാ. വർഷം | അംഗങ്ങൾ | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിദിന വിതരണം | മററു പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| ഗ്രാമീണ വായനശാല കടങ്ങോട് | 1959 | 158 | 3572 | C | 15 | ടെലഫോൺ ബൂത്ത് |
| ഗ്രാമീണ വായനശാല ചിറമനങ്ങാട് | 1957 | 215 | 3241 | D | 35 | സ്പോർട്സ് ക്ലബ്ബ് വയോജന വിദ്യഭ്യാസം |
| ജ്ഞാനോദയം ഗ്രന്ഥശാല & ക്ലാസ്സിക് ക്ലബ് കിടങ്ങൂർ | 1983 | 216 | 1642 | | 25 | രക്തദാന സമിതി, മാനവക്ഷേമനിധി ക്ലാസിക് ക്ലബ്ബ്, ഫുട്ബോൾ ടൂർണമെൻറ്, സൗജന്യ രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്, നാടക മത്സരം, കലാപരിപാടികൾ, രക്തബന്ധു അവാർഡ്, S. S. L. C. വിജയികൾക്ക് അവാർഡ്. |
| ഗ്രാമീണ വയനശാല ഇയ്യാൽ | 1944 | 150 | 8000 | | 50 | പൊതു ടി. വി., പൊതു റേഡിയോ, അംഗനവാടി, ആർട്സ് & സ്പോർട്സ് ക്ലബ്ബ്, സാക്ഷരതാകമ്മററി, മലയാളം പഠനപോഷണത്തിനായി ബാല കൈരളി നഴ്സറി സ്കൂൾ. |
| പഞ്ചായത്ത് സാംസ്ക്കാരിക നിലയം വെള്ളറക്കാട് | 1990 | | 1002 | | | |
| നവയുഗ.ഗ്രാമീണ വായനശാല വെള്ളറക്കാട് | 1995 | 143 | 1000 | ഇല്ല | 30 | സമന്വയ ത്രൈമാസിക, രക്തദാന ഗ്രൂപ്പ്, കലാ-കായിക മത്സരങ്ങൾ ബോധവൽക്കരണപരിപാടികൾ |

### കടങ്ങോട് പഞ്ചായത്തിലെ കലാ-കായിക സംഘടനകളുടെ വാർഡ് തിരിച്ചുള്ള വിവരം.

| ക്രമ നമ്പർ | സംഘടനയുടെ പേര് | സ്ഥിതിചെയ്യുന്ന വാർഡ് |
|---|---|---|
| 1. | ഹീറോസ് കടങ്ങോട് | 1 |
| 2. | പരാഗ് ആർട്സ് & സ്പോർട് ക്ലബ്ബ് കടങ്ങോട് | 2 |
| 3. | കൈരളി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കടങ്ങോട് | 3 |
| 4. | സിത്താര - ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചിറമനേങ്ങാട് | 4 |
| 5. | സ്പാർക്കോ - ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പന്നിത്തടം | 5 |
| 6. | ഗ്യാങ്ങേഴ്സ് പന്നിത്തടം | 5 |
| 7. | ക്ലാസ്സിക് കിടങ്ങൂർ | 6 |
| 8. | മെട്രോ മരത്തംകോട് | 7 |
| 9. | M. F. A. മരത്തകോട് | 7 |
| 10. | ഉദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ് നീണ്ടൂർ | 7 |
| 11. | യുവജന കലാസമിതി, മരത്തകോട് | 7 |
| 12. | ജാഫ, എയ്യാൽ | 8 |
| 13. | യുവചേതന ആർട്സ് & സ്പോർട്സ് ക്ലബ്ബ് ആദൂർ | 9 |
| 14. | ശ്രുതി വെള്ളറക്കാട് | 10 |
| 15. | V. Y. S. വെള്ളത്തേരി | 10 |
| 16. | ഗ്രാമീണ വായനശാല പാഴിയോട്ടുമുറി | 10 |
| 17. | നവയുഗ മാതൃഭൂമി സ്റഡിസർക്കിൾ വെള്ളറക്കാട് | 11 |
| 18. | ദൃശ്യ കലാവേദി വെള്ളറക്കാട് | 11 |
| 19. | ഡിസ്ക്കോ, ആർട്സ് & സ്പോർട്സ് ക്ലബ്ബ് വെള്ളറക്കാട് | 11 |
| 20. | V. F. A. വെള്ളറക്കാട് | 11 |
| 21. | ടെൻസ് ക്ലബ്ബ് വെള്ളറക്കാട് | 11 |
| 22. | സിംഫണി വെള്ളറക്കാട് | 11 |
| 23. | ദർശന പാരിക്കുന്ന് വെള്ളറക്കാട് | 11 |

# വനിത

## സ്ത്രീപദവി:-

''സ്ത്രീ'' സാമൂഹ്യ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. ഏതൊരു സമൂഹത്തിന്റെയും വികാസം രൂപപ്പെടുത്തുന്നതിൽ സ്ത്രീകൾ വളരെ നിർണ്ണായകമായ ഒരു പങ്ക് വഹിക്കുന്നു. ചിര പുരാതന കാലം മുതൽക്കേ സ്ത്രീയെ മാതൃത്വത്തിന്റെയും, സ്നേഹത്തിന്റെയും പ്രതീകമായി സമൂഹം കണ്ടു കാക്കുന്നു. എന്നാൽ പുരുഷൻ ഗൃഹഭരണം ആരംഭിച്ചതോടെ സമൂഹത്തിൽ പുരുഷ മേധാവിത്വം ആരംഭിച്ചു. സ്ത്രീകളെ രണ്ടാം തരം പൗരന്മാരെപോലെ കണക്കാക്കാൻ തുടങ്ങി. സ്ത്രീ വെറും പാചകക്കാരിയും, ഉപഭോഗ വസ്തുവുമായി അധ:പതിച്ചു. സാമൂഹ്യ-സാംസ്കാരിക രംഗത്തുണ്ടായ ശ്രദ്ധേയമായ മാററങ്ങൾ, സ്ത്രീകളുടെ പദവിയിലും, സമൂഹത്തിന്റെ സ്ത്രീകളോടുള്ള സമീപനത്തിലും കാര്യമായ മാററങ്ങൾക്ക് വഴിവെച്ചു. വിദ്യഭ്യാസ രംഗത്തുണ്ടായിരുന്ന സ്ത്രീകളോടുള്ള വിവേചനം അവസാനിച്ചത് വിപ്ലവകരമായ മാററങ്ങൾക്ക് പാതയൊരുക്കി. അടുക്കളയുടെ അകത്തളങ്ങളിൽ നിന്നും സ്ത്രീ അധികാരത്തിന്റെ ഉത്തുംഗശൃംഗത്തിലേക്ക് ഉയർത്തപ്പെട്ടു. ഇന്ന് സ്ത്രീകൾക്ക് അപ്രാപ്യമായ മേഖല കൾ ഒന്നും തന്നെ ഇല്ല. വൈദ്യശാസ്ത്രം, എൻജിനിയറിംഗ്, വ്യവസായം, മേനേജ്മെൻറ്, നിയമം ആകാശ ഗവേഷണം, പർവ്വതാരോഹണം, സൈനിക സേവനം, എന്നു വേണ്ട ജീവിതത്തിന്റെ സമസ്ത മേഖല കളിലും ഇന്ന് സത്രീ സാന്നിദ്ധ്യംകൊണ്ട് ശ്രദ്ധേയമാണ്. പക്ഷേ സമൂഹം ഇന്നും സ്ത്രീകളോട് വിവേചനം കാണിക്കുന്നില്ലേ? സ്ത്രീസമൂഹം ഇന്ന് നിരവധി പ്രശ്നങ്ങൾ നേരിടുന്നു. ദാരിദ്ര്യം, തൊഴിലില്ലായ്മ, വർദ്ധിച്ചുവരുന്ന ജീവിത ചെലവ്, സ്ത്രീപീഡനം തുടങ്ങിയവ സ്ത്രീകൾ ഇന്ന് നേരിടുന്ന ചില പ്രധാനപ്രശ്നങ്ങൾ മാത്രമാണ്. പഞ്ചായത്തിലെ സ്ത്രീകളുടെ വിദ്യഭ്യാസം, ആരോഗ്യം, തൊഴിൽ സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള ഒരു ചെറുവിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

### 1. സ്ത്രീ പുരുഷ അനുപാദം:-

1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 27340 ആണ്. ഇതിൽ 12980 പേർ പുരുഷന്മാരും, 14360 പേർ സ്ത്രീകളുമാണ്. 1000 പുരുഷന്മാർക്ക് 1106 സ്ത്രീകൾ എന്ന അനുപാതമാണ് പഞ്ചായത്തിൽ നിലനിൽക്കുന്നത്. ഇത് തൃശൂർ ജില്ലയിലെ 1000 പുരുഷന്മാർക്ക് 1085 സ്തത്രീകൾ എന്ന അനുപാതത്തേക്കാൾ അധികമാണ്.

### 2. സ്ത്രീ വിദ്യാഭ്യാസം:-

1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ ആകെയുള്ള 14360 സ്ത്രീകളിൽ 10322 പേർ സാക്ഷരരാണ്. ആകെ സ്ത്രീജനസംഖ്യയുടെ 71.88 ശതമാനമാണിത്. എന്നാൽ 6 വയസ്സിന് താഴെയുള്ള കുട്ടികളുടെയും, 60 വയസ്സിന് മുകളിലുള്ള മുതർന്നവരുടെ എണ്ണം, മൊത്തം സ്ത്രീജനസംഖ്യയിൽ നിന്നും കുറച്ച് കണക്കാക്കുമ്പോൾ സ്ത്രീകളുടെ സാക്ഷരതാനിരക്ക് 85 ശതമാനമാകണ്. ഇതാകട്ടെ പുരുഷന്മാരുടെ സാക്ഷരതാ നിരക്കിനേക്കാൾ 7 ശതമാനം കുറവാണ്.

പഞ്ചായത്തിലെ നിരക്ഷരരായ സ്ത്രീകളിൽ കൂടുതലും കാർഷിക തൊഴിലാളികളും, ഹരിജൻ കോളനികളിൽ താമസ്സിക്കുന്നവരുമാണ്. അനൗപചാരിക വിദ്യഭ്യാസ രംഗത്ത് സ്ത്രീകൾ നിസ്ഥുലമായ സംഭാവന നൽകിയിട്ടുണ്ട്. 1988 കാലഘട്ടത്തിൽ 'കേരള സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ' ധാരാളം അഭ്യസ്തവിദ്യരായ യുവതികൾ ഇൻസ്പെകടർമാരായി പങ്കെടുക്കുകയുണ്ടായി. പക്ഷെ തുടർ സാക്ഷരതാ പരിപാടിയിൽ ഇവരുടെ പങ്കാളിത്തം തീരെ ഉണ്ടായിരുന്നില്ല.

ഓരോ വർഷവും സ്ക്കൂളിൽ എത്തുന്ന വിദ്യാർത്ഥികളിൽ കൂടുതലും പെൺകുട്ടികളാണ്. 1995 ൽ പഞ്ചായത്തിലാകെയായി ആദ്യമായി ക്ലാസ്സിൽ ചേർന്ന 712 വിദ്യർത്ഥികളിൽ 390 പേർ പെൺകുട്ടികളാണ്. പഞ്ചായത്തിലെ ഹൈസ്ക്കൂൾ പഠന നിലവാരം താരതമ്മ്യേന മോശമാണ്. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ഗവ: ഹൈസ്കൂൾ മരത്തകോട് S. S. L. C. വിജയ ശതമാനം ഈ മോശമായ നിലവാരത്തെ സൂചിപ്പിക്കുന്നു. 1992, 93, 94, 95 വർഷങ്ങളിൽ 12% 5%, 11%, 10%, എന്നിങ്ങനെയായിരുന്നു വിജയ ശതമാനം, എന്നിരുന്നാലും, പഞ്ചായത്തിൽ ആകെ S. S. L. C. പാസ്സാകുന്ന വിദ്യാർത്ഥികളിൽ പെൺകുട്ടികൾ മുന്നിട്ട് നിൽക്കുന്നു.

പഞ്ചായത്തിലെ ഭൂരിപക്ഷം വിദ്യാർത്ഥിനികളും S. S. L. C. പഠനത്തി

നുശേഷം കോളേജ് പഠനത്തിനാണ് പോകുന്നത്. പോളീടെക്നിക്, കമ്പ്യൂട്ടർ തുടങ്ങിയ സാങ്കേതിക വിദ്യഭ്യാസ മേഖലകളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണം വളരെ കുറവാണ്.

പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സ്ത്രീകൾ ഗണ്യമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്ന് പാരലൽ കോളേജുകളിലും, അഞ്ച് ട്യൂഷൻസെൻററുകളിലും, കൂടാതെ ഹൗസ് ട്യൂഷൻ രംഗത്തും പുരുഷന്മാരേക്കാൾ കൂടുതലായി സ്ത്രീകൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ അഭ്യസ്ത വിദ്യരായ സ്ത്രീകൾ ധാരാളമുണ്ടെങ്കിലും, അവർ ഉല്പാദന മേഖലയുമായി അധികം ബന്ധപ്പെടുന്നില്ല. ഇത് വികസന പ്രവർത്തനത്തിൽ സ്ത്രീകളുടെ പങ്കാളിത്വം കുറയുന്നതിന് കാരണമാകുന്നു.

### 3. സ്ത്രീകളും, ദാരിദ്ര്യവും:-

ആസൂത്രണത്തിൻെറ ഒരു പ്രധാന വെല്ലുവിളിയാണല്ലൊ ദാരിദ്ര്യവും, തെഴിലില്ലായ്മയും, വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയും, ശേഷിക്കൊത്ത് തൊഴിലിൻെറ ദൗർലഭ്യവും, പഞ്ചായത്തിലെ ഭൂരിപക്ഷം കുടുംബങ്ങളേയും, ദാരിദ്ര്യത്തിലേക്ക് നയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ആകെയുള്ള ദരിദ്ര കുടുംബങ്ങളിൽ 212 എണ്ണം സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ളതാണ്. ഈ കുടുംബങ്ങൾ ദരിദ്രപരമായ ചുററുപാടുകളിലാണ് താമസിക്കുന്നത്. പോഷകാഹാരത്തിൻെറ ലഭ്യത വീട്, കക്കൂസ്, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇത്തരം വീടുകളിൽ കുറവാണ്. സാമ്പത്തിക വളർച്ചയുടെ പ്രയോജനം പാവപ്പെട്ട കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നമുക്ക് രൂപം നൽകേണ്ടതുണ്ട്.

### 4. സ്ത്രീകളും, ആരോഗ്യവും:-

പഞ്ചായത്തിലെ ഭൂരിപക്ഷം സ്ത്രീകളും, ദരിദ്രമായ ചുററുപാടിൽ കഴിയുന്നവരാണ്. കെട്ടിട നിർമ്മാണം, കൃഷി അനുബന്ധ പ്രവർത്തനങ്ങൾ, കരിങ്കൽ ക്വാറികൾ എന്നീ മേഖലകളിലാണ് കൂടുതൽ സ്ത്രീകളും പണിയെടുക്കുന്നത്. തൊഴിൽ ദിനങ്ങളുടെ കുറവ്, മോശപ്പെട്ട ജീവിത സാഹചര്യങ്ങൾ, വർദ്ധിച്ചുവരുന്ന ജീവിതചെലവ്. എന്നിവ സ്ത്രീകളുടെ മാനസികവും, ശാരീരികവുമായ ആരോഗ്യത്തെ ബാധിക്കുന്നുണ്ട്. പഞ്ചായത്തിലെ കുട്ടികളിൽ പോഷകാഹാരത്തിൻെറ കുറവ് കണ്ടുവരുന്നുണ്ട്. ഇതിൻെറ ഒരു പട്ടിക ചുവടെ ചേർക്കുന്നു.

**1996-ലെ അംഗനവാടികളുടെ കണക്കുകൾ പ്രകാരം:-**

| പോഷണ കുറവ് | 1വയസ്സിനു താഴെ | | 1-നും 3 വയസ്സിനും ഇടക്ക് | | 3-നും 6 വയസ്സിനും ഇടക്ക് | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| ലഘുവായ പോഷകകുറവ് | 69 | 59 | 143 | 135 | 174 | 149 |
| മിതമായ പോഷണ കുറവ് | 73 | 62 | 44 | 32 | 82 | 58 |
| ഗുരുതരമായ പോഷണകുറവ് | 32 | 28 | 5 | 2 | 7 | 9 |

പോഷണ കുറവുമൂലം കുട്ടികൾക്ക് വിവിധതരം അസുഖങ്ങൾ പിടിപ്പെടുന്നുണ്ട്. അംഗനവാടികളിൽകൂടി കൂടുതൽ പോഷകാഹാരങ്ങൾ നൽകേണ്ടതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

കുട്ടികളെ പോലെ ഗർഭിണികളിലും പോഷാകാഹാരത്തിൻെറ കുറവ് കണ്ടുവരുന്നുണ്ട്. അയഡിൻെറയും, കാത്സ്യത്തിൻെറയും, കുറവ് സർവ്വസാധാരണമായി കണ്ടുവരുന്നു. പോഷാകാഹാരത്തിൻെറ കുറവ് തൂക്കം കുറഞ്ഞ കുഞ്ഞുങ്ങളുടെ ജനനത്തിന് ഇടയാക്കുന്നുണ്ട്. വിളർച്ചയും ധാരാളമായി ഗർഭിണികളായ സ്ത്രീകളിലും മററു സ്ത്രീകളിലും കണ്ടുവരുന്നുണ്ട്.

രോഗാതുരയുടെ കാര്യത്തിൽ പഞ്ചായത്തിൽ സ്ത്രീകളാണ് പുരുഷന്മാരേക്കാൾ മുന്നിൽ നിൽക്കുന്നത്. തൊഴിൽ ജന്യരോഗങ്ങളിലും സ്ത്രീകളിൽ കണ്ടുവരുന്നുണ്ട്. കെട്ടിട നിർമ്മാണം, കരിങ്കൽ ക്വാറികൾ, എന്നീ തൊഴിൽ മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീകളിലാണ് കൂടുതലായി തൊഴിൽ ജന്യ രോഗങ്ങൾ കണ്ടുവരുന്നത്.

ആരോഗ്യ സംരക്ഷണത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ പ്രവർത്തനം കാര്യക്ഷമമല്ല. സ്ത്രീകളുടെയും, കുട്ടികളുടെയും സ്പെഷ്യലിസ്ററ് ഡോക്ടറുടെ സേവനം ഇല്ലാത്തത് പ്രശ്നം കൂടു

തൽ സങ്കീർണ്ണമാക്കുന്നുണ്ട്. പൊതു ജന പങ്കാളിത്തത്തോടെയുള്ള ആരോഗ്യ പ്രവർത്തനം ഈ രംഗത്ത് അത്യാവശ്യമാണ്.

5. സ്ത്രീകളും തൊഴിലും:-

പഞ്ചായത്തിലെ തൊഴിൽ മേഖലയിൽ സ്ത്രീ പങ്കാളിത്തം പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ്. പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിൽ വിഭജനത്തെ സംബന്ധിച്ചുള്ള ഒരു പട്ടിക ചുവടെ ചേർക്കുന്നു.

1991-ലെ സെൻസസ് പ്രകാരം.

| സ്ത്രീ | പ്രധാന തൊഴിൽ ഉള്ളവർ | നാമമാത്ര തൊഴിൽ ഉള്ളവർ | തൊഴിൽ ഇല്ലാത്തവർ | ആകെ |
|---|---|---|---|---|
| എണ്ണം | 2057 | 397 | 11906 | 14360 |
| ശതമാനം | 14.3 | 2.8 | 82.9 | 100 |

സ്ത്രീകൾ കൂടുതലും കെട്ടിട നിർമ്മാണം, കരിങ്കൽ ക്വാറികൾ, കൃഷി അനുബന്ധപ്രവർത്തനങ്ങൾ എന്നീ മേഖലകളിലാണ് തൊഴിൽ എടുക്കുന്നത്.

കാർഷിക മേഖലയിൽ സ്ത്രീ പങ്കാളിത്വം കഴിഞ്ഞ കുറെ വർഷങ്ങളായി കുറഞ്ഞു വരികയാണ്. കാർഷിക മേഖലയിലെ മുരടിപ്പ് ഇതിന് ഒരു പ്രധാന കാരണമായിട്ടുണ്ട്. കാർഷിക മേഖലയിൽ പണിയെടുത്തിരുന്ന സ്ത്രീകൾ ഇന്ന് കെട്ടിട നിർമ്മാണം, റോഡ് നിർമ്മാണം കരിങ്കൽ കോറികൾ, മെററൽ നിർമ്മാണം, എന്നീ മേഖലകളിലേക്ക് മാറിയിരിക്കുന്നു. കെട്ടിട നിർമ്മാണം പ്രധാനമായും നഗര പ്രദേശങ്ങളിലാണ് നടന്നുവരുന്നത്. തൊഴിൽ സ്ഥലത്ത് എത്തുന്നതിനും സ്ത്രീകൾക്ക് കൂടുതൽ ദൂരം യാത്ര ചെയ്യേണ്ടി വരുന്നുണ്ട്. ഇത് സ്ത്രീകൾക്ക് ശാരീരികവും മാനസികവുമായ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കരിങ്കൽ കോറി മേഖല അപകടം നിറഞ്ഞതാണ്. ഈ മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അപകട സാധ്യത വളരെ കൂടുതലാണ്.

മൃഗ സംരക്ഷണം, ക്ഷീര വികസനം എന്നിവ സ്ത്രീകൾക്ക് പ്രവർത്തിക്കാവുന്ന മേഖലകളാണെങ്കിലും സ്ത്രീ പങ്കാളിത്തം ഇവിടെയും കുറവാണ്. അപകടം നിറഞ്ഞ മേഖലകളിൽനിന്നും സ്ത്രീകളെ കാർഷികമേഖലയിലേക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

വ്യവസായരംഗത്തും പ്രത്യേകിച്ചും, ചെറുകിട വ്യവസായ മേഖലയിൽ പുരുഷമേധാവിത്വമാണ്. കണ്ടുവരുന്നത്. പഞ്ചായത്തിലെ വ്യവസായിക രംഗത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. വിശാലമായ നമ്മുടെ പഞ്ചായത്തിൽ ഒരു D.W.C.R.A. യൂണിററും മാത്രമാണുള്ളത് എന്ന വസ്തുത ഈ പരിതാപകരമായ അവസ്ഥയെ കാണിക്കുന്നു.

സ്ത്രീകൾക്ക് ധാരാളം അവസരങ്ങൾ ഉള്ള സേവനമേഖലയിലും സ്ത്രീ പങ്കാളിത്തം കുറവാണ്. അഭ്യസ്തവിദ്യരായ ധാരാളം സ്ത്രീകളുള്ള നമ്മുടെ പഞ്ചായത്തിൽ സേവന മേഖലയിലേക്ക് കൂടുതൽ സ്ത്രീകളെ ആകർഷിക്കുന്നതിനും തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. D.W.C.R.A. അംഗനവാടികൾ, മഹിളാ സമാജങ്ങൾ എന്നിവയെ കുറിച്ചുള്ള ലഘു വിവരണം:-

### (i) D.W.C.R.A.

പുരുഷന്മാർക്ക് ആധിപത്യമുള്ള ചെറുകിട വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണ് D.W.C.R.A. പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിൽ കേവലം ഒരു D.W.C.R.A. യൂണിററ് മാത്രമാണ് ഇപ്പോൾ പ്രവർത്തികുന്നത്. കടങ്ങോട് ഒന്നാം വാർഡിൽ കൈകുളങ്ങര ക്ഷേത്രത്തിന്റെ സമീപത്തായി പ്രവർത്തിക്കുന്ന പ്രയദർശിനി റെഡിമേയ്ഡ് മേയ്ക്കിങ്ങ് സെൻറർ ആണ് ഈ യൂണിററ്. ഇത് വെള്ളറക്കാട് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നുള്ള വായ്പാ ധനസഹായത്തോടെ പ്രവർത്തിക്കുന്നതാണ്.

### (ii) മഹിളാ സമാജങ്ങൾ

സ്ത്രീകളെ സംഘടിപ്പിക്കുന്നതിലും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരങ്ങൾ കണ്ടെത്തുന്നതിനും മഹിളാ സമാജങ്ങൾ സഹായകരമാണ്. പഞ്ചായത്തിൽ ആകെ അഞ്ച് മഹിളാ സമാജങ്ങളാണ് പ്രവർത്തിക്കുന്നത്. എയ്യാൽ, ചെറമനങ്ങാട്, കിടങ്ങൂർ, നീണ്ടൂർ, കുടക്കുഴി എന്നിവടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്. മിക്കവാറും എല്ലാ മഹിളാ സമാജങ്ങളും കൃത്യമായി വിളിച്ചു ചേർക്കു

ക്കയോ, കാര്യക്ഷമമായി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല.

### (iii) അംഗനവാടികൾ

പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗത്ത് അംഗനവാടികൾ നിസ്ഥുലമായ സേവനമാണ് കാഴ്ചവെക്കുന്നത്. 1996 ഒക്ടോബറിലെ കണക്കു പ്രകാരം പഞ്ചായത്തിലെ ഇരുപത്തിരണ്ട് അംഗനവാടികളിലായി 1249 ആൺ കുട്ടികളും, 1181 പെൺകുട്ടികളും പഠിക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ മാത്രമല്ല, അമ്മമാരുടെയും ഗർഭിണികളായ സ്ത്രീകളുടെയും ആരോഗ്യസംരക്ഷണ കാര്യത്തിലും അംഗനവാടികൾ കാര്യമായ സംഭാവന നല്കുന്നു. ആരോഗ്യപ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ്സുകളും അംഗൻവാടി നല്കി വരുന്നുണ്ട്. പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതിലും പോഷകാഹാര വിതരണത്തിലും അംഗൻവാടികൾ ശ്രദ്ധിക്കുന്നുണ്ട്.

### (iv) സ്ത്രീകളും സാംസ്കാരിക രംഗവും

പഞ്ചായത്തിലെ സംംസ്കാരിക രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. കലാ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകുടെ എണ്ണം കഴിഞ്ഞ വർഷങ്ങളിൽ കുറഞ്ഞ് വരികയാണ്. സ്ത്രീകളുടെ വായനശീലവും കുറഞ്ഞുവരുന്നു. ടെലിവിഷന്റെ അതിപ്രസരം ഇതിന് കാരണമായിട്ടുണ്ട്. വർദ്ധിച്ചു വരുന്ന ജീവിത ചിലവും സാമൂഹിക പ്രശ്നങ്ങളും മറെറാരു കാരണമാണ്. വായനശാലയിൽ എത്തുന്ന സ്ത്രീകളുടെ എണ്ണവും കുറവാണ്.

### (v) സ്ത്രീ പീഡനം

നമ്മുടെ പഞ്ചായത്തിലും സ്ത്രീ പീഡന കേസുകൾ നിലനില്ക്കുന്നുണ്ട്. സ്ത്രീധന പ്രശ്നങ്ങളിലാണ് മുഖ്യമായും പീഡനമുള്ളത്. കുടുംബകോടതികളിലും മററുമായി ഇതു സംബന്ധമായ തർക്കങ്ങൾ കുരുങ്ങി കിടക്കുന്നു. സ്ത്രീധനം കൊടുക്കാൻ കഴിവില്ലാത്ത രക്ഷിതാക്കളുടെ നിസ്സഹായവസ്ഥയും ഇവിടെയുണ്ട്. ലൈംഗികമായ പീഡനത്തിനും സ്ത്രീകൾ വിധേയരാകുന്നുണ്ട്. ടി. വി. - സിനിമകൾ എന്നിവയുടെ സ്വാധീനം ഈ അതിക്രമങ്ങൾക്ക് ഒരു കാരണമാണ്. മദ്യപാനികളായ ഭർത്താക്കന്മാരുടെ ഭാര്യമാർ നിരവധി പീഡനങ്ങൾക്കിരയാകുന്നുണ്ട്.

### പ്രശ്നങ്ങൾ

1. സ്ത്രീകളിലെ നിരക്ഷരത
2. സ്കൂളുകളിലെ പഠന നിലവാര കുറവ്
3. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ സ്ത്രീകളോടുള്ള അവഗണന
4. സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ.
5. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ മോശമായ പ്രവർത്തനം
6. സ്ത്രീകളുടെ തൊഴിലില്ലായ്മ
7. ഉൽപാദന മേഖലകളിലെ സ്ത്രീകളുടെ കുറഞ്ഞ പങ്കാളിത്തം
8. D. W. C. R. A. യൂണിററിന്റെ നടത്തിപ്പു പ്രശ്നങ്ങൾ
9. ചെറുകിട വ്യവസായ യൂണിററുകൾ ആരംഭിക്കുന്നതിന് സ്ത്രീകൾക്കുള്ള മേനേജ്മെൻറ് പരിശീലന കുറവ്
10. വായ്പാ സൗകര്യങ്ങളുടെ അപര്യാപ്തതയും വിപണനപ്രശ്നങ്ങളും
11. അംഗനവാടികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങളുടെ കുറവ്.
12. മഹിളാ സമാജങ്ങളുടെ കാര്യക്ഷമതയില്ലാത്ത പ്രവർത്തനം
13. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്ത കുറവ്
14. സാംസ്കാരിക രംഗത്തെ സ്ത്രീകളുടെ പങ്കാളിത്ത കുറവ്
15. സ്ത്രീ പീഡനവും സ്ത്രീകൾക്കെതിരരെയുള്ള അതിക്രമങ്ങളും.



### പരിഹാര നിർദ്ദേശങ്ങൾ

1. സ്ത്രീകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി തുടർ സാക്ഷരതാ പരിപാടി ജന പങ്കാളിത്തത്തോടെ നടപ്പാക്കുക.
2. സ്കൂളിലെ പഠന നിലവാരം മെച്ചപ്പെടുത്താനായി സ്കൂൾ കോപ്ലക്സ് പ്രവർത്തനം ആരംഭിക്കുക. സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക.
3. സ്ത്രീകളെ ഉൽപാദന മേഖലകളുമായി ബന്ധപ്പെടുത്തുന്നതിന് ആവശ്യമായ ബോധവൽക്കരണം മഹിളാ സമാജങ്ങൾ, അംഗനവാടികൾ, മഹിളാ സംഘടനകൾ എന്നിവയുടെ സഹായത്തോടെ നടപ്പാക്കുക.
4. സാമ്പത്തിക വളർച്ചയുടെ പ്രയോജനം പാവപ്പെട്ടവരിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
5. ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുകയും പാവപ്പെട്ടവർക്ക് വരുമാനം ഉണ്ടാക്കാനാവുന്ന ആസ്തികൾകൊടുക്കുകയും ചെയ്യുന്ന ജവഹർ റോസ്ഗർ യോജനയുടെ ഗുണഫലം ദരിദ്ര കുടുംബങ്ങൾക്ക് ലഭ്യമാക്കാനായി അവർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുക.
6. തൊഴിൽ അഭിരുചി, അസംസ്കൃത സാധനങ്ങളുടെ ലഭ്യത, ഉൽ

പ്പന്നങ്ങളുടെ വിപണന സാധ്യത, പശ്ചാത്തല സൗകര്യങ്ങൾ എന്നിവ കണക്കിലെടുത്തുകൊണ്ടുള്ള സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുക.

7. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പബ്ലിക് ഹെൽത്ത് സെൻററിൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള സ്പെഷ്യലിസ്ററ് ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

8. പഞ്ചായത്തിലെ ആയുർവ്വേദ ഡിസ്പെൻസറിയിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

9. അംഗനവാടികളിൽ കൂടി വിതരണം ചെയ്യുന്ന പോഷകാഹാരങ്ങൾ ഗർഭിണികൾക്കും വൃദ്ധർക്കും കൂടി ലഭ്യമാക്കുക.

10. മഹിളാ സമാജങ്ങൾ, അംഗനവാടികൾ എന്നിവയിൽ കൂടി ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ നല്കുക.

11. കാർഷിക മേഖലയിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി നൂതന കൃഷി സമ്പ്രദായത്തിൽ സ്ത്രീകൾക്ക് ആവശ്യമായ പരിശീലനം നല്കുക.

പുഷ്പ കൃഷി, പച്ചക്കറി കൃഷി, ഔഷധ സസ്യ കൃഷി എന്നിവയിൽ ധാരാളം സാദ്ധ്യതകളുണ്ട്.

12. സ്ത്രീകൾക്ക് സങ്കരയിനത്തിലുള്ള പശു, ആട്, തുടങ്ങിയവ ലഭ്യമാക്കി മൃഗ സംരക്ഷണ മേഖലയിലെ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുക.

13. ക്ഷീരോല്പാദന രംഗത്ത് സ്ത്രീകളുടെ മാത്രമായി ഒരു സഹകരണ സംഘം രൂപീകരിക്കുക.

14. D. W. C. R. A. യൂണിററുകൾ എല്ലാ വാർഡുകളിലും ആരംഭിക്കുക.

ഭക്ഷ്യസംസ്കരണം, കാർഷിക ഉല്പന്ന സംസ്കരണം, റെഡിമേയ്ഡ്, അച്ചാർ, മെഴുകുതിരി നിർമ്മാണം തുടങ്ങിയ രംഗങ്ങളിൽ ധാരാളം സാധ്യതകളുണ്ട്.

15. ഒന്നാം വാർഡിലെ D. W. C. R. A. യൂണിററിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

16. വ്യാവസായ മാനേജ്മെൻറ് പരിശീലനം സ്ത്രീകൾക്ക് നല്കുക.

17. കൂടുതൽ യുവതികൾക്ക് ട്രൈസം ട്രെയിനിങ്ങ് നല്കുകയും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം കൊടുക്കുകയും ചെയ്യുക.

18. സഹകരണ വിപണന സംവിധാനം ഉണ്ടാക്കുക.

19. ടൈപ്പ് റൈററിങ്ങ്, ഇൻസ്ററിററ്യൂട്ട് സ്ത്രീകൾ നടത്തുന്ന പാരലൽ കോളേജ്, കൗ ൺസലിങ്ങ് സെൻററുകൾ എന്നിവ കൂടുതലായി സ്ഥാപിക്കാനുള്ള സാധ്യതകൾ ഉപയോഗ്യപ്പെടുത്തുക.

20. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായ കെട്ടിടം നിർമ്മിച്ച് കൊടുക്കുക.

21. അംഗനവാടികളിലെ കുട്ടികൾക്ക് ആവശ്യമായ കളിക്കോപ്പുകൾ പൊതുജന സഹകരണത്തോടെ ലഭ്യമാക്കുക.

22. അംഗനവാടികളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുക.

23. അംഗനവാടികളിൽ കുട്ടികൾക്ക് ആവശ്യമായ ഭക്ഷണം പാകം ചെയ്യുന്നതിന് വിറക് പൊതുജന പങ്കാളിത്തത്തോടെ ലഭ്യമാക്കുക.

മണ്ണെണ്ണ സ്ററൗ, മണ്ണെണ്ണ പെർമിററ് എന്നിവ അംഗനവാടികൾക്ക് അനുവദിച്ച് കൊടുക്കാൻ നടപടികൾ സ്വീകരിക്കുക.

24. അംഗനവാടികൾ തീരെയില്ലാത്ത പ്രദേശങ്ങളിലും കോളനികളിലും പുതിയവ ആരംഭിക്കുക.

25. മഹിളാ സമാജങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി പഞ്ചായത്തിലെ വനിത മെമ്പർമാരും വനിതാ സമൂഹ്യ പ്രവർത്തകരും ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിക്കുക.

26. ഓരോ അംഗനവാടിയോടും ചേർന്ന് ഓരോ മഹിളാ സമാജം ആരംഭിക്കുക.

27. സ്ത്രീകളുടെ കലാ കായിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും ശക്തിപ്പെടുത്താനുമായി സ്ത്രീകൾക്ക് മാത്രമായ ഒരു കലാസാംസ്കാരിക സംഘടന പഞ്ചായത്തിൽ ഉണ്ടാക്കുക.

28. സ്ത്രീകൾക്ക് മാത്രമായ ഒരു വായനശാല സ്ഥാപിക്കുക.

29. അംഗനവാടികളോട് ചേർന്നുള്ള 'ബുക്ക് കോർണ'റിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

30. സ്ത്രീകളെ പൊതു രംഗത്തേക്ക് കൂടുതൽ ആകർഷിക്കുന്നതിനുവേണ്ടി നേതൃത്വപരിശീലന പരിപാടികൾ, മഹിളാ സമാജങ്ങൾ, അംഗനവാടികൾ, വനിതാ സംഘടനകൾ എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പാക്കുക.

31. സ്ത്രീ പീഡനം, സാംസ്കാരിക രംഗത്തെ അധ:പതനം എന്നിവക്ക് എതിരെ വ്യാപകമായ ബോധവൽക്കരണം നടത്തുക.

32. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ പഞ്ചായത്ത് തലത്തിൽ വിലയിരുത്തുന്നതിന് വനിതാ മെമ്പർമാരും വനിതാ സന്നദ്ധ പ്രവർത്തരും അടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുക.

33. സ്ത്രീധനം, ആർഭാടപൂർണ്ണമായ വിവാഹങ്ങൾ എന്നിവക്കെതിരെ ബഹുജന അഭിപ്രായം വളർത്തുക.

34. സ്ത്രീകളുമായുള്ള കേസുകൾക്ക് വേഗം തീർപ്പ് കല്പിച്ച് കിട്ടുന്നതിനായി ബ്ലോക്ക് തലത്തിലെങ്കിലും ഒരു ലീഗൽ സെൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. □

# പട്ടിക ജാതി - പട്ടിക വർഗ്ഗം

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഒമ്പതാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തുന്ന പശ്ചാത്തലത്തിൽ കടങ്ങോട് പഞ്ചായത്തിലെ ഗ്രാമ സഭകളിൽ ഉയർന്ന് വന്ന ആവശ്യങ്ങൾ ക്രോഡീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഈ തുറയിലെ പ്രശ്നങ്ങൾ പഠിക്കുകയും അതിനുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

തൃശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിൽ ചിറമനങ്ങാട്, എയ്യാൽ, കടങ്ങോട്, വെള്ളറക്കാട് വില്ലേജുകൾ ഉൾപ്പെടുന്നു. വടക്കാഞ്ചേരി അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെടുന്ന കടങ്ങോട് പഞ്ചായത്തിൽ 11 വാർഡുകളും ജനസംഖ്യം 27,340 വിസ്തീർണ്ണം 32.5 സ്ക്വയർ കി. മീ. ആണ്. ഇതിൽ 3761 പേർ പട്ടിക ജാതിക്കാരായി പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ 29 പട്ടിക ജാതി കോളനികൾ നിലവിലുണ്ട്. അവയെല്ലാം തന്നെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവയാണ്. ഒററപ്പെട്ട് താമസിക്കുന്ന പട്ടിക ജാതി കുടുംബങ്ങളെ അപേക്ഷിച്ച് കോളനികളിൽ താമസിക്കുന്നവരുടെ ജീവിത നിലവാരം വിദ്യാഭ്യാസപരമായും സാംസ്കാരികമായും മോശമായ അവസ്ഥയാണ്. ഇതിന് ഒരു മാററം വരുത്തണമെങ്കിൽ ഇവിടെ താമസിക്കുന്നവരെ അവരുടെ അനുവദത്തോടെ പുനരധിവസിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നത് വളരെ നല്ലൊരു കാര്യമാണ്. കോളനി നിവാസികൾ എല്ലാം തന്നെ പരമ്പരാഗതമായ കൈതൊഴിൽ ചെയ്ത് ജീവിക്കുന്നവരാണ്. പട്ടിക ജാതി സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് വിദ്യാഭ്യാസപരമായും പിന്നിലാണ്. മിക്ക കുടുംബങ്ങളും ദാരിദ്ര്യത്തിൽ കഴിയുന്നു. പ്രതിശീർഷവരുമാനം 2500 ൽ താഴെയാണ്. പട്ടിക ജാതി കുടുംബങ്ങളിലെ കുട്ടികൾ വിദ്യാഭ്യസപരമായി പിന്നിലാണ്. ഇടയ്ക്ക വെച്ച് പഠനം നിർത്തി തൊഴിൽ തേടി പോകുന്നവരുടെ എണ്ണം കുറവല്ല. സ്ത്രീകൾ സാക്ഷരതയിൽ വളരെ പുറകിലാണ്. പഞ്ചായത്തിൽ വിരലിലെണ്ണാവുന്നവർ മാത്രമേ ഉന്നത വിദ്യാഭ്യാസം നേടി തൊഴിൽ രംഗത്ത് പ്രവേശിച്ചിട്ടുള്ളു. ഉത്സവങ്ങളോടനുബന്ധിച്ചും മരണം വിവാഹം തുടങ്ങിയ ചടങ്ങുകൾക്കും ചില പ്രത്യേക അനുഷ്ഠാന കലകൾ അവതരിപ്പിച്ച് വരുന്നു. കടങ്ങോട് പഞ്ചായത്തിൽ സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ ഒന്നും തന്നെ പ്രത്യക്ഷത്തിൽ ഇല്ല എന്നു പറയാം.

## പ്രശ്നങ്ങൾ

1. ആകെയുള്ള പട്ടികജാതി കുടുംബങ്ങൾ 628 ആണ് ഇതിൽ 600 ഓളം കുടുംബങ്ങളും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണ്.

2. ഭൂരിഭാഗം പട്ടിക ജാതിക്കാരും കർഷകതൊഴിലളികളും കൈതൊഴിൽകാരും കൂലിപ്പണിക്കാരുമാണ്. വർഷത്തിൽ എല്ലാ ദിവസവും ഇവർക്ക് തൊഴിൽ ലഭിക്കുന്നില്ല.

3. കാലികമായ തൊഴിലില്ലായ്മയ്ക്ക് വിധേയരാകുന്ന കാലയളവിൽ വരുമാനം നേടാനാവുന്ന മററു ഉപതൊഴിലുകളുടെ അഭാവം.

4. ഭൂരിഭാഗം കുടുംബങ്ങളും പട്ടികജാതികോളനികളിലാണ് താമസിക്കുന്നത്. വീട്, കക്കൂസ്, റോഡ്, വൈദ്യുതി, കിണർ എന്നീ അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യതയും ഗുണനിലവാരവും വളരെ ശോചനീയമാണ്.

5. പാരിക്കുന്ന്, അരിക്കാട്ടുകുണ്ട്, മണ്ടംപറമ്പ് എന്നീ കോളനികൾ വികസന കോളനിയായി ഏറെറടുത്തിട്ടു പോലും ഇവിടുത്തെ അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല.

6. പട്ടിക ജാതി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യഭ്യാസപരമായ പിന്നോക്കാവസ്ഥയും സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്കും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല.

7. മദ്ധ്യവയസ്ക്കരായ പുരുഷന്മാരും സ്ത്രീകളും വിദ്യഭ്യാസപരമായി പിന്നോക്കം നില്ക്കുന്നു. എന്നു മാത്രമല്ല ഒരു ഗണ്യമായ വിഭാഗം നിരക്ഷരരുമാണ്.

8. താഴ്ന്ന ജീവിത നിലവാരവും പരിസരശുചിത്തമില്ലാത്ത സാഹചര്യങ്ങളിലുള്ള ജീവിതവും ഇവരുടെ ആരോഗ്യത്തെ വളരെ സാരമായി ബാധിക്കുന്നു. ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രാപ്തിയും അടിസ്ഥാന സൗകര്യങ്ങളും ഇവർക്ക് വേണ്ടത്ര ഇല്ല.

9. പട്ടിക ജാതി വിഭാഗക്കാരുടെ പാരമ്പര്യ കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾ നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനുള്ള അനുകൂല സാഹചര്യങ്ങളില്ല.

10. പട്ടിക ജാതി ക്ഷേമത്തിനു

വേണ്ടി കാലാകാലങ്ങളിൽ സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ സംബന്ധിച്ച് ആവശ്യമുള്ള വിവരം ജനങ്ങൾക്ക് ലഭ്യമല്ല.

11. പട്ടയം ലഭിക്കാത്ത പട്ടിക ജാതി വിഭാഗക്കാർ ഇനിയും ഈ പഞ്ചായത്തിലുണ്ട്.

## പരിഹാര നിർദ്ദേശങ്ങൾ



1. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പട്ടിക ജാതിക്കാരായ വനിതകൾക്ക് വേണ്ടി പായ / കുട്ട, ചൂരൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിററുകൾ ആരംഭിക്കുക.

2. സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.

3. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ തൊഴിൽ മെച്ചപ്പെടുത്തുന്നതിന് പുത്തൻ സാങ്കേതിക വിദ്യകളും യന്ത്ര സാമഗ്രികളും നല്കുക.

4. കോഴി, ആട് വളർത്തൽ പോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആരംഭിക്കുക.

5. ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസ പദ്ധതിക്ക് കൂടുതൽ തുക അനുവദിക്കുകയും അതു കൂടുതൽ ആളുകൾക്ക് ലഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുകയും വേണം.

6. സാങ്കേതിക പരിശീലനത്തിന് പഞ്ചായത്ത് തലത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

7. തൊഴിൽ പരിശീലനത്തിന് പഞ്ചായത്ത് തലത്തിൽ പരിശീലന കേന്ദ്രം ആരംഭിക്കുക.

8. പട്ടിക ജാതിക്കാർക്ക് ഒരു സഹകരണ സംഘം തൊഴിലിന് ആസ്പദമാക്കി രൂപീകരിച്ച് തൊഴിൽ അവസരം സൃഷ്ടിക്കുക.

9. ലോണെടുത്ത് തിരിച്ചടക്കാൻ കഴിയാതെ നടപടിയായി കിടക്കുന്ന മുഴുവൻ സംഖ്യകളും എഴുതി തള്ളുക.

10. വീടുകൾ ഇല്ലാത്ത മുഴുവൻ പട്ടികജാതിക്കാർക്കും വീടുകൾ നല്കുന്നതിന് ഒരു തീവ്രയത്നപരിപാടി പഞ്ചായത്തിൽ നടപ്പിലാക്കുക.

11. പുര മേയുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കുകയും കൂടുതൽ ആളുകൾക്ക് ലഭിക്കുന്നതിന് വേണ്ട ഫണ്ട് അനുവദിക്കുകയും ചെയ്യുക.

12. പട്ടയം ലഭിക്കാനുള്ള മുഴുവൻ പട്ടികജാതിക്കാർക്കും ഉടൻ പട്ടയം നൽകുക.

13. ചിലവു കുറഞ്ഞ വീട് നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുക. നിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം നൽകുക.

14. സ്വന്തമായി വീടും കിണറും വൈദ്യുതിയും ഇല്ലാത്തവർക്ക് അത് ലഭിക്കാൻ വേണ്ട നടപടികൾ ആരംഭിക്കുക.

15. ഓരോ വീടിനും ഓരോ കിണറെന്ന ഒമ്പതാം പദ്ധതിയുടെ ലക്ഷ്യം നടപ്പിലാക്കുക.

16. പട്ടിക ജാതി കോളനികളിലും കക്കൂസില്ലാത്തവർക്ക് കക്കൂസ് നിർമ്മിച്ചു കൊടുക്കാനുള്ള പദ്ധതി നടപ്പിലാക്കുക.

17. എല്ലാ പട്ടിക ജാതി വനിതകളുടെ ആരോഗ്യം ബലപ്പെടുത്തുന്നതിന് പുകയേൽക്കാത്ത അടുപ്പുകൾ നിർമ്മിക്കുക.

18. ആരോഗ്യ സംരക്ഷണത്തെക്കുറിച്ച്ഒരു അവബോധം കോളനി നിവാസികളിൽ ജനിപ്പിക്കുവാനുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.

19. കോളനികളിൽ തുടർ സാക്ഷരതാ പരിപാടി പ്രോത്സാഹിപ്പിക്കുക.

20. ബാലവാടികൾ പട്ടിക ജാതി കോളനികളിൽ ആരംഭിക്കുക.

21. സൗരോർജ്ജ വിളക്കുകളും, ബയോഗ്യാസ് പ്ലാൻറുകളും, സോളാർ പമ്പ് സെററുകളും, പ്രഷർ കുക്കറുകളു സൗജന്യമായി പട്ടിക ജാതിക്കാർക്ക് നൽകുക.

22. മദ്യത്തിൻെറ ഉപയോഗം തടയുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

23. വിദ്യാഭ്യാസആനുകൂല്യം ഒഴികെ മറെറാരു ആനുകൂല്യവും വേണ്ടത്ര ലഭിക്കുന്നില്ല. ഇത് ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുക.

24. ചികിത്സാ സഹായം വർദ്ധിപ്പിക്കുകയും പെട്ടെന്ന് ലഭിക്കുന്നതിനു വേണ്ട നടപടി കൈ കൊള്ളുകയും ചെയ്യുക.

25. വിവാഹ ധനസഹായതുക വർധിപ്പിക്കുകയും അത് വിതരണം ചെയ്യുന്നത് പഞ്ചായത്തുകൾ വഴി ആക്കുകയും ചെയ്യുക.

26. വിവാഹ ധനസഹായത്തിന് അപേക്ഷിച്ച് 30 ദിവസത്തിനുള്ളിൽ അനുവദിക്കുന്നതിനുവേണ്ട നടപടി കൈകൊള്ളുക.

27. സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനങ്ങൾ പഞ്ചായത്തു തലത്തിൽ നടപ്പിലാക്കുക.

## നടപ്പുപദ്ധതികളുടെ അവലോകനം

1. റോഡുകൾ നിർമ്മിക്കുക, വൈദ്യുതി എത്തിക്കുക എന്നിവ ഒരു പരിധി വരെ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

2. 17 കോളനികളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിന് വാട്ടർ സ

പ്ലൈ സ്കീം പണി നടന്നുകൊണ്ടി രിക്കുന്നു.

3. 140 വീടുകൾ 93-94 വർഷത്തിൽ വൈദ്യുതീകരിച്ചു.

4. പട്ടിക ജാതി വാഭാഗക്കാർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് I. R. D. P. ലോണുകൾ അനുവദിക്കുകയുണ്ടായി.

5. സൗജന്യമായി വീടുകൾ, കക്കൂസുകൾ എന്നിവ കുറച്ച് പേർക്ക് വിതരണം ചെയ്യാൻ കഴിഞ്ഞു.

□





| വാർഡ് നമ്പർ | കോളനിയുടെ പേര് | സ്വന്തമായി താമസയോഗ്യ മായ വീടില്ലാത്ത വർ വാർഡ് തല ത്തിൽ | വീട് ഉള്ളവർ വാർഡ് തലത്തിൽ | കക്കൂസ് ഇല്ലാത്ത വർ വാർഡ് തലത്തിൽ | കിണർ ഇല്ലാത്ത വർ വാർഡ് തലത്തിൽ | വൈദ്യുതി ഇല്ലാത്ത വർ വാർഡ് തലത്തിൽ | റോഡ് സൗകര്യം ഇല്ലാത്ത കോളനികൾ | പട്ടയം ലഭി ക്കാത്ത വർ |
|---|---|---|---|---|---|---|---|---|
| IV | 1. കുറിഞ്ചൂർഞ്ഞാൽ, 2. നെല്ലിക്കുന്ന് 3. പടിഞ്ഞാററുമുറി 4. പുലിക്കപ്പാറ | 34 | 58 | 65 | 50 | 30 | സഞ്ചാര യോഗ്യമല്ല | 20 |
| VI | 1. കിടങ്ങൂർ | 5 | 26 | 5 | 5 | 10 | „ | |
| VII | 1. നീണ്ടൂർ | 40 | 15 | 40 | 35 | 40 | „ | |
| VIII | 1. ഇയ്യാൽ ലക്ഷം വീട് 2. അമ്പല പരിസരം 3. ഉപ്പുപാറ | 25 | 91 | 80 | 60 | 20 | „ | |
| IX | 1. ആദൂർ കുന്ന് 2. ദേവസ്വം പറമ്പ് 3.കല്ലൂർ പറമ്പ് | 40 | 53 | 75 | 55 | 9 | „ | |
| I | 1. മണ്ടംപറമ്പ് 2. കാദർപടി | 50 | 74 | 125 | 82 | 100 | „ | 22 |
| II | 1. അരിക്കാട്ടു കുണ്ട് 2. കുഴുപ്പോത്ത് 3 ലക്ഷം വീട് 4. കല്യാണികുന്ന് 5. വാലിപറമ്പ് | 46 | 102 | 122 | 80 | 47 | „ | 12 |
| III | 1. പെരുമ്പാറ കുന്ന് 2. മുല്ലപ്പള്ളി കുന്ന് 3. മല്ലിശ്ശേരി കോളനി | 30 | 51 | 36 | 28 | 36 | „ | 5 |
| X | 1. വെള്ളത്തേരി 2. ഒരുപ്പാക്ക പുഞ്ചയിൽ പൊയ്ലിയിൽ 4. പാഴിയോട്ടുമുറി | 40 | 58 | 60 | 44 | 9 | „ | 16 |
| XI | 1. മണ്ണാൻ കുന്ന് 2. പാരികുന്ന് 3. പേങ്ങാട്ടുപാറ | 40 | 90 | 60 | 42 | 28 | „ | 13 |
| V | കോളനി ഇല്ല | 6 | 10 | 15 | 13 | 15 | ഉണ്ട് | |

# സഹകരണമേഖല, വിഭവ സമാഹരണം



## സഹകരണമേഖല

ഈ പഞ്ചായത്തതിർത്തിയിൽ രണ്ട് സർവ്വീസ് സഹകരണ ബാങ്കുകളും രണ്ട് ക്ഷീരോൽപാദന സംഘങ്ങളും മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ മൂന്ന് വില്ലേജുകൾ പ്രവർത്തന പരിധിയായുള്ള വെള്ളറക്കാട് സർവ്വീസ് സഹകരണ ബാങ്കും എയ്യാൽ വില്ലേജ് പ്രവർത്തന പരിധിയിലുള്ള വെള്ളാററഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്കുമാണ് ബാങ്കുകളായുള്ളത്. ആറ് സംഘങ്ങൾ ഇപ്പോൾ പ്രവർത്തനരഹിതമാണ്.

## ക്രെഡിററ് സംഘങ്ങൾ

1. വെള്ളറക്കാട് സർവ്വീസ് സഹകരണ ബാങ്ക്

ഇത് ഒരു സാധാരണ സംഘമായി എഴുപത് വർഷംമുമ്പ് അതായത് മലയാള വർഷം 1101 മീനമാസം 7-ാം തിയ്യതി ആരംഭിച്ചതാണ്. പിന്നീട് പടിപടിയായി ഉയർന്ന് ഇന്നൊരു ബാങ്കായി പ്രവർത്തിച്ച് വരുന്നു. വെള്ളറക്കാട്, ചിറമനങ്ങാട്, കടങ്ങോട് വില്ലേജുകളാണ് ഈ ബാങ്കിൻെറ പ്രവർത്തന പരിധി. ബാങ്കിൻെറ ആസ്ഥാനം വെള്ളറക്കാടാണ്. ഇപ്പോൾ 4172 അംഗങ്ങളുള്ള ഈ ബാങ്കിൻെറ പ്രവർത്തനം മുഖ്യമായും കാർഷിക മേഖലയിലാണ്. മെമ്പർമാർക്ക് കൃഷിവായ്പ, ഗൃഹ നിർമ്മാണ വായ്പ, ചെറുകിട കച്ചവട വായ്പ, I. R. D. P. വായ്പ, വിദ്യാഭ്യാസ വായ്പ മററു സാധാരണ വായ്പ എന്നിവയും ചുരുങ്ങിയ പലിശക്ക് സ്വർണ്ണപണ്ടം പണയത്തിന്മേലുള്ള വായ്പയും കൊടുക്കുക എന്നതാണ് മുഖ്യപ്രവർത്തനം. ഇതിനുപുറമെ വളം, കീടനാശിനി, കൃഷി ഉപകരണങ്ങൾ, തുണി എന്നിവ വില്ക്കുകയും ചെയ്യുന്നുണ്ട്. ഓണക്കാലത്ത് വിലനിലവാരം നിയന്ത്രിക്കാനായി ഓണചന്തകളും സംഘടിപ്പിക്കാറുണ്ട്. നിക്ഷേപസമാഹരണ പ്രവർത്തനത്തിൻെറ ഭാഗമായി വിവിധതരം നിക്ഷേപങ്ങൾ സ്വീകരിക്കുകയും പ്രതിമാസം - പ്രതിദിന മിച്ച നിക്ഷേപ പദ്ധതികൾ നടത്തി വരികയും ചെയ്യുന്നു. നിക്ഷേപ സമാഹരണ യജ്ഞം വഴി ഓരോ വർഷവും കൂടുതൽ നിക്ഷേപ തുക സമാഹരിക്കുന്നതിൽ ബാങ്ക് വിജയിച്ച് വരുന്നുണ്ട്. ബാങ്കിൻെറ ഇന്നത്തെ പ്രവർത്തനം തൃപ്തികരമാണ്. വിശദ വിവരങ്ങൾ പട്ടികയിൽ ചേർക്കുന്നു.

2. വെള്ളാററഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്ക്

1956 ൽ സ്ഥാപിതമായ ഈ ബാങ്കിൻെറ പരിധിയിലാണ് പഞ്ചായത്തിലെ എയ്യാൽ വില്ലേജ് ഉൾപ്പെടുന്നത്. മെമ്പർമാർക്ക് കാർഷിക വായ്പ, സാധാരണ വായ്പ, ഗൃഹ നിർമ്മാണ വായ്പ, വിദ്യാഭ്യാസ വായ്പ, I. R. D. P. വായ്പ, സ്വർണ്ണപണയ വായ്പ എന്നിവ കൊടുക്കുന്നതിന് പുറമെ കീടനാശിനി, വളം തുടങ്ങിയ സാധനങ്ങളും വില്ക്കുന്നു. വിവിധ തരം നിക്ഷേപങ്ങൾ സ്വീകരിക്കുകയും നിക്ഷേപ പദ്ധതികൾ നടത്തുകയും ചെയ്യുന്നുണ്ട്. ബാങ്കിൻെറ ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരമാണ്. വിശദ വിവരത്തിന് പട്ടിക കാണുക.

## മററു സംഘങ്ങൾ

1. എയ്യാൽ ചുങ്കം ക്ഷീരോൽപാദന സംഘം

146 അംഗങ്ങളുള്ള ഈ സംഘം തൃപ്തികരമായ നിലയിൽ പ്രവർത്തിക്കുന്നു.

2. വെള്ളറക്കാട് ക്ഷീരോൽപാദന സഹകരണ സംഘം

ഈ സംഘത്തിൽ 158 മെമ്പർമാരുണ്ട്. തൃപ്തികരമായി പ്രവർത്തിച്ചു വരുന്നു.

3. ചിറമനങ്ങാട് പ്രിയദർശിനി ക്ഷീരോൽപാദന സഹകരണ സംഘം

ഈ സംഘം ഇപ്പോൾ പ്രവർത്തന രഹിതമാണ്. സാങ്കേതിക കാരണങ്ങളാൽ പ്രവർത്തനം നിലച്ചതാണ്. അടുത്തുതന്നെ പ്രവർത്തനം പുനരാരംഭിക്കാനുള്ള നടപടികൾ ഉണ്ടായിട്ടുണ്ടെന്ന് അറിയുന്നു.

4. രാജീവ് പട്ടിക ജാതി - പട്ടിക വർഗ്ഗ സഹകരണ സംഘം, വെള്ളറക്കാട്

### സർവീസ് സഹകരണ ബാങ്കുകൾ പൊതു അവലോകനം

| വിവരം | വെള്ളറക്കാട് സർവീസ് സഹകരണ ബാങ്ക് | വെള്ളാററഞ്ഞൂർ സർവീസ് സഹകരണ ബാങ്ക് (വേലൂർ പഞ്ചായത്തുൾപ്പെടെ) |
|---|---|---|
| 1. ഇനം | ക്രെഡിററ് | ക്രെഡിററ് & നോൺ ക്രെഡിററ് |
| 2. ആകെ അംഗങ്ങൾ | 4172 | 3410 |
| 3. അംഗീകൃത ഓഹരി മൂലധനം | 500000 രൂപ | 500000 രൂപ |
| 4. പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | 208880 രൂപ | 384900 രൂപ |
| 5. സർക്കാർ ഓഹരി | 37350 രൂപ | 55000 രൂപ |
| 6. പരമാവധി കടം എടുക്കാവുന്ന തുക | 1,04,44,000 രൂപ | 1,97,74,795 രൂപ |
| 7. നിക്ഷേപങ്ങൾ സ്ഥിരം | 34,65,215 രൂപ | 39,56,775 രൂപ |
| ഹ്രസ്വകാലം | 4,55,620 രൂപ | 14,59,468 രൂപ |
| 8. നൽകിയിട്ടുള്ള വായ്പകൾ | | |
| (a) കാർഷിക വായ്പകൾ | 10,67,046 രൂപ | 33,71,138 രൂപ |
| (b) മററു വായ്പകൾ | 2,43,063 രൂപ | 9,41,205 രൂപ |
| (c) പ്രത്യേക വായ്പകൾ | | |
| IRDP | 1,79,108 രൂപ | 2,81,618 രൂപ |
| - സ്വർണ്ണപ്പണയ വായ്പ | 30,56,255 രൂപ | 51,70,985 രൂപ |
| - CCDP | | |
| - ഡയറി ഡവലപ്മെൻറ് | | 3,68,047 രൂപ |
| 9. നൽകിയ വായ്പകൾകാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ | 6,20,406 രൂപ | 8,10,430 രൂപ |
| 10. എസ്ററാബ്ലിഷ്മെൻറ് P കണ്ടിജൻസി ചെലവുകൾ | 1,93,212 രൂപ | 3,08,850 രൂപ |

ഈ സംഘം പ്രവർത്തനരഹിതമായി കിടക്കുന്നു.

5. സെറി കൾച്ചർ (പട്ടുനൂൽ പുഴു വളർത്തൽ) സംഘം

ഇപ്പോൾ പ്രവർത്തനരഹിതമാണ്.

6. ഖാദി വ്യവസായ സഹകരണ സംഘം

ഇപ്പോൾ പ്രവർത്തനരഹിതമാണ്.

7. കൈകുത്തരി സഹകരണ സംഘം

ഇപ്പോൾ പ്രവർത്തനരഹിതമാണ്.

8. ഓട്ടോ സ്പെയർപാർട്ട്സ് സംഘം

ഈ സംഘവും പ്രവർത്തനരഹിതമാണ്.

## പ്രശ്നങ്ങൾ

1. സർവ്വീസ് സഹകരണ ബാങ്കുകളുടെ നിക്ഷേപ അടിത്തറ വളരെ ശക്തമല്ല. നിക്ഷേപ സംഖ്യ താരതമ്യേന കുറവായതിനാൽ സ്വന്തം ഫണ്ടുപയോഗിച്ചുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നു.

2. എല്ലാ ശ്രോതസ്സുകളിൽ നിന്നുമായി കൊടുക്കുന്ന മൊത്തം വായ്പയുടെ കണക്കെടുത്താൽ നേരിട്ടുള്ള കാർഷിക വായ്പയുടെ അനുപാതം മൂന്നിലൊന്നിൽ താഴെ അതായത് 33 ശതമാനത്തിൽ താഴെ മാത്രമാണ്.

3. സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൻെറ കാര്യക്ഷമതയെ ബാധിക്കുന്ന ഒരു പ്രതികൂല ഘടകമായി കുടിശ്ശിക പ്രശ്നം നിലനിൽക്കുന്നു. കാലാവധി കഴിഞ്ഞ് കിട്ടാനുള്ള വായ്പകൾ ഗണ്യമായൊരു പങ്ക് വരും.

4. സർവ്വീസ് സഹകരണ ബാങ്കുകൾക്ക് ഭീഷണിയായി സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും കുറി

കമ്പനികളും വർദ്ധിച്ചുവരുന്നു.

5. രൂപീകൃതമായ മിക്ക സഹകരണ സംഘങ്ങളും ഇപ്പോൾ പ്രവർത്തനരഹിതമായി കാണുന്നു. നിലനിൽപ്പ് ശേഷിയും അതിജീവന ശേഷിയും കണക്കിലെടുക്കാതെയാണ് പല സംഘങ്ങളും രൂപീകരിച്ചിട്ടുള്ളതെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

## പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്കുകളിൽ നിക്ഷേപം തുടങ്ങുന്നതിനും നിലവിലുള്ള നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തിലെ സാമ്പത്തിക ശേഷിയുള്ള ജനങ്ങൾ നിർലോഭമായ സഹകരണങ്ങൾ നൽകേണ്ടതാണ്. ഗ്രാമീണ മേഖലയുടെ വികസനത്തിന് വേണ്ടി പ്രവർത്തിക്കാവുന്ന മുഖ്യബാങ്കുകൾ സർവ്വീസ് സഹകരണ ബാങ്കുളാണെന്ന വിപുലമായ സാമൂഹ്യ വീക്ഷണം ഇതിനാവശ്യമാണ്.

2. സഹകരണ ബാങ്കുകളുടെ നിക്ഷേപ സമാഹരണ പ്രവർത്തനം ഊർജിതപ്പെടുത്തുക.

3. സഹകരണ ബാങ്കുകളുടെ കുടിശ്ശിക പിരിവ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

4. ബാങ്കുകളിൽ കുടിശ്ശികക്കാരായ വായ്പക്കാർ വായ്പ തിരിച്ച് അടവ് നടത്തുന്നതിന് താല്പര്യമെടുക്കണം.

•സഹകരണ ബാങ്കുകൾ സ്വന്തം ഫണ്ടുകൾ വർദ്ധിപ്പിക്കാനുള്ള എല്ലാ സാദ്ധ്യതകളും പ്രയോജനപ്പെടുത്തുകയും കൂടുതൽ ഫണ്ട് ഉപയോഗിച്ച് പ്രവർത്തനത്തിൽ വൈവിധ്യമുണ്ടാക്കുകയും വേണം.

6. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പലിശ നിയന്ത്രിക്കുന്നതിനും മററും നടപടികൾക്കു വേണ്ടി അധികൃതരുടെ ഭാഗത്ത് നിന്ന് സമ്മർദ്ദമുണ്ടാകണം. ഈ സ്ഥാപനങ്ങളുടെ പലിശ നിയന്ത്രണം നടപ്പിലാക്കണം.

7. കേരളത്തിൻേറതായ കുറി, ചിട്ടി നിയമങ്ങൾക്കു കീഴിൽ മാത്രമേ നാട്ടിൽ കുറി, ചിട്ടി തുടങ്ങിയവയുടെ പിരിവ് നടത്തുന്നുവാൻ പാടുള്ളൂ എന്ന് നിയമം മൂലം ഉറപ്പു വരുത്തുക.

8. വെള്ളറക്കാട് സർവ്വീസ് സഹകരണ ബാങ്കിൻെറ ഒരു ബ്രാഞ്ച് ചിറമ്മനങ്ങാട് വില്ലേജിലും മറെറാന്ന് കടങ്ങോട് വില്ലേജിലും ആരംഭിക്കുക. വെള്ളാററഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്കിൻെറ ഒരു ബ്രാഞ്ച് എയ്യാൽ വില്ലേജിലും സ്ഥാപിക്കുക.

9. സഹകരണ ബാങ്കുകളിൽ സായാഹ്ന ശാഖകൾ തുടങ്ങുന്നത് കൂടുതൽ ഉപകാര പ്രദമായിരിക്കും.

10. സഹകരണ ബാങ്കുകളുടെ ബ്രാഞ്ചുകൾ ഓരോ വില്ലേജിലും തുടങ്ങുന്നതിന് പ്രയാസങ്ങളുള്ള കാലത്തോളം ഓരോ വില്ലേജിലും അതാത് ബന്ധപ്പെട്ട സർവ്വീസ് സഹകരണ ബാങ്കിൻെറ എക്സ്റെറൻഷൻ കൗണ്ടറുകൾ ആരംഭിക്കുക.

11. പ്രവർത്തനരഹിതമായി കിടക്കുന്ന സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാവണം.

12.. കടങ്ങോട് വില്ലേജിൽ ഒരു ക്ഷീരോല്പാദന സംഘം ആരംഭിക്കുക.

13. ക്ഷീരോല്പാദന സംഘങ്ങളെല്ലാം സ്വന്തം പ്രവർത്തന പരിധിയിലുള്ള മുഴുവൻ ക്ഷീരോല്പാദകരെയും ചേർത്ത് വിപുലീകരിക്കേണ്ടതാണ്.

14. ക്ഷീരോല്പാദന സംഘങ്ങളിൽ പാലുല്പന്നങ്ങൾ വില്ക്കുന്നതിനുവേണ്ട സ്ററാളുകൾ തുടങ്ങേണ്ടതാണ്.

15. തീററ പുൽ കൃഷി ചെയ്യുന്നതിനുവേണ്ടി ഓരോ ക്ഷീരോല്പാദന സംഘത്തിനും 3 ഹെക്ടർ സ്ഥലം വീതം റവന്യൂ പുറമ്പോക്ക് അല്ലെങ്കിൽ മിച്ചഭൂമി പതിച്ചു കൊടുക്കേണ്ടതാണ്.

16. മൃസംരക്ഷണവകുപ്പിൽ നിന്ന് കൊടുക്കുന്ന സഹായങ്ങളും സഹകരണങ്ങളും വിദഗ്ദ്ധ ഉപദേശങ്ങളും ക്ഷീരോല്പാദന സംഘങ്ങളെ അപ്പപ്പോൾ അറിയിക്കുന്നതിനുള്ള നട പടികൾ ഉണ്ടാകണം.

17. പ്രവർത്തനരഹിതമായി കിടക്കുന്ന രാജീവ് പട്ടിക ജാതി - വർഗ്ഗ സംഘം പുനരുദ്ധരിക്കുകയും കഴിയുന്നത്ര അംഗങ്ങളെ ചേർത്ത് വിപുലീകരിക്കകയും വേണം. വെട്ടുകൽ വെട്ടുന്ന പ്രവർത്തിയും വിപണനവും, കൂടാതെ കരിങ്കൽ പൊളിക്കുന്നതും കരിങ്കൽ കുത്തുന്നതും വിപണനവും ഏറെറടുത്ത് നടത്തേണ്ടതാണ്. കുട്ട നെയ്ത്ത്, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവയും ഏറെറടുത്ത് നടത്താവുന്നതാണ്. കോൺക്രീററ് കട്ടിലകൾ, ജനലകൾ, ഹോളോബ്രിക്സ് തുടങ്ങിയവയുടെ നിർമ്മാണവും തുടങ്ങാനുള്ള സാധ്യതയും ഉണ്ട്.

18. ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുന്ന കൈകുത്തരി സഹകരണ സംഘം പുനരുദ്ധരിച്ച് നെല്ല് സംഭരണവും സംസ്കരണവും നടത്തി ആധുനിക രീതിയിൽ അരി വ്യാപാരം നടത്താൻ പരിശ്രമിക്കേണ്ടതാണ്.

19. പ്രവർത്തനരഹിതമായി കിടക്കുന്ന സെറികൾച്ചർ സംഘവും ഖാദി വ്യവസായ സഹകരണ സംഘവും പ്രവർത്തനങ്ങളെ കൂട്ടി യോജിപ്പിച്ച് വിപുലീകരിക്കേണ്ടതാണ്.

20 റബ്ബർ ഉല്പാദന സംഘം പുനരുദ്ധരിച്ച് റബ്ബർ വ്യാപാരവും റബ്ബർ വ്യവസായവും തുടങ്ങേണ്ടതാണ്.

21. പുതിയ സഹകരണസംഘങ്ങൾ രൂപീകരിക്കാനുള്ള സാദ്ധ്യതകൾ നിരവധിയുണ്ട്. നിലനില്പ് ശേഷിയും അതിജീവന ശേഷിയും പരിശോധിച്ച് വിലയിരുത്തിയ ശേഷം ബഹുജന പങ്കാളിത്തത്തോടെ ഇവ രൂപീകരിക്കാവുന്നതാണ്. ഈ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ നാളികേര ഉല്പാദകരേയും ചേർത്ത് നാളികേര ഉല്പാദനം, സംസ്കരണം, വിപണനം തുടങ്ങിയവക്കുവേണ്ടി ഒരു സംഘം രൂപീകരിക്കാവുന്നതാണ്. വനിതകൾക്ക് മാത്രമായി ഒരു വ്യവസായ സഹകരണ സംഘം വേണ്ടതാണ്. ആടു വളർത്തൽ, കോഴി വളർത്തൽ, എന്നവയ്ക്കായി ഒരു സംഘം രൂപീകരിക്കാനുള്ള സാദ്ധ്യത പരിശോധിച്ച് നടപടികൾ വേണം. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ബീഡി വ്യവസായം, ബേക്കറി സാധനങ്ങളുടെ ഉല്പാദനം, പഴം പച്ചക്കറി എന്നിവയുടെ കൃഷിയും വ്യാപാരവും, ഫർണിച്ചർ വ്യവസായം എന്നീ ഉല്പാദന വിതരണ മേഖലകളിലെല്ലാം സഹകരണ സംഘങ്ങൾ രൂപീകരിക്കാനുള്ള പരിശ്രമങ്ങൾ ഉണ്ടാവണം. സാധ്യതയുള്ളിടത്തെല്ലാം സംഘം രൂപീകരിക്കുകയും വേണം.

22. നാളികേരം, അടക്ക, കുരുമുളക്, കശുവണ്ടി, റബ്ബർ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുടെ വിപണനത്തിനുവേണ്ടി ഒരു വിപണന കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുവാൻ ഒരു സഹകരണ സംഘം രൂപീകരിക്കാനുള്ള സാധ്യത വേണ്ടവിധം പഠിച്ച് നടപടികൾ ഉണ്ടാകേണ്ടതാണ്.

23. ഈ ഗ്രാമ പഞ്ചായത്തിലെ കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസം ലഭിക്കുവാൻ വളരെ ബുദ്ധിമുട്ടാണ്. കോളേജുകൾ വളരെ അകലെയാണെന്ന് മാത്രമല്ല യാത്രാ സൗകര്യവും വളരെ കുറവാണ്. ആയതുകൊണ്ട്, സഹകരണാടിസ്ഥാനത്തിൽ ഒരു കോളേജ് സ്ഥാപിക്കുന്നതിനുള്ള നല്ല സാധ്യതകൾ നിലനിൽക്കുന്നു. താല്പര്യമുള്ള സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും വ്യക്തികളും കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ ഈ സംരംഭം സ്ഥാപിക്കാനും ഏറെറടുക്കാനും മുന്നോട്ട് വരേണ്ടത് ആവശ്യമാണ്.

## വിഭവസമാഹരണം

ഈ പഞ്ചാത്തിൽ സ്റേററ് ബാങ്ക് ഓഫ് ഇന്ത്യയുടെ സബ്സിഡിയറി ബാങ്കായ സ്റേററ് ബാങ്ക് ഓഫ് ട്രാൻകൂറും വെള്ളറക്കാട് സർവ്വീസ് സഹകരണ ബാങ്കും പ്രവർത്തിക്കുന്നു. കൂടാതെ കടങ്ങോട് വില്ലേജിൽ സ്റേററ് ബാങ്ക് ഓഫ് ഇന്ത്യ പ്രവർത്തിക്കുന്നു. എയ്യാൽ വില്ലേജിൽ വെള്ളററഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്കും പ്രവർത്തിക്കുന്നു.

മേൽപറഞ്ഞ് ബാങ്കിൻെറ പ്രവർത്തനം ഈ പഞ്ചായത്തതിർത്തിയിൽ തീരെ അപര്യാപ്തമാണ്. പുതുതായി ഒരു പരിപൂർണ്ണമായ നാഷണലൈസ്ഡ് ബാങ്കിൻെറ ശാഖ ഈ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കണം. ബാങ്ക് വായ്പകൾ സാധാരണക്കാരന് ലഭ്യമാക്കുവാൻ വായ്പാ നയം ഉദാരമാക്കണം.

ഈ ഗ്രാമ പഞ്ചായത്തിൽ 27 സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 5 സ്വകാര്യ ചിട്ടി സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

കേരള ഫിനാൻഷ്യൽ എൻറർപ്രൈസസിൻെറ (K. S. F. E.) ഒരു ശാഖ ഈ പഞ്ചായത്തിൽ സ്ഥാപിക്കണം.

എല്ലാ രംഗത്തും തൊഴിൽ ചെയ്യുന്നവരുടെയും അല്ലാത്തവരുടേയും സേവനം വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി ഒരു തൊഴിൽ സംഘം രൂപീകരിക്കണം.

ഗൾഫിൽ ജോലി ചെയ്യുന്നവരുടെ ഒരു ലിസ്ററ് എടുത്ത് അവരേയും നമ്മുടെ വിഭവ സമ്പത്തിൽ ഉൾക്കൊള്ളിച്ച് വികസന പ്രവർത്തനങ്ങളിൽ അവരേയും പങ്കാളികളാക്കണം. □